# സാന്ത്വനപ്രകാശം

പാലാ രൂപതാ ബുള്ളറ്റിൻ



## നവംബർ 21
## അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ 33– ാം ചരമവാർഷികം

Vol. LXIX November 2019 No. 11



പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ നടന്ന അസാധാരണ പ്രേഷിത സെമിനാർ
മോറാൻ മോർ ബസേലിയോസ് മാർ ക്ലീമിസ് കാതോലിക്കാ ബാവ ഉദ്ഘാടനം ചെയ്യുന്നു.



വാ. കുഞ്ഞച്ചന്റെ തിരുനാളിനോടനുബന്ധിച്ച് രാമപുരത്തുനടന്ന
റാസകുർബാനയും നേർച്ചവെഞ്ചെരിപ്പും



# GOLDEN JUBILEE GREETINGS



Rev. Fr. Kochupurackal Jacob Josten

19. 12. 1969





Rev. Fr. Mulangattil George

19. 12. 1969



Rev. Fr. Niravath George

19. 12. 1969





Rev. Fr. Thalodil Joseph

20. 12. 1969



Rev. Fr. Moolakunnel Alexander

20. 12. 1969



Rev. Fr. Kochuparambil Joseph

23. 12. 1969



Rev. Fr. Narithookkil Kuriakose

17. 05. 1970

# SILVER JUBILEE GREETINGS



Rev. Fr. Punnathanathukunnel Mathew
26. 12. 1994



Rev. Fr. Pulavelil Joseph
27. 12. 1994



Rev. Fr. Kollithanathumalayil Paul
28. 12. 1994





Rev. Fr. Kuttianickal Mathew
29. 12. 1994



Rev. Fr. Moolechalil Thomas
29. 12. 1994

LEAD KINDLY LIGHT

EPARCHY OF PALAI

“നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട്,
സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ.”

(മത്തായി 5: 14–16)

*‘സാന്ത്വനപ്രകാശമേ, നയിച്ചാലും’*

# സാന്ത്വനപ്രകാശം

## പാലാ രൂപതാ ബുള്ളറ്റിൻ

**NOVEMBER 2019**
**Vol. LXIX No. 11**

# CONTENTS

സർക്കുലർ- 259 സെന്റ് ജോസഫ്സ് എഞ്ചിനീയറിംഗ് കോളേജിൽ ........... 999

സർക്കുലർ - 260 കാർഷികമേള ............................ 1000

അറിയിപ്പ് ............................................................ 1004

Collection List ............................................ 1011

Prayer Day List ......................................... 1022

വാർത്തകൾ .......................................................... 1023

അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ........................ 1069

Bishops' Engagements ................................ 1073

സർക്കുലർ 259

# പാലാ സെന്റ് ജോസഫ്സ് എഞ്ചിനീയറിംഗ് കോളേജിൽ മെഗാ എക്സിബിഷനും പ്രോജക്ട് കോമ്പറ്റീഷനും.

പാലാ സെന്റ് ജോസഫ്സ് എഞ്ചിനീയറിംഗ് കോളേജിൽ നവംബർ 28,29,30 തീയതികളിൽ **ടെക്ഫെയർ** എന്ന പേരിൽ ഓപ്പൺ ഹൗസ് എക്സിബിഷൻ നടത്തപ്പെടുന്നു. ഐ.എസ്. ആർ.ഓ., കേരളാ സ്റ്റാർട്ട് അപ്പ് മിഷൻ, തിരുവനന്തപുരം പ്ലാനറ്റോറിയം, കെ.എസ്.ഇ.ബി., മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റ് തുടങ്ങിയ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളുടെയും മറ്റു സ്വകാര്യ സ്ഥാപനങ്ങളുടെയും എക്സിബിഷൻ ടെക് ഫെയറിന്റെ ഭാഗമായി നടത്തപ്പെടുന്നു. ഈ എക്സിബിഷന്റെ ഭാഗമായിത്തന്നെ സ്കൂൾ വിദ്യാർത്ഥികളിലെ സാങ്കേതിക അഭിരുചി വളർത്തുക എന്ന ലക്ഷ്യത്തോടുകൂടി 9 മുതൽ പ്ലസ്ടു വരെയുള്ള വിദ്യാർത്ഥികൾക്കായി നവംബർ 29,30 തീയതികളിലായി **സെന്റ് ജോസഫ്സ് യങ്ങ് ഇന്നവേഷൻ** എന്ന ഓൾ കേരള പ്രോജക്ട് മത്സരം സംഘടിപ്പിക്കുന്നു. ഒരു ലക്ഷത്തോളം രൂപയാണ് സമ്മാനത്തുകയായിട്ടുള്ളത്. ഇതോടൊപ്പം തന്നെ **SJCET ക്വിസ്** എന്ന പേരിൽ അരലക്ഷം രൂപ സമ്മാനത്തുകയുള്ള ഓൾ കേരള ക്വിസ് കോമ്പറ്റീഷൻ പ്ലസ് വൺ, പ്ലസ്ടു വിദ്യാർത്ഥികൾക്കായി നവംബർ 29 ന് കോളേജിൽ വച്ച് നടത്തപ്പെടുന്നു. നവംബർ 28,29,30 എന്നീ ദിവസങ്ങളിൽ എക്സിബിഷൻ കാണുന്നതിന് പൊതുജനത്തിന് പ്രവേശനമുണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷനും വിശദവിവരങ്ങൾക്കുമായി കോളേജ് വെബ്സൈറ്റ് സന്ദർശിക്കുക www.sjcetpalai.ac.in.

സ്നേഹാശംസകളോടെ,

+ Jos Kallarangatt

മെത്രാസനമന്ദിരം

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

പാലാ, 28-10-2019

പാലാ രൂപത മെത്രാൻ

NB: ഈ സർക്കുലർ 2019 നവംബർ 17-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും പരിശുദ്ധ കുർബാന അർപ്പണമുള്ള മഠങ്ങളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

സർക്കുലർ -260

# കാർഷികമേളയും കർഷക സുരക്ഷാനിധിയും

"കാർഷിക സംരംഭങ്ങൾ സുസ്ഥിരവികസനത്തിന്" എന്ന ദർശനവാക്യവുമായി പാലാ രൂപതാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ആറാമത് സംസ്ഥാന കാർഷികമേള ഈ വർഷം നവംബർ 27 മുതൽ ഡിസംബർ 1 വരെ പാലായിൽ സംഘടിപ്പിക്കുന്ന വിവരം ഏറെ സന്തോഷപൂർവ്വം അറിയിക്കട്ടെ.

കാർഷികവൃത്തി ജീവിതമാർഗ്ഗവും സംസ്കാരവുമായി കരുതിപ്പോന്നിരുന്ന അധ്വാനവർഗ്ഗത്തിന്റെ മണ്ണാണ് പാലാ രൂപത. ഭക്ഷ്യവിളകളും സമ്മിശ്ര കൃഷിരീതികളും അവലംബിച്ചു പോന്നിരുന്ന നമ്മുടെ കർഷകസമൂഹം ക്രമേണ നാണ്യവിള കൃഷികളിലേക്കു ചുവടുമാറ്റി. റബർ കൃഷി വ്യാപകമായതോടെ ഇതര കൃഷികളൊക്കെയും തമസ്കരിക്കപ്പെടുകയും കാർഷികവൃത്തിയിൽനിന്ന് വലിയൊരു വിഭാഗം പിൻമാറുകയും ചെയ്തു. നെൽകൃഷിയും മരച്ചീനികൃഷിയും മറ്റു കിഴങ്ങുവർഗ്ഗങ്ങളും ഉപേക്ഷിച്ച് നാണ്യവിളകൃഷിയിൽ നമ്മുടെ കർഷകർ മുന്നേറുന്നതിനിടയിൽ റബറിനുണ്ടായ വിലത്തകർച്ച ഈ മേഖലയിലെ വളർച്ച മുരടിക്കുന്നതിനും സാമ്പത്തികമാന്ദ്യത്തിനും വഴി തുറന്നു. ഇത്തരം ഒരു പശ്ചാത്തലത്തിലാണ് അഞ്ചുവർഷങ്ങൾക്കുമുമ്പ് 'കർഷകബാങ്ക്'എന്ന പേരിൽ നമ്മുടെ രൂപത കർഷക ശാക്തീകരണ പദ്ധതി ആരംഭിച്ചത്. PSWS ന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുപോന്ന സ്വയം സഹായസംഘങ്ങൾ പോലെ 10 മുതൽ 20 വരെ കർഷകർ അംഗങ്ങളായുള്ള 'കർഷകദള' ങ്ങൾ എന്ന പ്രാദേശിക കർഷകകൂട്ടായ്മകൾ രൂപീകരിച്ചുകൊണ്ടാണ് കർഷകബാങ്ക് പ്രവർത്തനം ആരംഭിച്ചത്. നിരവധി ഇടവകകളിൽ കർഷകദ

ളങ്ങളുടെ ഫെഡറേഷനുകൾ നിലവിൽ വരുകയും സ്വാശ്രയസംഘങ്ങളുമായി ചേർന്ന് പ്രാദേശികമായി വിവിധ പരിശീലനപരിപാടികൾ സംഘടിപ്പിക്കുകയുമുണ്ടായി. 18 ഇടവകകളിൽ കർഷക കൂട്ടായ്മകൾക്ക് നബാർഡിൽനിന്ന് ഫാർമേഴ്സ് ക്ലബ് എന്ന അംഗീകാരം ലഭിച്ചതു കൂടാതെ രൂപതയിൽ ആദ്യമായി കാഞ്ഞിരമറ്റത്ത് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി അനുവദിക്കുകയും പ്രവർത്തനം ആരംഭിക്കുകയുമുണ്ടായി.

ഗുണമേന്മയുള്ള സാധനങ്ങൾ ന്യായവിലയ്ക്കു ലഭ്യമാക്കുക എന്നതോടൊപ്പം ഇടനിലക്കാരുടെ ചൂഷണവും അവസാനിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് പാലായിൽ PSWS ന്റെ ആഭിമുഖ്യത്തിൽ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റ് ആരംഭിച്ചത്. കഴിഞ്ഞ മൂന്നു വർഷത്തെ പ്രവർത്തനത്തിലൂടെ കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് മുതൽമുടക്കിനും അദ്ധ്വാനത്തിനും ആനുപാതികമായ വില ലഭിക്കുന്നതിനും മാർക്കറ്റിൽനിന്നും ഗുണമേന്മയുള്ള ഉല്പന്നങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിനും 'അഗ്രിമ'യിലൂടെ സാധിച്ചു.

കാർഷികരംഗത്ത് പുത്തനുണർവ് പ്രദാനം ചെയ്യുവാൻ PSWS ന്റെ നേതൃത്വത്തിൽ INFARM ന്റെയും ഇതര സംഘടനകളുടെയും സഹകരണത്തോടെ സംഘടിപ്പിക്കുന്ന ആറാമത് സംസ്ഥാന കാർഷികമേളയിൽ രൂപതയുടെ എല്ലാ ഫൊറോനകളും ഒരുക്കുന്ന കാർഷികവിളകൾ, ഉല്പന്നങ്ങൾ, പുഷ്പങ്ങൾ, കരകൗശലവസ്തുക്കൾ എന്നിവയുടെ സ്റ്റാളുകളും സർക്കാർ ഡിപ്പാർട്ടുമെന്റുകൾ, പത്രമാധ്യമങ്ങൾ, വ്യാപാരവ്യവസായ സ്ഥാപനങ്ങൾ, കർഷക സംരംഭകർ എന്നിങ്ങനെയുള്ള നൂറിൽപരം പ്രദർശ-വിപണന സ്റ്റാളുകളും ഉണ്ടായിരിക്കുന്നതാണ്. വിവിധ മത്സരങ്ങൾ, സെമിനാറുകൾ, പരിശീലനപരിപാടികൾ, സമ്മേളനങ്ങൾ തുടങ്ങി കലാപരിപാടികൾ വരെ അണിയിച്ചൊരുക്കുന്ന കാർഷികമേള ഒരു വൻ വിജയമാക്കി മാറ്റുന്നതിനാവശ്യമായ പരിശ്രമങ്ങൾ രൂപതാംഗങ്ങളായ എല്ലാവരുടെയും ഭാഗത്തുനിന്നും ഉണ്ടാവണമെന്ന്

അഭ്യർത്ഥിക്കുന്നു. ബഹു. വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ പാരീഷ് കൗൺസിൽ അംഗങ്ങൾ, വിശ്വാസപരിശീലനവിഭാഗം, സ്വാശ്രയസംഘം, കർഷകദളങ്ങൾ, എ.കെ.സി.സി, ഇൻഫാം, എസ്.എം.വൈ.എം, ഡി.സി.എം.എസ്, മാതൃവേദി, പിതൃവേദി, ദീപിക ഫ്രണ്ട്സ് ക്ലബ്, വിൻസെന്റ് ഡി പോൾ സൊസൈറ്റി, മിഷൻലീഗ് തുടങ്ങി എല്ലാ സംഘടനകളും തങ്ങളുടെ സ്റ്റാഫംഗങ്ങളും കാർഷികമേളയുടെ വിജയകരമായ നടത്തിപ്പിന് ആവശ്യമായ പിൻതുണ നൽകണം. എല്ലാ സംഘടനകളും തങ്ങളുടെ മുഴുവൻ അംഗങ്ങളെയും കാർഷികമേളയുടെ പങ്കാളികളും സന്ദർശകരുമാക്കണം. പ്രൊവിൻഷ്യാളമ്മമാരും മദർ സുപ്പീരിയേഴ്സും തങ്ങളുടെ മുഴുവൻ സന്യാസിനീ സഹോദരിമാരെയും മേളയിൽ പറഞ്ഞയയ്ക്കാൻ ശ്രദ്ധിക്കണം. നമ്മുടെ രൂപതയിലെ മുഴുവൻ ആളുകളും പ്രത്യേകിച്ച് വിശ്വാസി സമൂഹം ഒന്നായി കാർഷികമേള സന്ദർശിക്കുകയും ഊർജ്ജം സമ്പാദിക്കുകയും വേണം. നമ്മുടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും തങ്ങളുടെ സ്റ്റാഫംഗങ്ങൾ, വിദ്യാർത്ഥികൾ എന്നിവർ മേള സന്ദർശിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

കാർഷികരംഗത്ത് മുമ്പൊരിക്കലും അഭിമുഖീകരിക്കാത്ത വിധം കടുത്ത വെല്ലുവിളികളാണ് നാം ഇന്നു നേരിടേണ്ടിവരുന്നത്. സർക്കാർ നയങ്ങളും പ്രതികൂല കാലാവസ്ഥയും കർഷകരുടെ വരുമാനത്തിൽ കരിനിഴൽ വീഴ്ത്തുമ്പോൾ അതിവൃഷ്ടിയും പ്രളയവും മണ്ണിടിച്ചിലും മറ്റും കൃഷിഭൂമിതന്നെ ഇല്ലാതാക്കുന്ന സാഹചര്യം സൃഷ്ടിച്ചിരിക്കുന്നു. തുടർച്ചയായി ഉണ്ടായ പ്രളയത്തിൽ ഒരു വലിയ അളവുവരെ നമ്മൾ സംരക്ഷിതരായിരുന്നെങ്കിലും ഭാവി ഏറെ ആശങ്ക ഉയർത്തുന്നതാണ്. കിടപ്പാടവും കൃഷിഭൂമിയും നഷ്ടപ്പെടുന്നവർ ആരൊക്കെയായാലും അവരെ സഹായിക്കാൻ നമുക്ക് ഉത്തരവാദിത്വമുണ്ട്. ആയതിനാൽ നമ്മുടെ രൂപതയ്ക്കുള്ളിൽ അധിവസിക്കുന്ന നാനാജാതി മതസ്ഥരായ കർഷകർക്ക് അത്യാവശ്യഘട്ടങ്ങളിൽ

അടിയന്തിരസഹായം നൽകുവാൻ ലക്ഷ്യംവെച്ചുകൊണ്ട് ഈ വർഷത്തെ കാർഷികമേളയോടനുബന്ധിച്ച് "കർഷക സുരക്ഷാനിധി" രൂപീകരിക്കുകയാണ്. കാർഷികമേളയുടെ വിജയകരമായ സംഘാടനത്തിനും കർഷക സുരക്ഷാനിധി സ്വരൂപിക്കലിനും ഏവരുടെയും പങ്കാളിത്തവും സഹകരണവും ഉണ്ടാവണമെന്ന് അഭ്യർത്ഥിക്കുകയും കാർഷികമേളയിലേക്ക് ഏവരെയും സ്നേഹപൂർവ്വം ക്ഷണിക്കുകയും ചെയ്യുന്നു.

സംസ്ഥാന കാർഷികമേളയിൽ പങ്കാളികളാകുവാനും മേളയുടെ വിജയത്തിനായി പ്രാർത്ഥിക്കുവാനും ഏവരേയും ഉദ്ബോധിപ്പിക്കുന്നു. കാർഷികമേഖലയുടെ മഹത്വം വിളംബരം ചെയ്യുന്ന പുതുതലമുറയെ കാർഷികരംഗത്തേക്ക് ആകർഷിക്കാൻ ലക്ഷ്യം വയ്ക്കുന്ന ആറാമത് കാർഷികമേള കാർഷിക സംസ്കാരത്തിന്റെ വീണ്ടെടുപ്പിനു കാരണമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 28-10-2019

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

NB: ഈ സർക്കുലർ 2019 നവംബർ 24-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും പരിശുദ്ധ കുർബാന അർപ്പണമുള്ള മഠങ്ങളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

# കർഷകയോഗം

## നവം. 20 ബുധനാഴ്ച 2.30 pm ബിഷപ്സ് ഹൗസിൽ

# RCEP കരാറും പ്രാദേശികകാർഷികവിഷയങ്ങളും

പ്രിയ ബഹു. അച്ചാ,

കേന്ദ്രസർക്കാർ ഒപ്പിടാനൊരുങ്ങുന്ന ആർ.സി.ഇ.പി. കരാർ (റീജിയണൽ കോംപ്രിഹെൻസീവ് എക്കോണോമിക് പാർട്ണർഷിപ്പ്) കേരളത്തിലെ കാർഷിക-ചെറുകിട വ്യാപാര വ്യവസായമേഖലകളിൽ സൃഷ്ടിക്കാൻ പോകുന്ന പ്രത്യാഘാതങ്ങൾ, റീസർവ്വേയിലെ അപാകതമൂലം കാഞ്ഞിരപ്പള്ളി, മീനച്ചിൽ താലൂക്കുകളിലെ 13 വില്ലേജുകളിൽപെട്ട നാല്പതിനായിരത്തിലധികം വരുന്ന ചെറുതും വലുതുമായ ഭൂവുടമകൾ നേരിടുന്ന തോട്ടം-പുരയിടം വിഷയം, ഭൂപരിഷ്കരണ നിയമപ്രകാരം ഇടുക്കി, കോട്ടയം ജില്ലകളിലെ പ്രദേശങ്ങളെ ബാധിക്കുന്ന ഭൂവിനിയോഗ ഉത്തരവിലെ ജനവിരുദ്ധത, വന്യമൃഗങ്ങളുടെ കടന്നാക്രമണം, കാർഷികോത്പന്നങ്ങളുടെ വിലയിടിവ്, കാലാവസ്ഥാ വ്യതിയാനം, റബർ മേഖലയുൾപ്പെടെയുള്ള കാർഷികമേഖലയിലെ പ്രതിസന്ധികൾ തുടങ്ങിയവയെപ്പറ്റിയുള്ള വിശദമായ ചർച്ചയ്ക്കും പരിഹാരനടപടികൾക്കുമായി **ബിഷപ്സ് ഹൗസിൽ നവംബർ 20 ബുധനാഴ്ച ഉച്ചകഴിഞ്ഞ് 2.30 pm** ന് കർഷകയോഗം കൂടുന്നു. **അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്** സദസ്സിനെ അഭിസംബോധന ചെയ്യുന്നതാണ്. **ഷെവ. വി.സി. സെബാസ്റ്റ്യൻ** ചർച്ചകൾക്ക് നേതൃത്വം നൽകുന്നു.

ഓരോ ഇടവകയിൽനിന്നും രണ്ട് കർഷകപ്രതിനിധികളെയെങ്കിലും ബഹു. വികാരിയച്ചന്മാർ ഈ യോഗത്തിലേയ്ക്ക് പറഞ്ഞുവിടുന്നത് ഉചിതമാണ്. ബഹു. വൈദികർ ഉൾപ്പെടെ എല്ലാ സുമനസ്സുകൾക്കും സ്വാഗതം.

**മോൺ. ജോസഫ് കുഴിഞ്ഞാലിൽ**
(വികാരി ജനറാൾ)

**ഫാ. ജോസ് തറപ്പേൽ**
(ഇൻഫാം ഡയറക്ടർ)

## ബഹു. വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്

## ഫാദർ ജോൺ ലൂക്ക് തുരുത്തിപ്പള്ളി അവാർഡ്

ഫാദർ ജോൺ ലൂക്ക് തുരുത്തിപ്പള്ളിയുടെ സ്മരണയ്ക്കായി ദൈവാലയശുശ്രൂഷികൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന അവാർഡിനുവേണ്ടി അപേക്ഷ ക്ഷണിക്കുകയാണ്. പതിനായിരം രൂപയും പ്രശസ്തിപത്രവുമാണ് അവാർഡ്. നമ്മുടെ രൂപതയിലെ ദൈവാലയങ്ങളിൽ ശുശ്രൂഷിയായി സ്ഥിരം നിയമനം ലഭിച്ച് അഞ്ച് വർഷമെങ്കിലും പൂർത്തിയാക്കിയവരും 2019 ജനുവരി 01-ന് 25 വയസ് തികഞ്ഞവരുമായ ശുശ്രൂഷികളെയാണ് അവാർഡിനായി പരിഗണിക്കുന്നത്.

ബഹു. വികാരിയച്ചന്മാരാണ് അവാർഡിനായി അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷാഫോറം ആവശ്യമുള്ള ബഹു. വികാരിയച്ചന്മാർ രൂപതാകേന്ദ്രവുമായി നേരിട്ടോ ഫോൺ വഴിയോ 2019 നവംബർ 15-ന് മുമ്പ് ആവശ്യപ്പെടുമല്ലോ. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2019 നവംബർ 25-ന് ആയിരിക്കും.

നിശ്ചിത എണ്ണത്തിൽ കുറവായി അപേക്ഷകൾ ലഭിക്കുകയോ അർഹനായ വ്യക്തിയെ കണ്ടെത്താൻ കഴിയാതെ വരുകയോ ചെയ്താൽ, ഈ വർഷത്തെ അവാർഡ് റദ്ദാക്കാൻ അവാർഡ് കമ്മറ്റിക്ക് ശുപാർശ ചെയ്യുവാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

സ്നേഹപൂർവ്വം,

**മോൺ. ജോസഫ് കുഴിഞ്ഞാലിൽ**
(സിഞ്ചെല്ലൂസ്)

ബിഷപ്സ് ഹൗസ്
പാലാ, 29.10.2019

NB: ഫാ. ജോൺ ലൂക്ക് തുരുത്തിപ്പള്ളി അവാർഡ് സംബന്ധിച്ചുള്ള വിശദവിവരങ്ങൾ സാന്ത്വനപ്രകാശം 1997, 276-281 പേജുകളിൽ കൊടുത്തിട്ടുണ്ട്.

# കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

## പാലാ രൂപത

ഈ കോർപ്പറേറ്റിനു കീഴിൽ 2020-21 വർഷം മുതൽ ഉണ്ടാകുന്ന എൽ.പി. സ്കൂൾ അധ്യാപകരുടേയും, ഹിന്ദി അധ്യാപകരുടെയും അവധി ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് നിർദ്ദിഷ്ട യോഗ്യതയുള്ള, 01-01-2020 ന് 35 വയസു കഴിയാത്ത പാലാ രൂപതയിലെ ഇടവകകളിൽ നിന്നുമുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷക്ഷണിക്കുന്നു. വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം ജനനത്തിയതി, വിദ്യാഭ്യാസ യോഗ്യതകൾ, കെ. ടെറ്റ് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും, ബഹുമാനപ്പെട്ട വികാരിയച്ചന്റെ ശുപാർശക്കത്തും സഹിതം 2019 നവംബർ 19-ന് വൈകുന്നേരം 4 മണിക്ക് മുമ്പായി കോർപ്പറേറ്റ് ഓഫീസിൽ എത്തിക്കേണ്ടതാണ്.

കോർപ്പറേറ്റ് സെക്രട്ടറി

**റവ. ഫാ. ബർക്കുമാൻസ് കുന്നുംപുറം**

(ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഇതു പള്ളിയിൽ അറിയിക്കണമെന്ന് അപേക്ഷിക്കുന്നു.)

# വൈദികരുടെ ശ്രദ്ധയ്ക്ക്

## പ്രസ്ബിത്തേരിയം

പ്രിയ ബഹു. അച്ചാ,

നമ്മുടെ അടുത്ത വൈദിക സമ്മേളനം (പ്രസ്ബിത്തേരിയം) **ഡിസംബർ 12-ാം തീയതി വ്യാഴാഴ്ച രാവിലെ 10.30 ന് പാലാ സെന്റ് അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ** വച്ചു കൂടുകയാണ്. പ്രധാനമായും Christmas get together ആയിട്ടാണ് ഉദ്ദേശിക്കുന്നത്. പ്രസ്ബിത്തേരിയത്തിൽ നിന്ന് ഒരു കാരണ വശാലും ഒഴിവാകരുത് എന്നു പ്രത്യേകം ഓർമ്മപ്പെടുത്തട്ടെ. അന്നേദിവസം മറ്റെന്തെങ്കിലും പ്രോഗ്രാം ഉണ്ടെങ്കിൽ അത് മുൻകൂട്ടി ക്രമീകരിക്കുമല്ലോ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt


മെത്രാസനമന്ദിരം, പാലാ
29-10-2019

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

## സീറോ-മലബാർ

## ആരാധനക്രമ കലണ്ടറും പഞ്ചാംഗവും 2019 - 20

2019 - 20 ലെ ആരാധനക്രമ കലണ്ടർ, പഞ്ചാംഗം എന്നിവ പാലാ സെന്റ് തോമസ് പ്രസ്സ് - ബുക്ക് സ്റ്റാളിൽ ലഭിക്കുന്നതാണ്.



# മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ 34-ാം ചരമവാർഷികം

അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവ് നമ്മെ വിട്ടുപിരിഞ്ഞിട്ട് **2020 നവംബർ 21-ാം തീയതി 34 വർഷം** പൂർത്തിയാവുകയാണ്. നവംബർ 21-ാം തീയതി ശനിയാഴ്ച രാവിലെ 7-ന് പാലാ കത്തീഡ്രൽ ദൈവാലയത്തിൽവച്ച് പരി. കുർബാനയും കബറിടത്തിങ്കൽ ഒപ്പീസും ഉണ്ടായിരിക്കുന്നതാണ്. അന്നേദിവസം നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും അഭിവന്ദ്യ പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

പാലാ രൂപത മെത്രാൻ

**പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ 2019 ഡിസംബർ 1 (ഞായർ) - ഹാപ്പി ഫാമിലി മീറ്റ് (4 കുട്ടികളും അതിൽ കൂടുതലുമുള്ള 55 വയസ്സിൽ താഴെയുള്ള മാതാപിതാക്കളുടെയും കുട്ടികളുടെയും സംഗമം)**_ഉച്ചകഴിഞ്ഞ് 2.00 മുതൽ 5.00 വരെ പാലാ കത്തീഡ്രൽ പാരീഷ് ഹാളിൽ വച്ച് നടത്തപ്പെടുന്നതാണ്. ബഹുമാനപ്പെട്ട അച്ചൻ വിശുദ്ധ കുർബാന മധ്യേ ഈ സംഗമത്തെക്കുറിച്ച് അറിയിക്കുമല്ലോ.

**റവ. ഡോ. അബ്രഹാം പാലയ്ക്കത്തടത്തിൽ**
(ഡയറക്ടർ)



# പാലാ ഹോം പ്രോജക്ടിൽ നിന്നും ഈ മാസം സാമ്പത്തിക സഹായം ലഭിച്ചവർ

| | | |
|---|---|---|
| 1. ത്രേസ്യാമ്മ വർക്കി പള്ളിപ്പറമ്പിൽ, തോടനാൽ | – | 25000 |
| 2. ജോയി കളപ്പുരപ്പറമ്പിൽ, തോടനാൽ | – | 50000 |
| 3. ലിസി ബേബി പള്ളിത്താഴെ, മണലുങ്കൽ | – | 50000 |
| 4. മറിയം മാത്യു പാറയോലിക്കൽ, മണലുങ്കൽ | – | 20000 |
| 5. ലിസി ജോൺ മീൻതത്തിയിൽ, മണലുങ്കൽ | – | 15000 |
| 6. റ്റോമി കെ. എൽ. കുന്നൂർ, ഇടപ്പാടി | – | 30000 |
| 7. ഗ്രേസി തോമസ് പനയ്ക്കപ്പറമ്പിൽ, ഇടപ്പാടി | – | 15000 |
| 8. മായാ രാജൻ, ഇടപ്പാടി | – | 20000 |
| 9. ജോബി തോമസ് വാകാനിപ്പറമ്പിൽ, ഇടപ്പാടി | – | 40000 |
| 10. മേരി തോമസ് കളരിപ്പറമ്പിൽ, ഇടമറ്റം | – | 25000 |
| 11. ചിന്നമ്മ തോമസ് വെട്ടിമറ്റം, ഇടമറ്റം | – | 30000 |
| 12. മിനി ഷൈജു കഴുവാനിക്കുന്നേൽ, ഇടമറ്റം | – | 40000 |
| 13. റോയി ആന്റണി തെക്കേകുമ്പളന്താനത്ത്, ഇടമറ്റം | – | 40000 |
| 14. ആനിയമ്മ ഇരിയാനിക്കൽ, കത്തീഡ്രൽ | – | 50000 |
| 15. ഓമന പുരുഷോത്തമൻ കളരിക്കൽ, കത്തീഡ്രൽ | – | 50000 |
| 16. സുഭാഷ് ജോസഫ് പൂവത്തോലിക്കുഴിയിൽ, ഇടമറുക് | – | 50000 |
| 17. ജോസഫ് കെ.ഐ. കുന്നത്ത്, ഇടമറുക് | – | 50000 |
| 18. ജോസ് കെ.കെ കുരിശുംതൊട്ടിയിൽ, പിറവം | – | 75000 |
| 19. സണ്ണി പാറയോലിക്കൽ, മണലുങ്കൽ | – | 50000 |
| 20. മഞ്ജു ബിനേഷ് കാരാങ്കൽ, കത്തീഡ്രൽ | – | 50000 |

## പാലാ ഹോം പ്രോജക്ടിനു സാമ്പത്തിക സഹായം നൽകിയവർ

| | | |
|---|---|---|
| 1. പാലാ കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസി | – | 250000 |
| 2. മോൺ. പോൾ പള്ളത്ത് | – | 500000 |

## പാലാ ഹോം പ്രോജക്ടിൽ ഈ മാസം പണി പൂർത്തിയായ വീടുകൾ

1. ലൗലി ജോയി വഴക്കുഴ, കൂട്ടിക്കൽ
2. ആനിയമ്മ ഇരിയാനിക്കൽ, കത്തീഡ്രൽ
3. ഓമന പുരുഷോത്തമൻ കളരിക്കൽ, കത്തീഡ്രൽ

**ഫാ. തോമസ് വാലുമ്മേൽ**
ഡയറക്ടർ

**മോൺ. ജോസഫ് കുഴിഞ്ഞാലിൽ**
കോർഡിനേറ്റർ

# COLLECTION LIST

| PARISH | HOLY LAND | HUNGER AND DISEASE | MASS MEDIA | PETERS PENCE | MATHRU DINAM | A.K.C.C. FUND |
|---|---|---|---|---|---|---|
| ADIVARAM | 3300.00 | 1300.00 | 1000.00 | 1100.00 | 1015.00 | 1095.00 |
| ADUKAM | 3730.00 | | 700.00 | 850.00 | 0.00 | 700.00 |
| AIMCOMBU | 4069.00 | | | | 0.00 | 0.00 |
| ALPHONSAGIRI | 4300.00 | 3000.00 | | 2100.00 | 0.00 | 500.00 |
| ALPHONSAPURAM | 4001.00 | 4001.00 | 1501.00 | 1938.00 | 2501.00 | 2501.00 |
| AMPARANIRAPPEL | 5357.00 | 1000.00 | 1130.00 | 1250.00 | 1529.00 | 0.00 |
| ANTHIALAM | 5300.00 | 3550.00 | | | 0.00 | 0.00 |
| ANTHINADU | 3100.00 | 700.00 | 1000.00 | 1000.00 | 1000.00 | 1000.00 |
| ARAKULAM NEW | 7086.00 | 2000.00 | 2000.00 | 4500.00 | 2000.00 | 1500.00 |
| ARUNAPURAM | 2000.00 | 1000.00 | 1500.00 | 2000.00 | 2500.00 | 1500.00 |
| ARUNOOTTIMANGALAM | 10517.00 | 1000.00 | | | 0.00 | 1000.00 |
| ARUVITHURA | 42760.00 | 30530.00 | 27200.00 | 32325.00 | 28770.00 | 26720.00 |
| AYYAMPARA | 4000.00 | 1100.00 | 850.00 | 950.00 | 850.00 | 1217.00 |

| | | | | | | |
|---|---|---|---|---|---|---|
| BHARANANGANAM FORANE | 40700.00 | 36000.00 | 19700.00 | 310000 | 23000.00 | 22300.00 |
| CHAKKAMPUZHA | 2700.00 | 1700.00 | 1500.00 | 2250.00 | 1500.00 | 0.00 |
| CHEMMALAMATTAM | 19480.00 | 27210.00 | 3000.00 | 19530.00 | 3400.00 | 3000.00 |
| CHEMPILAVU | 2070.00 | 1236.00 | 280.00 | 260.00 | 200.00 | 200.00 |
| CHENNAD | 9600.00 | 9820.00 | 1500.00 | 2500.00 | 2000.00 | 1000.00 |
| CHERPUMKAL FORANE | 55000.00 | 30000.00 | 12000.00 | 25000.00 | 13000.00 | 0.00 |
| CHETTUTHODU | 6042.00 | 2000.00 | 1450.00 | 1500.00 | 2220.00 | 1000.00 |
| CHITTAR | 3500.00 | 1500.00 | 1000.00 | 1500.00 | 1000.00 | 0.00 |
| CHOLATHADAM | 300.00 | 300.00 | 240.00 | 260.00 | 300.00 | 300.00 |
| CHOONDACHERY | 1368.00 | 700.00 | 860.00 | 640.00 | 700.00 | 860.00 |
| EDADU | 500.00 | 1000.00 | | | 400.00 | 300.00 |
| EDAMARUKU | 10425.00 | 2300.00 | 1477.00 | 2054.00 | 0.00 | 2590.00 |
| EDAPPADY | 5500.00 | 2000.00 | 1000.00 | 2000.00 | 1000.00 | 1000.00 |
| ELAMTHOTTAM | 7887.00 | 6912.00 | 6126.00 | 6114.00 | 0.00 | 0.00 |
| ELANJI FORANE | 15720.00 | 4500.00 | 4800.00 | 6750.00 | 5200.00 | 8000.00 |
| ELAPPALLY | 3634.00 | 800.00 | 490.00 | 400.00 | 350.00 | 420.00 |

| | | | | | | |
|---|---|---|---|---|---|---|
| EZHACHERRY | 2600.00 | | | | 1600.00 | 0.00 |
| FATHIMAPURAM | | 15000.00 | 1250.00 | 2000.00 | 1500.00 | 0.00 |
| GAGULTHA | 2050.00 | 1525.00 | 1273.00 | | 1425.00 | 2000.00 |
| GEOVALLY | 8995.00 | 2410.00 | 3250.00 | 2050.00 | 1500.00 | 1200.00 |
| IDAMATTAM | 10151.00 | 1500.00 | 1500.00 | 2000.00 | 2000.00 | 0.00 |
| JAIGIRI | 1500.00 | 700.00 | | 600.00 | 500.00 | 500.00 |
| JOSE MOUNT | 2000.00 | 950.00 | 830.00 | | 1000.00 | 850.00 |
| JOSEGIRI | 5250.00 | 750.00 | 700.00 | 500.00 | 700.00 | 650.00 |
| KADANAD | 24069.00 | 5700.00 | 1900.00 | 3700.00 | 1300.00 | 2300.00 |
| KADAPLAMATTAM | 8000.00 | 7000.00 | 4320.00 | 4785.00 | 4200.00 | 0.00 |
| KADUTHURUTHY | 38625.00 | 20650.00 | 3100.00 | 4300.00 | 4600.00 | 3200.00 |
| KAIPPALLY | 1000.00 | 500.00 | 500.00 | 500.00 | 500.00 | 500.00 |
| KAKKOOR | 8000.00 | 2500.00 | 2000.00 | 2000.00 | 2000.00 | 2000.00 |
| KAKOMBU | 2000.00 | 1500.00 | 600.00 | 1200.00 | 800.00 | 500.00 |
| KALATHOOKADAVU | 6000.00 | 4500.00 | 2000.00 | 4500.00 | 2250.00 | 2000.00 |
| KALATHOOR | 3500.00 | 4000.00 | 2000.00 | 2500.00 | 1500.00 | 2500.00 |

| | | | | | | |
|---|---|---|---|---|---|---|
| KALIKAVU | 15058.00 | 15914.00 | 4000.00 | 9000.00 | 5000.00 | 2000.00 |
| KANJIRAMATTAM | 11178.00 | 8000.00 | 3587.00 | 4500.00 | 0.00 | 4500.00 |
| KANJIRATHANAM | 23529.00 | 6000.00 | | | 3500.00 | 4000.00 |
| KARIMPANY | 1000.00 | 2000.00 | | | 1000.00 | 1000.00 |
| KAROOR | 9220.00 | | 2050.00 | 2000.00 | 2100.00 | 0.00 |
| KATTAMPAK | 3500.00 | 2500.00 | | | 0.00 | 0.00 |
| KAVALY | 1245.00 | 300.00 | | | 0.00 | 0.00 |
| KAVEEKUNNU | 11440.00 | 4410.00 | 750.00 | 2505.00 | 800.00 | 700.00 |
| KAVUMKANDAM | 4780.00 | 1250.00 | 3209.00 | 3270.00 | 0.00 | 0.00 |
| KAYYOOR | | 270.00 | | | 0.00 | 0.00 |
| KEEZHOOR | 8500.00 | 2100.00 | 2000.00 | 2000.00 | 2100.00 | 2100.00 |
| KIZHAPARAYAR | 2000.00 | 3000.00 | 1000.00 | 2000.00 | 0.00 | 0.00 |
| KIZHATHADIYOOR, | 16895.00 | 13887.00 | 9427.00 | 5201.00 | 8215.00 | 0.00 |
| KONDAD | 5000.00 | 2000.00 | 300.00 | 500.00 | 300.00 | 300.00 |
| KOODALLOOR | 12000.00 | 1500.00 | | | 0.00 | 4000.00 |
| KOOTTIKAL | 8410.00 | 9120.00 | 5350.00 | 6310.00 | 3000.00 | 1500.00 |

| | | | | | | |
|---|---|---|---|---|---|---|
| KOTHANALLOOR | 26470.00 | 4000.00 | 3000.00 | 6000.00 | 7000.00 | 5000.00 |
| KOZHUVANAL | 8100.00 | 7777.00 | 2002.00 | 6006.00 | 6006.00 | 4004.00 |
| KUDAKKACHIRA | 10000.00 | 10000.00 | 5651.00 | 10880.00 | 5760.00 | 0.00 |
| KUDAYATHOOR | 3200.00 | | 1300.00 | 1300.00 | 0.00 | 0.00 |
| KULAMAVU | 2000.00 | 500.00 | | | 500.00 | 500.00 |
| KUNNONNI | 4000.00 | 750.00 | 600.00 | 700.00 | 600.00 | 1200.00 |
| KURAVILANGAD | 78200.00 | 20220.00 | 20580.00 | 27200.00 | 24488.00 | 22790.00 |
| KURICHITHANAM | 10883.00 | 5000.00 | 1000.00 | 2000.00 | 1000.00 | 1000.00 |
| KURINJI | 5000.00 | 1000.00 | 1200.00 | 700.00 | 400.00 | 400.00 |
| KURUMANNU | 5870.00 | 900.00 | 1100.00 | 2100.00 | 0.00 | 1000.00 |
| KURUVINAL | 4000.00 | 500.00 | 500.00 | 1000.00 | 500.00 | 500.00 |
| LALAM NEW PALAI | 13406.00 | 11119.00 | 8200.00 | 9555.00 | 7430.00 | 0.00 |
| LALAM OLD PALAI | 28950.00 | 16140.00 | 15880.00 | 14950.00 | 15650.00 | 15420.00 |
| LOURDES MOUNT | 800.00 | 200.00 | | | 0.00 | 200.00 |
| MALAPURAM | 8224.00 | 550.00 | 600.00 | 750.00 | 1130.00 | 525.00 |
| MALAYINCHIPARA | 2000.00 | 1000.00 | 1800.00 | 2003.00 | 1500.00 | 500.00 |

| | | | | | | |
|---|---|---|---|---|---|---|
| MALLIKASSERY | 2190.00 | 600.00 | 600.00 | 600.00 | 600.00 | 600.00 |
| MANALUMKAL | 5200.00 | 5100.00 | 1050.00 | 4000.00 | 1000.00 | 900.00 |
| MANATHOOR | 8094.00 | 5000.00 | 2500.00 | 11068.00 | 4000.00 | 3000.00 |
| MANGALAGIRI | 1270.00 | 500.00 | 400.00 | 700.00 | 500.00 | 400.00 |
| MANGALARAM | 1000.00 | 1500.00 | 750.00 | 600.00 | 1250.00 | 500.00 |
| MANIAMKULAM | 1000.00 | 750.00 | 600.00 | 600.00 | 500.00 | 200.00 |
| MANIAMKUNNU | 7810.00 | 5420.00 | 2820.00 | 2125.00 | 2330.00 | 0.00 |
| MANJAMATTAM | 2500.00 | 900.00 | 500.00 | 750.00 | 850.00 | 500.00 |
| MANNACKANAD | 5000.00 | 800.00 | 700.00 | 700.00 | 800.00 | 700.00 |
| MANNAR | 11761.00 | | | | 0.00 | 0.00 |
| MANNARAPPARA | 11100.00 | 8325.00 | 7775.00 | 9585.00 | 8908.00 | 5200.00 |
| MANVETTAM | 16200.00 | 17100.00 | 5000.00 | 20000.00 | 0.00 | 8000.00 |
| MARANGATTUPALLY | 4250.00 | 5947.00 | 3170.00 | 3504.00 | 3263.00 | 2779.00 |
| MARANGOLY | 5032.00 | 600.00 | 600.00 | 1036.00 | 625.00 | 625.00 |
| MARYLAND | 5000.00 | 4000.00 | 1000.00 | 3500.00 | 1200.00 | 1300.00 |
| MATTAKKARA | 11170.00 | 850.00 | 800.00 | 800.00 | 987.00 | 850.00 |

| | | | | | | |
|---|---|---|---|---|---|---|
| MAVADY | 5700.00 | | 900.00 | 1000.00 | 700.00 | 800.00 |
| MEENACHIL | 7330.00 | 770.00 | 2050.00 | 2200.00 | 0.00 | 760.00 |
| MELUKAVUMATTAM | 6000.00 | 3000.00 | 1000.00 | 1580.00 | 1550.00 | 1000.00 |
| MEVIDA | 3220.00 | 500.00 | | | 0.00 | 380.00 |
| MONIPPALLY | 12000.00 | 3500.00 | | | 2000.00 | 2000.00 |
| MOOLAMATTAM | 11200.00 | 31500.00 | 2000.00 | 21500.00 | 2000.00 | 0.00 |
| MOONNANI | 1701.00 | | | | 0.00 | 165.00 |
| MOONNILAVU | 21000.00 | 1000.00 | 1000.00 | | 1000.00 | 1000.00 |
| MOOZHOOR | 13700.00 | 1000.00 | | | 0.00 | 1000.00 |
| MULAKULAM | 5910.00 | 900.00 | 560.00 | 630.00 | 600.00 | 620.00 |
| MUNDANKAL | 10340.00 | 5000.00 | 4970.00 | 5250.00 | 5570.00 | 0.00 |
| MUTHOLAPURAM | 13740.00 | 23992.00 | 5000.00 | 4000.00 | 5000.00 | 5000.00 |
| MUTHOLY | 3200.00 | 1000.00 | 2199.00 | 2052.00 | 0.00 | 650.00 |
| MUTTUCHIRA FORANE | 22280.00 | 31080.00 | 4000.00 | 8100.00 | 0.00 | 0.00 |
| NAMBIAKULAM | 12280.00 | 4000.00 | | | 0.00 | 0.00 |
| NARIANGANAM | 3000.00 | 3000.00 | 300.00 | 500.00 | 200.00 | 300.00 |

| | | | | | | |
|---|---|---|---|---|---|---|
| NEELOOR | 2500.00 | 1500.00 | 600.00 | 600.00 | 600.00 | 0.00 |
| NEERANTHANAM | 9060.00 | 5720.00 | 2513.00 | 2200.00 | 4180.00 | 2403.00 |
| NELLAPPARA | 1111.00 | 400.00 | 333.00 | 333.00 | 333.00 | 333.00 |
| NELLIANI | 6840.00 | 1400.00 | 1000.00 | 1775.00 | 1150.00 | 1200.00 |
| PADUVA | 8925.00 | 6546.00 | 5718.00 | 4959.00 | 3800.00 | 4128.00 |
| PAIKA | 10920.00 | 20435.00 | 5000.00 | 7000.00 | 4000.00 | 5000.00 |
| PAINGULAM | 7660.00 | 3500.00 | | 2000.00 | 2660.00 | 0.00 |
| PALAI CATHEDRAL | 25000.00 | 10000.00 | 2500.00 | 2000 | 2000.00 | 2000.00 |
| PALAKAD | 4100.00 | 2350.00 | 2250.00 | 2900.00 | 2300.00 | 2400.00 |
| PALAKATTUMALA | 4870.00 | 750.00 | 3216.00 | 3616.00 | 3225.00 | 900.00 |
| PALAYAM | 4000.00 | 3700.00 | 3136.00 | 2926.00 | 3000.00 | 0.00 |
| PARATHANAM | 12694.00 | 6000.00 | | | 1300.00 | 9015.00 |
| PAYYANITHOTTAM | 400.00 | 400.00 | 250.00 | 250.00 | 300.00 | 300.00 |
| PERIAPURAM | 5000.00 | 1000.00 | | | 0.00 | 500.00 |
| PERINGULAM | 4000.00 | 5000.00 | 2500.00 | 2000.00 | 2000.00 | 2000.00 |
| PERUMTHURUTH | 750.00 | 500.00 | | | 500.00 | 500.00 |

| | | | | | | |
|---|---|---|---|---|---|---|
| PIRAVOM | 6151.00 | 1300.00 | 1200.00 | 1150.00 | 1250.00 | 1000.00 |
| PIUSMOUNT | 9988.00 | 600.00 | 600.00 | 500.00 | 500.00 | 450.00 |
| PLASSANAL | 7358.00 | 4758.00 | 3204.00 | 3739.00 | 3086.00 | 0.00 |
| POONJAR | 7000.00 | 8000.00 | 4100.00 | 4500.00 | 3300.00 | 1200.00 |
| POOVAKULAM | 2849.00 | 511.00 | 510.00 | 501.00 | 512.00 | 500.00 |
| POOVARANY | 10000.00 | 2500.00 | 7000.00 | 3100.00 | 1000.00 | 800.00 |
| POOVATHODU | 8600.00 | 3020.00 | 2100.00 | 3027.00 | 2100.00 | 2400.00 |
| POOZHIKOL | 3750.00 | 3855.00 | 2256.00 | 2740.00 | 2350.00 | 3700.00 |
| PRAVITHANAM | 15400.00 | 5100.00 | 3800.00 | | 0.00 | 4200.00 |
| RAMAPURAM | 5000.00 | 2000.00 | 2000.00 | | 2000.00 | 5000.00 |
| RATNAGIRI | 9500.00 | | | | 0.00 | 0.00 |
| SANTHIGIRI. | 868.00 | | 516.00 | 667.00 | 1162.00 | 651.00 |
| SANTHIPURAM | 1000.00 | 700.00 | 500.00 | 1000.00 | 500.00 | 500.00 |
| SIBIGIRI | 13900.00 | 2000.00 | 1000.00 | 1000.00 | 1000.00 | 1000.00 |
| SLIVAPURAM | 1000.00 | 1200.00 | 600.00 | 1000.00 | 800.00 | 500.00 |
| TEEKOY | 22486.00 | | 6255.00 | 10215.00 | 0.00 | 0.00 |

| | | | | | | |
|---|---|---|---|---|---|---|
| THAKADI | 500.00 | 500.00 | 300.00 | | 300.00 | 400.00 |
| THIDANAD | 10000.00 | 7800.00 | 8000.00 | 7900.00 | 8000.00 | 8500.00 |
| THIRUMARADY | 1000.00 | 600.00 | | | 0.00 | 500.00 |
| THODANAL | 12298.00 | 2203.00 | 2120.00 | 2315.00 | 2100.00 | 2250.00 |
| THUDANGANAD FORANE | 8100.00 | 2800.00 | 1750.00 | | 1700.00 | 1800.00 |
| THURUTHIPALLY | 3800.00 | 1500.00 | 500.00 | 1100.00 | 900.00 | 0.00 |
| UDAYAGIRI | 1500.00 | 800.00 | | | 600.00 | 500.00 |
| ULLANAD | 7565.00 | 2310.00 | 1925.00 | 2230.00 | 1826.00 | 1850.00 |
| URULIKUNNAM | 7000.00 | 1000.00 | 1200.00 | 2000.00 | 1500.00 | 1000.00 |
| URUMPUKAVU | 8000.00 | | 2000.00 | 5000.00 | 2500.00 | 0.00 |
| VADAKARA | 8052.00 | 1000.00 | | | 0.00 | 0.00 |
| VAGAMON | 1500.00 | 1500.00 | | | 1200.00 | 1000.00 |
| VAKAKKAD | 6883.00 | 1534.00 | 1497.00 | 2006.00 | 1387.00 | 791.00 |
| VAKKAD | 4000.00 | 487.00 | 445.00 | 323.00 | 430.00 | 450.00 |
| VALACHIRA | 4000.00 | 1500.00 | 800.00 | 1000.00 | 1000.00 | 1000.00 |
| VALAVOOR | 8100.00 | 7000.00 | 4100.00 | 4300.00 | 0.00 | 4200.00 |

| | | | | | | |
|---|---|---|---|---|---|---|
| VARIANIKKAD | 1500.00 | 1200.00 | | | 0.00 | 1250.00 |
| VAYALA | 4600.00 | 4099.00 | 4134.00 | 4517.00 | 2250.00 | 3000.00 |
| VEDAGIRI, | 4715.00 | 500.00 | 2000.00 | 2000.00 | 500.00 | 500.00 |
| VELANILAM | 19714.00 | 500.00 | 500.00 | 1000.00 | 500.00 | 500.00 |
| VELLIAMATTAM | 1300.00 | 1150.00 | 2500.00 | 2500.00 | 0.00 | 1050.00 |
| VELLIKULAM | 6402.00 | | | | 0.00 | 0.00 |
| VEZHAGANAM | 5717.00 | 250.00 | 240.00 | 230.00 | 0.00 | 260.00 |
| VILAKUMADAM | 9594.00 | 3524.00 | 3250.00 | 1500.00 | 3750.00 | 1200.00 |
| VIMALAGIRI | 4029.00 | 850.00 | | | 1021.00 | 650.00 |
| XAVIERPURAM | 4660.00 | 690.00 | 740.00 | 870.00 | 0.00 | 1010.00 |
| YENTHAYAR | 5000.00 | 4000.00 | | | 0.00 | 0.00 |
| VALAKKATTUKUNNU CH | 1600.00 | 500.00 | 600.00 | 750.00 | 600.00 | 500.00 |
| KALLOORKULAM CONVENT CHAPEL | 3000.00 | | | | 0.00 | 0.00 |
| HGM HOSPITAL MUTTUCHIRA | 1530.00 | | | | 0.00 | 0.00 |

# List of Very/ Rev. Fathers to observe Prayer Day and to officiate Ramsa at Bharananganam

| | |
|---|---|
| Vayalil James | November 9 |
| Vayalil Joseph | 10 |
| Vayaliparambil George | 11 |
| Vazhacharickal Thomas | 12 |
| Vazhakkapara Joseph | 13 |
| Vazhakkaparayil Mathew | 14 |
| Vazhayil Antony | 15 |
| Vechoor Dominic | 16 |
| Vedikunnel Thomas | 17 |
| Vekathanam Scaria | 18 |
| Velamparambil Cyriac | 19 |
| Vellachalil Kuriakose | 20 |
| Vellamaruthumkal Jacob | 21 |
| Vellaplackil George | 22 |
| Vellilamthadam Mani | 23 |
| Velooparambil George | 24 |
| Vengaloor Mathew | 25 |
| Vengathanam Mathew | 26 |
| Vennaipallil James | 27 |
| Vennayapallil Mathew | 28 |
| Vethanath Sebastian | 29 |
| Vettathel Joseph | 30 |
| Vettikuzhichalil Xavier | December 1 |
| Vettonickal Joseph | 2 |
| Vettukallel George | 3 |
| Vettukallel James | 4 |
| Vettukallel Mathew | 5 |
| Vettukallel Sebastian | 6 |
| Vettukkattil Thomas | 7 |
| Vilakkunnel Joseph | 8 |




# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**1. കബറിടം സന്ദർശിച്ച വിശിഷ്ട വ്യക്തികൾ**

ബിഷപ്പ് ജെയിംസ് ആനാംപറമ്പിൽ ആലപ്പുഴ രൂപതാമെത്രാൻ

**2. വി. അൽഫോൻസാ തീർത്ഥാടനം**

കാഞ്ഞിരപ്പള്ളി രൂപതയിലെ കരിസ്മാറ്റിക് നവീകരണപ്രസ്ഥാനത്തിന്റെ ഭാഗമായി 1500 പേർ വി. അൽഫോൻസാമ്മയുടെ കബറിടത്തിങ്കലേയ്ക്ക് ഒക്ടോബർ 2-ന് തീർത്ഥാടനം നടത്തി.

**3. അൽഫോൻസാമ്മയുടെ വിശുദ്ധപദപ്രഖ്യാപന അനുസ്മരണം**

വി. അൽഫോൻസാമ്മയുടെ വിശുദ്ധ പ്രഖ്യാപനത്തിന്റെ 12-ാം വാർഷികദിനമായ ഒക്ടോബർ 12 ന് വൈകിട്ട് 5 മണിക്ക് കാഞ്ഞിരപ്പള്ളി രൂപതാ വികാരി ജനറാൾ മോൺ ജസ്റ്റിൻ പഴയപറമ്പിൽ ആഘോഷമായ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് ജപമാല മെഴുകുതിരിപ്രദക്ഷിണവും നടത്തപ്പെട്ടു.

**4. വോളന്റിയേഴ്സ് ഡേ ആഘോഷം**

ഒക്ടോബർ 15-ന് വി. അൽഫോൻസാതീർത്ഥാടനകേന്ദ്രത്തിൽ വോളന്റിയേഴ്സ് ഡേ ആഘോഷിച്ചു. റവ.ഫാ. ജോസ് വള്ളോംപുരയിടത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. ഡോ. സാബു ഡി മാത്യു വോളന്റിയേഴ്സിന് ക്ലാസു നയിച്ചു. വോളന്റിയേഴ്സ് ഡേ യുടെ ഭാഗമായി മൈക്കിൾ ഔസേപ്പറമ്പിൽ അച്ചന്റെ മാജിക് ഷോയും ഉണ്ടായിരുന്നു.

**5. ശനിയാഴ്ചകളിലെ വി. കുർബാനകൾ**

ശനിയാഴ്ച വൈകുന്നേരം 5 മണിക്കുള്ള ആഘോഷമായ വി. കുർബാനയ്ക്കും ജപമാലമെഴുകുതിരി പ്രദക്ഷിണത്തിനും നേതൃത്വം നൽകിയവർ

5.10.2019 ഫാ. ചെറിയാൻ മൂലയിൽ
12.10.2019 മോൺ. ജസ്റ്റിൻ പഴയപറമ്പിൽ
19.10.2019 ഫാ. റിന്റു മണ്ണൂർ ഒ.എഫ്.എം. (ക്യാപ്പ്)
26.10.2019 ഫാ. ജോൺ പാലിത്തോട്ടം

**6. രോഗീദിന പ്രാർത്ഥന**

പാലാ ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യത്തിൽ നടത്തിയ രാത്രി ആരാധനയ്ക്ക് ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ നേതൃത്വം നൽകി. ഫാ. റെജി മുട്ടത്ത് (ഒ.എസ്.എച്ച്.) വചനസന്ദേശം നൽകി.

**7.** എം.എം.റ്റി ഫാദേഴ്സിന്റെ ഓൺ ഗോയിംഗ് ഫോർമേഷന്റെ ഭാഗമായി 50 ഓളം വൈദികർ വി. അൽഫോൻസാമ്മയുടെ സവിധത്തിൽ വി. കുർബാനയർപ്പിച്ച് പ്രാർത്ഥിച്ചു.

**ഫാ. ജോസ് വള്ളോംപുരയിടം** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. പാലാ രൂപത കലോത്സവം**

പാലാ രൂപത കലോത്സവം 2019 ഒക്ടോബർ 12 ശനിയാഴ്ച ചേർപ്പുങ്കൽ ഹോളിക്രോസ് എച്ച്.എസ്.എസിൽ വച്ച് നടന്നു. ആദ്യസ്ഥാനങ്ങൾ കരസ്ഥമാക്കിയ സൺഡേസ്കൂളുകൾ.

| | A വിഭാഗം | B വിഭാഗം | C വിഭാഗം |
|---|---|---|---|
| I[st] | ഗാഗുൽത്താ | കാഞ്ഞിരത്താനം | തീക്കോയി |
| 2[nd] | മുണ്ടാങ്കൽ | അറുനൂറ്റിമംഗലം | പാലാ കത്തീഡ്രൽ |
| 3[rd] | കൂട്ടിക്കൽ | മേലുകാവുമറ്റം | കുറവിലങ്ങാട് |

**2. വിശ്വാസപരിശീലന ഒന്നാംടേം പരീക്ഷ**

വിശ്വാസപരിശീലനം ഒന്നാംടേം പരീക്ഷ 2019 ഒക്ടോബർ 20 ഞായറാഴ്ച നടത്തപ്പെട്ടു.

**3. വിചിന്തനം ക്യാമ്പ്**

ഈ വർഷം പത്താം ക്ലാസ്സിൽ വിശ്വാസപരിശീലനം നടത്തുന്ന കുട്ടികൾക്കായുള്ള വിചിന്തനം ക്യാമ്പ് 2019 ഒക്ടോബർ 26 ശനിയാഴ്ച നടത്തപ്പെട്ട ക്യാമ്പോടുകൂടി സമാപിച്ചു. 18 ബാച്ചുകളായി നടത്തപ്പെട്ട ക്യാമ്പിൽ മൂവായിരത്തി എഴുന്നൂറോളം കുട്ടികൾ പങ്കെടുത്തു.

**4. സൺഡേ സ്കൂൾ സ്കോളർഷിപ്പ് പരീക്ഷാഫലം**

സൺഡേ സ്കൂൾ സ്കോളർഷിപ്പ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പഠനത്തിനുള്ള എവർറോളിംഗ് ട്രോഫിക്ക് അർഹത നേടിയ സൺഡേ സ്കൂളുകൾ

| | A വിഭാഗം | B വിഭാഗം | C വിഭാഗം |
|---|---|---|---|
| I[st] | മുണ്ടാങ്കൽ | അറക്കുളം | രാമപുരം |
| 2[nd] | വലവൂർ | മേലുകാവുമറ്റം | തീക്കോയി |

**5. വിശ്വാസപരിശീലക അവാർഡ്**

ഫാ. സെബാസ്റ്റ്യൻ നടയ്ക്കൽ മെമ്മോറിയൽ വിശ്വാസപരിശീലക പുരസ്കാരത്തിനായി നാമനിർദ്ദേശം ക്ഷണിക്കുന്നു. യോഗ്യരായവരുടെ പേര് രൂപത വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്നും ലഭിക്കുന്ന നിശ്ചിത ഫോറത്തിൽ വികാരിയച്ചന്റെ അംഗീകാരത്തോടെ 2019 ഡിസംബർ 31-ന് മുമ്പായി രൂപത വിശ്വാസ പരിശീലന ഓഫീസിൽ നൽകേണ്ടതാണ്.

**6. സി.റ്റി.പി. ക്ലാസുകൾ**

ഒക്ടോബർ 2,7,8 തീയതികളിൽ ഭരണങ്ങാനം മാതൃഭവനിൽ സി.റ്റി.പി. ക്ലാസുകൾ സംഘടിക്കപ്പെട്ടു. നവംബർ മാസത്തെ ക്ലാസ് 2019 നവംബർ 9 ശനി : Sacraments II.

**7. പാലാ രൂപത പ്രതിഭാസംഗമം**

12-ാം ക്ലാസിൽ വിശ്വാസപരിശീലനം നടത്തുന്ന കുട്ടികൾക്കായുള്ള പാലാ രൂപത പ്രതിഭാസംഗമം ഫൊറോനതല തിരഞ്ഞെടുപ്പുകൾ 2019 നവംബർ 3,10 തീയതികളിൽ ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടക്കുന്നു.

ഓരോ ഇടവകയിൽനിന്നും 12-ാം ക്ലാസിൽ പഠിക്കുന്ന കുട്ടികളിൽനിന്നും പ്രതിഭാസംഗമത്തിൽ പങ്കെടുക്കാൻ യോഗ്യതയുള്ള ഒരു ആൺകുട്ടിയെയും ഒരു പെൺകുട്ടിയെയും തിരഞ്ഞെടുത്ത് അവരുടെ പേരുകൾ 2019 ഒക്ടോബർ 31-ന് മുമ്പായി വികാരിയച്ചന്റെ അംഗീകാരത്തോടെ രൂപതാ ഓഫീസിൽ ഏല്പിക്കണം. പ്രസ്തുത കുട്ടികൾ അവരുടെ ഫൊറോനയ്ക്കായി നിശ്ചയിച്ചിരിക്കുന്ന ദിവസം ഭരണങ്ങാനം മാതൃഭവനിൽ എത്തിച്ചേർന്ന് ഫൊറോന തല തിരഞ്ഞെടുപ്പിൽ പങ്കെടുക്കേണ്ടതാണ്.

**ഫൊറോനതല തിരഞ്ഞെടുപ്പ് ക്രമീകരണം**

എ. 2019 നവംബർ 3 ഞായറാഴ്ച രാവിലെ 9.15 ന് പാലാ കത്തീഡ്രൽ, ചേർപ്പുങ്കൽ, തുടങ്ങനാട്, മൂലമറ്റം, കടനാട് ഫൊറോനകൾ, ഉച്ചയ്ക്ക് 12.30 ന് സമാപിക്കും.

ബി. 2019 നവംബർ 3 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2-ന് കുറവിലങ്ങാട്, ഇലഞ്ഞി, കോതനല്ലൂർ, മുട്ടുചിറ, രാമപുരം, കടുത്തുരുത്തി ഫൊറോനകൾ.

സി. 2019 നവംബർ 10 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2-ന് ഭരണങ്ങാനം, അരുവിത്തുറ, തീക്കോയി, പൂഞ്ഞാർ, കൂട്ടിക്കൽ, പ്രവിത്താനം ഫൊറോനകൾ.

ഫൊറോനതല തിരഞ്ഞെടുപ്പിൽ വിജയിക്കുന്നവരെ ചേർത്ത് രൂപതാതല തിരഞ്ഞെടുപ്പ് നടത്തുന്നതാണ്. അതിൽ വിജയിക്കുന്ന ആറുപേർക്ക് സീറോ മലബാർ സഭാ കാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് 2019 ഡിസംബർ 27-29 തീയതികളിൽ നടക്കുന്ന സഭാതല പ്രതിഭാസംഗമത്തിൽ പങ്കെടുക്കാൻ അവസരം ലഭിക്കുന്നതാണ്.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# പാലാ മിഷൻ – അദിലാബാദ്

**1. പാലാ മിഷൻ – മഹാസഭാസമ്മേളനത്തിൽ.**

ഒക്ടോബർ 18, 19 തിയതികളിൽ ചാവറ പാസ്റ്ററൽ സെന്റർ സ്റ്റേഡിയത്തിൽ നടന്ന മഹാസഭയിൽ ആദിലാബാദ് രൂപതയുടെ കുടുംബവർഷാചരണ പ്രവർത്തനങ്ങൾക്കു സമാപനമായി. രൂപതാതലത്തിൽ ഒത്തിരിയേറെ കുടുംബ നവീകരണ പ്രവർത്തനങ്ങൾക്ക് ഈ വർഷം തുടക്കം കുറിക്കുകയുണ്ടായി.പാലാ മിഷൻെറ എല്ലാ കേന്ദ്രങ്ങളിലും ഈ നവീകരണ പ്രവർത്തനങ്ങൾ ശുശ്രൂഷകളായി നടപ്പിൽ വരുത്തി. വ്യക്തികൾക്കും കുടുംബങ്ങൾക്കും വേണ്ടിയുള്ള പ്രത്യേക ശുശ്രൂഷകൾ, ധ്യാനങ്ങൾ, കൗൺസിലിംഗുകൾ, സമ്മേളനങ്ങൾ എന്നിവ സംഘടിപ്പിച്ചു. പാലാ മിഷനിൽ നിന്നും 65 പേർ സമാപന സമ്മേളനമായ മഹാസഭയിൽ പങ്കെടുത്തു.

**2. പവിത്ര സത് പ്രസാദ മറിയു സഖ്യതാ സംവത്സരം.**

മഹാസഭയിൽത്തന്നെ രൂപതയിൽ അടുത്ത വർഷം (2019-2020) ആചരിക്കുന്ന ദിവ്യകാരുണ്യ അനുരഞ്ജന വർഷത്തിന്റെ ഉൽഘാടനവും പ്രഖ്യാപനവും നടന്നു. അനുരഞ്ജനാനുഭവത്തിലൂടെ ദിവ്യകാരുണ്യ ആദ്ധ്യാത്മികതയിലേക്കു രൂപതാജനത്തെ നയിക്കുവാൻ ആവശ്യമായ കർമ്മ പദ്ധതികൾ ആവിഷ്കരിച്ചു കഴിഞ്ഞിരിക്കുന്നു. പാലാ മിഷനും ഈ കർമ്മപദ്ധതികൾ ഏറ്റെടുത്ത് സഭാ സമൂഹത്തെ വളർത്തുവാൻ പരിശ്രമിക്കുന്നു.

**3. റീജൻസിയിലുള്ള ശമ്മാശൻമാർക്കു യാത്രയയപ്പും പുതിയവർക്കു സ്വാഗതവും.**

കഴിഞ്ഞ 6 മാസം പാലാ മിഷനിൽ റീജൻസി സേവനം പൂർത്തിയാക്കിയ ശേഷം തുടർ പരിശീലനത്തിനായി പാലായിലേക്കു പോകുന്ന ബ്ര. ടോണി, ബ്ര. അൽഫോൻസ് എന്നിവർക്ക് പാലാമിഷൻ കൃതജ്ഞതയോടെ യാത്രയയപ്പു നൽകി. പുതിയതായി സേവനം ചെയ്യാൻ എത്തിയിരിക്കുന്ന ആണ്ടാശ്ശേരിൽ ബ്രദറിനും മഠത്തിപ്പറമ്പിൽ ബ്രദറിനും ഹൃദയംഗമമായ സ്വാഗതവും നൽകി.

**4. സന്ദർശനങ്ങൾ**

പാലാ മിഷനെ എന്നും പ്രോൽസാഹിപ്പിക്കുന്ന പെരിയ ബഹു. ജേക്കബ് കട്ടയ്ക്കൽ അച്ചൻ ഒക്ടോ. 2 മുതൽ 10 വരെ പാലാ മിഷനിൽ സന്ദർശനം നടത്തി. പ്രോൽസാഹനങ്ങളും പുതിയ മിഷൻ ചിന്തകളും അദ്ദേഹം പങ്കുവച്ചു. മിഷൻ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കാൻ അദ്ദേഹം ഒരു സ്മാർട്ട് TV പാലാ മിഷന് വേണ്ടി വാങ്ങി നൽകുകയുണ്ടായി. കോട്ടയം സെന്റ് തോമസ് മേജർ സെമിനാരിയിൽ നിന്നും ബഹു. വടക്കേലച്ചനും ബഹു. പുലിയുറുമ്പിലച്ചനും പാലാ മിഷൻ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വീക്ഷിക്കുകയും ചെയ്തു. എല്ലാവർക്കും പാലാമിഷന്റെ നന്ദി അറിയിക്കുന്നു.

**ഫാ. ജോർജ് കാരാംവേലിൽ** (കോർഡിനേറ്റർ)

# പാലാ മിഷൻ – ഗുജറാത്ത്

**1. മാതൃവേദി യുണിറ്റ് സ്ഥാപനം**

സഭയുടെ അടിസ്ഥാനശിലയായ കുടുംബങ്ങളെ വിശ്വാസത്തിൽ ഉറപ്പിച്ചും അത് വഴി ഇടവക സമൂഹത്തെ ഐക്യത്തിലും പ്രാർത്ഥനയിലും നയിക്കുന്നതിനായി, വികാരി ബഹു. മാത്യു വെങ്ങാലൂരച്ചന്റെ നേതൃത്വത്തിൽ മാതൃവേദി യുണിറ്റ് സ്ഥാപിക്കുകയും ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു. ഇടവകയുടെ പ്രവർത്തനങ്ങൾക്ക് ഒത്തൊരുമയോടെ കൈകോർത്തു പ്രവർത്തിക്കുവാൻ അമ്മമാർ തീരുമാനമെടുത്തു.

**2. ലോഗോസ് ബൈബിൾ ക്വിസ്**

കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട ലോഗോസ് ക്വിസിൽ മുപ്പത്തഞ്ചോളം മത്സാർത്ഥികൾ ഇടവകയിൽ നിന്നും വളരെ താല്പര്യത്തോടെ പങ്കെടുത്തു. തുടർന്നുള്ള ചർച്ചയിൽ പ്രായഭേദ്യമന്യേ ബൈബിൾ പഠിച്ചൊരുങ്ങിയ, തീക്ഷ്ണമതികളായ വിദ്യാർത്ഥികൾ തങ്ങളുടെ അനുഭവങ്ങൾ പങ്കുവെച്ചു.

**3. SMYM - Syro- Malabar Youth Movement**

യുവതീയുവാക്കളെ സഭയോടും വിശ്വാസത്തോടും ചേർത്ത് നിർത്തുക എന്ന ലക്ഷ്യത്തോടുകൂടി സെന്റ് അൽഫോൻസാ കുർബ്ബാന സെന്റർ നവരങ്കപുരയിൽ, SMYM ന്റെ യൂണിറ്റ് തുടങ്ങി. ഉദ്യോഗത്തിനും പഠത്തിനുമായി കേരളത്തിൽനിന്നും എത്തി നമ്മുടെ ഇടവകാതിർത്തിയിൽ താമസിക്കുന്നവരും, ഇടവകാംഗങ്ങളുമായ ചെറുപ്പക്കാരെ ഉൾപ്പെടുത്തിയാണ് SMYM രൂപീകരിച്ചിരിക്കുന്നത്

**4. മിഷൻ ലീഗ് ഗുജറാത്തിൽ**

തങ്ങൾക്ക് ലഭിച്ച വിശ്വാസാനുഭാവം പുതിയ തലമുറക്കും പകർന്ന് നല്കണമെന്നുള്ള ഗുജറാത്ത് മേഖലയിലെ വിശ്വാസികളുടെ ചിരകാലാഭിലാഷം ചെറുപുഷ്പ മിഷൻലീഗിന്റെ പ്രവർത്തനവർഷോൽഘാടനത്തോടെ പൂവണിയുകയാണ്. ഇടകവകയിലെ കുഞ്ഞുങ്ങൾ, സ്നേഹം, ത്യാഗം, സേവനം, സഹനം എന്നീ മൂല്യങ്ങൾ സ്വായത്തമാക്കി, സഭക്കും സമൂഹത്തിനും വേണ്ടി നിലകൊള്ളുമെന്ന് ഏറ്റ് പറഞ്ഞുകൊണ്ട് മിഷൻലീഗിൽ അംഗത്വം സ്വീകരിച്ചു.

**5. ആദരാജ്ഞലി**

ഗുജറാത്ത് മേഖലയിൽ സേവനം അനുഷ്ഠിച്ചു കൊണ്ടിരിക്കുമ്പോൾ അകാലത്തിൽ പൊലിഞ്ഞു പോയ സഖറിയാസ് തോട്ടുവേലിൽ അച്ചനുവേണ്ടി, പ്രാർത്ഥിക്കുവാനായി, വികാരിയച്ചനോടൊപ്പം ഇടവകാംഗങ്ങളും സഖറിയാസച്ചൻ സേവനമനുഷ്ഠിച്ചിരുന്ന ആനന്ദ് ഇടവകയിലെ ദൈവാലയത്തിലെ അനുസ്മരണ ശുശ്രൂഷകളിൽ പങ്കെടുത്തു.

## 6. Celebrating Sainthood

വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയെ വിശുദ്ധയായി പ്രഖ്യാപിച്ച അവസരത്തിൽ, ഭാരത സഭയുടെ സന്തോഷത്തിൽ പങ്ക് ചേർന്ന് കൊണ്ട് വിശുദ്ധയുടെ ഛായാചിത്രം വഹിച്ചുകൊണ്ടുള്ള പ്രദക്ഷണം നടത്തപ്പെടുക യുണ്ടായി. തദവസരത്തിൽ പ്രസിദ്ധീകരിച്ച പ്രാർത്ഥനകാർഡ് വിശ്വാസികൾക്ക് വിശുദ്ധയുടെ മാധ്യസ്ഥം വഴി കൂടുതൽ അനുഗ്രഹങ്ങൾ യാചിക്കുന്നതിന് സഹായകരമാണ്. മാതൃവേദി അംഗങ്ങൾ വിതരണം ചെയ്ത പായസം ചടങ്ങിനെ കൂടുതൽ മധുരമുള്ളതാക്കി.

**7. കുടുംബ കൂട്ടായ്മകളും ജപമാല മാസാചരണവും**

എല്ലാ കുടുംബങ്ങളെയും പ്രാർത്ഥനയിലും സ്നേഹത്തിലും ഒരുമിച്ചു നിർത്തി, പരസ്പരം താങ്ങാകുവാൻ കുടുംബകൂട്ടായ്മകൾ വാർഡുകളിൽ മുടക്കം കൂടാതെ നടത്തപ്പെടുന്നു. ജപമാല മാസാചരണത്തിന്റെ ഭാഗമായി രണ്ടു വാർഡുകളിലെയും ഭവനങ്ങളിൽ നടത്തുന്ന കൊന്ത നമസ്കാരത്തിൽ വികാരിയച്ചനോടൊപ്പം കൊച്ചുകുഞ്ഞുങ്ങൾ മുതൽ പ്രായമായവർ വരെ വളരെയധികം ഭക്തിയോടും വിശ്വാസത്തോടും കൂടെ പങ്കെടുത്തു.

**8. ദൈവാരാധന**

പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ദൈവാരാധനയെക്കുറിച്ചുള്ള പ്രബോധനം ഓരോ കുടുംബങ്ങൾ ക്കുമായി നൽകിയിട്ടുണ്ട്. എല്ലാ വിശ്വാസികൾക്കും ദൈവാരാധനയെ കൂടുതൽ, വ്യക്തതയോടെയും ബോധ്യത്തോടെയും ഉൾക്കൊള്ളുവാൻ ഈ പഠനം സഹായകരമാകും.

**9. വിവാഹ-വാർഷിക, ജന്മദിന അനുമോദനങ്ങൾ**

ഓരോ മാസവും വിവാഹവാർഷികങ്ങളും, ജന്മദിനങ്ങളും ആഘോഷിക്കുന്ന, എല്ലാവർക്കുംവേണ്ടി വിശുദ്ധ കുർബാനയിൽ പ്രത്യേകം പ്രാർത്ഥിക്കുന്നത് ഓരോ ഇടവകാംഗത്തെയും കൂട്ടായ്മയോട് വളരെയേറെ ചേർത്ത് നിർത്തുകയും ഇടവക സമൂഹത്തെ കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

## 10. Sisters of St. Martha's Congregation (SMC) superior General Pala Mission സന്ദർശിച്ചു

Sisters of St. Martha's Congregation (SMC) superior General Rev. Sr. Snow Mary Kothakulathil SMC, Pala രൂപതാ Sabarmathi Gujarat Mission സന്ദർശിച്ചു. മിഷൻ പ്രവർത്തനങ്ങളോടുള്ള തന്റെ സഭാ സമുഹത്തിന്റെ സഹകരണവും, താല്പര്യവും, സ്നേഹവും, പ്രതീക്ഷകളും പങ്കുവച്ചു.

**11. ബഹുമാനപ്പെട്ട Zacharias അച്ചന്റെ അനുസ്മരണ വി. ബലിയും അനുശോചനസമ്മേളനവും നടത്തപ്പെട്ടു.**

ബഹുമാനപ്പെട്ട Zacharias അച്ചന്റെ അനുസ്മരണ വി.ബലിയും അനുശോചന സമ്മേളനവും ഒക്ടോബർ 6-ാം തീയതി ഞായറാഴ്ച അച്ചൻ

ശുശ്രൂഷ നടത്തിവന്നിരുന്ന Sacred Heart Of Jesus Church, Anand ൽ നടത്തപ്പെട്ടു. ഗുജറാത്ത് റീജിയണിലെ എല്ലാ ദൈവാലയങ്ങളിൽനിന്നും ബഹു. വൈദികരും അല്മായ പ്രതിനിധികളും പങ്കെടുത്തു.

പരിശുദ്ധ കുർബാനക്ക് മുമ്പായി Ahmedabad രൂപതാദ്ധ്യക്ഷൻ Mar Athanasius Rethna Swamy പിതാവ് ആമുഖപ്രസംഗത്തിനുശേഷം പ്രത്യേക പ്രാർത്ഥനശുശ്രൂഷ നടത്തുകയും ചെയ്തു. പരി. ബലിയിൽ shamshabad രൂപതാ Vicar General Msgr. Francis Elavathinkal മുഖ്യ കർമ്മികത്വം വഹിച്ചു. സമൂഹബലിയ്ക്കുശേഷം ഒപ്പീസും സമ്മേളനവും നടത്തപ്പെട്ടു.

**12. ബഹുമാനപ്പെട്ട Zacharias അച്ചന്റെ സംസ്കാരശുശ്രൂഷയിൽ പങ്കുചേർന്നു**

പാലാ രൂപതാ മാൻവട്ടം ഇടവകാംഗവും chicago രൂപതാ വൈദികനും, chicago രൂപതാ പ്രഥമ chancellor റും ആയിരുന്ന ബഹുമാനപ്പെട്ട Zacharias Thottuvelil അച്ചന്റെ സംസ്കാരശുശ്രൂഷയിൽ Shamshabad രൂപതാ അദ്ധ്യക്ഷൻ Mar Rahel Thattil പിതാവും, chicago രൂപതാ അദ്ധ്യഷൻ മാർ ജേക്കബ് അങ്ങാടിയത്തും, പാലാ രൂപതാ സഹായമെത്രാൻ Mar. Jacob Murikan, shamshabad vicar General Msgr. Francis Elavethinkal അച്ചനും, Gujarat Region നിൽ ശുശ്രൂഷ ചെയ്യുന്ന വിവിധ വൈദികരും പങ്കു ചേർന്നു. ബഹുമാനപ്പെട്ട Zacharias അച്ചൻ കഴിഞ്ഞ ഒരു കൊല്ലമായി പാലാ രൂപതാ sabarmathi Gujarat Mission നിലെ Anand, Karumzad ഇടവകകളിൽ വികാരിയായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ചു വരികയായിരുന്നു. അച്ചന്റെ വിയോഗത്തിൽ Ad Lumina visit ൽ ആയിരുന്ന Ahmedabad രൂപതാദ്ധ്യക്ഷൻ Mar Athanasius Rethna Swamy പിതാവു അനുശോചനം അറിയിച്ചു. സീറോ മലബാർ സഭയുടെ പിതാവും തലവനുമായ Major Arch Bishop Mar George Allenchery പിതാവും ബഹുമാനപ്പെട്ട Zacharias അച്ചന്റെ വിയോഗത്തിൽ അനുശോചനം അറിയിച്ചിരുന്നു.

**13. CML ചെറുപുഷ്പ മിഷ്യൻലീഗിന് ഗുജറാത്തിൽ തുടക്കം കുറിച്ചു.**

കുഞ്ഞു മനസ്സുകളിൽ ഈശോയുടെ വചനപ്രഘോഷണത്തോടും, മിഷൻ പ്രേഷിത പ്രവർത്തനങ്ങളോടും തീക്ഷ്ണതയും താല്പര്യവും വളർത്തുന്നതിന് ചെറുപുഷ്പമിഷ്യൻ ലീഗ് Gujarat region നിൽ Oct 6-ാം തീയതി തുടക്കം കുറിച്ചു. Shamshabad V. G Msgr. Francis Elavathinkal ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ Fr. Binoy Alappat CMF class എടുത്തു. Ahmedabad Catechism director Fr. Paul Paraplackel, Fr Mathew Vengaloor തുടങ്ങിയവർ പങ്കെടുത്തു.

**14. വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയെ വിശുദ്ധപദവി പ്രഖ്യാപനം ആഘോഷിച്ചു**

വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയെ വിശുദ്ധയായി പ്രഖ്യാപിച്ച october 13-ാം തീയതി ഞായറാഴ്ച ഭാരതസഭയുടെ സന്തോഷത്തിൽ പങ്ക് ചേർന്ന് കൊണ്ട് Gujarat region നിലെ വിവിധ ദൈവാലയങ്ങളിൽ ആഘോഷമായ പരിശുദ്ധ കുർബാന മധ്യേ വിശുദ്ധയെ പ്രത്യേകം അനുസ്മരിച്ച് പ്രാർത്ഥിക്കുകയും, വിശുദ്ധയുടെ ഛായാചിത്രം വണങ്ങുകയും ചെയ്തു.

**15. ജപമാല മാസാചരണം നടത്തപ്പെട്ടു**

Gujarat region ലെ എല്ലാ സീറോ മലബാർ ദൈവാലയങ്ങളിലും, കുടുംബകൂട്ടായ്മ വാർഡുകളിലും മുടക്കം കൂടാതെ 10 ദിവസത്തെ ജപമാല പ്രാർത്ഥന നടത്തപ്പെട്ടു. ജപമാല മാസാചരണത്തിന്റെ ഭാഗമായി വാർഡുകളിലെ ഭവനങ്ങളിൽ, നടത്തപ്പെട്ട കൊന്ത നമസ്കാരത്തിൽ വികാരിയച്ചന്മാരോടൊപ്പം കൊച്ചു കുഞ്ഞുങ്ങൾ മുതൽ പ്രായമായവർ വരെ വളരെയധികം ഭക്തിയോടും, വിശ്വാസത്തോടും കൂടെ പങ്കെടുത്തു.

**ബഹു. ജോസഫ് കൊല്ലംപറമ്പിലച്ചൻ** (വികാരി ജനറാൾ)

# മിഷൻലീഗ് വാർത്തകൾ

**രൂപതാ വാർത്തകൾ**

**1. എക്സിക്യൂട്ടീവ്**

സംഘടനയുടെ എക്സിക്യൂട്ടീവ് യോഗം 2019 ഒക്ടോബർ 6-ാം തീയതി ഞായറാഴ്ച പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ വയലിലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സന്ദേശം നൽകി. സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. സംസ്ഥാന സെക്രട്ടറി ശ്രീ. ഷിനോ മോളത്ത് യോഗത്തിൽ സന്നിഹിതനായിരുന്നു.

**2. അംഗത്വ നവീകരണം**

ചെറുപുഷ്പ മിഷൻലീഗിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായ വി. കൊച്ചുത്രേസ്യായുടെ തിരുനാളിനോടനുബന്ധിച്ച് ഒക്ടോബർ 6-ാം തീയതി ഞായറാഴ്ച ശാഖകളിൽ അംഗത്വനവീകരണം നടത്തി.

**3. കുഞ്ഞേട്ടൻ അനുസ്മരണം**

മിഷൻലീഗ് സ്ഥാപക നേതാവ് പി.സി. അബ്രാഹം പല്ലാട്ടുകുന്നേലിന്റെ (കുഞ്ഞേട്ടൻ) 10-ാം ചരമവാർഷികവും അനുസ്മരണ സമ്മേളനവും സംസ്ഥാന രൂപതാ സമിതികളുടെ ആഭിമുഖ്യത്തിൽ ചെമ്മലമറ്റത്ത് നടന്നു. ഒക്ടോബർ 8-ാം തീയതി നടന്ന അനുസ്മരണസമ്മേളനം സത്ന രൂപത മുൻ അദ്ധ്യക്ഷൻ മാർ മാത്യു വാണിയകിഴക്കേൽ ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് ശ്രീ. ബിനു മാങ്കൂട്ടം അദ്ധ്യക്ഷത വഹിച്ചു. കുഞ്ഞേട്ടൻ പുരസ്കാരം മാനന്തവാടി രൂപതാംഗം ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിലിന് സമ്മാനിച്ചു. യുവപ്രതിഭാ പുരസ്കാരം, കുഞ്ഞേട്ടൻ സ്കോളർഷിപ്പ് എന്നിവ രൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ യോഗത്തിൽ വിതരണം ചെയ്തു. കേരളത്തിലെ വിവിധ രൂപതകളിൽ നിന്നായി 600 ഓളം പേർ യോഗത്തിൽ പങ്കെടുത്തു.

**4. പുരസ്കാരങ്ങൾ**

ചെറുപുഷ്പ മിഷൻലീഗ് 2018-19 വർഷത്തെ മികച്ച ശാഖ, മേഖലകൾക്കുള്ള സംസ്ഥാനതല 'മിഷൻ ഗോൾഡ് സ്റ്റാർ' പുരസ്കാരത്തിന് നമ്മുടെ രൂപതയിലെ

കയ്യൂർ ശാഖയും കുറവിലങ്ങാട്, പ്രവിത്താനം മേഖലകളും അർഹരായി. വിജയികൾക്ക് അഭിനന്ദനങ്ങൾ.

**5. രൂപതാ കലോത്സവം**

പാലാ രൂപത മിഷൻ കലോത്സവം 2019 ഒക്ടോബർ 12-ാം തീയതി ശനിയാഴ്ച ചേർപ്പുങ്കൽ ഹോളിക്രോസ് ഹയർസെക്കണ്ടറി സ്കൂളിൽ വച്ച് നടന്നു. 18 വേദികളിലായി നടന്ന കലോത്സവത്തിൽ മേഖലാതല വിജയികൾ പങ്കെടുത്തു. കലോത്സവത്തിൽ കൂടുതൽ പോയിന്റുകൾ നേടിയ സൺഡേസ്കൂളുകൾ.

| | A വിഭാഗം | B വിഭാഗം | C വിഭാഗം |
|---|---|---|---|
| Ist | ഗാഗുൽത്താ | കാഞ്ഞിരത്താനം | തീക്കോയി |
| 2nd | മുണ്ടാങ്കൽ | അറുനൂറ്റിമംഗലം | പാലാ കത്തീഡ്രൽ |

**6. സംസ്ഥാന കലോത്സവം**

ചെറുപുഷ്പ മിഷൻലീഗിന്റെ ഇക്കൊല്ലത്തെ സംസ്ഥാന കലോത്സവത്തിന് പാലാ രൂപത ആതിഥേയത്വം വഹിക്കുന്നു. നവംബർ 9-ാം തീയതി ശനിയാഴ്ച രാമപുരം മാർ ആഗസ്തിനോസ് കോളേജിൽ വച്ച് നടക്കുന്ന കലോത്സവത്തിൽ കേരളത്തിലെ വിവിധ രൂപതകളിലെ പ്രതിഭകൾ പങ്കെടുക്കും. ഇതിന് മുന്നോടിയായി മിഷൻലീഗ് സംസ്ഥാന, രൂപതാ, മേഖലാ, ശാഖാ ഭാരവാഹികളുടെ ഒരു സംയുക്തയോഗം ഒക്ടോബർ 13-ാം തീയതി ശനിയാഴ്ച രാമപുരത്തു വച്ചു നടന്നു.

**7. കയ്യെഴുത്തു മാസിക, പോസ്റ്റർ രചനാ മത്സരങ്ങൾ**

സംഘടനയുടെ ആഭിമുഖ്യത്തിൽ കയ്യെഴുത്തു മാസിക, പോസ്റ്റർ രചനാ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. മേഖലാതല മത്സരങ്ങളിൽ എ,ബി,സി വിഭാഗങ്ങളിൽ ഒന്നാം സ്ഥാനം നേടുന്ന രചനകൾ രൂപതാതല മൂല്യനിർണ്ണയത്തിനായി പരിഗണിക്കുന്നതാണ്. മത്സരങ്ങളുടെ വിശദവിവരങ്ങൾക്ക് സൺഡേസ്കൂൾ ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**മേഖലാ വാർത്തകൾ**

**1. അൽഫോൻസാ തീർത്ഥാടനം**

ചെറുപുഷ്പ മിഷൻലീഗ് മുട്ടുചിറ മേഖലയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 6-ാം തീയതി വി. അൽഫോൻസാമ്മയുടെ ജീവിതംകൊണ്ട് വിശുദ്ധമായ അൽഫോൻസാഭവനത്തിലേക്ക് (മുരിക്കൻ ഭവനം) തീർത്ഥാടന പദയാത്ര നടത്തി. മുട്ടുചിറ റൂഹാദ്ക്കുദിശാ ഫൊറോനാ പള്ളിയങ്കണത്തിൽനിന്നും ആരംഭിച്ച തീർത്ഥാടനം മേഖലാ രക്ഷാധികാരി ഫാ. ജോസഫ് ഇടത്തുംപറമ്പിൽ ഫ്ളാഗ് ഓഫ് ചെയ്തു. അൽഫോൻസാ ഭവനിൽ പാലാ രൂപതാവികാരി ജനറാൾ മോൺ. ജോസഫ് കുഴിഞ്ഞാലിൽ സന്ദേശം നൽകി. മേഖലയിലെ കുഞ്ഞുമിഷനറിമാരും വിശ്വാസപരിശീലകരും തീർത്ഥാടനത്തിൽ പങ്കെടുത്തു.

**2. രാമപുരം മേഖല**

ചെറുപുഷ്പ മിഷൻലീഗ് രാമപുരം മേഖലയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 13-ാം തീയതി വാ. കുഞ്ഞച്ചൻ തീർത്ഥാടനം നടത്തി.

**3. ഭരണങ്ങാനം**

മേഖലാ സീനിയേഴ്സ് ക്യാമ്പ് ഭരണങ്ങാനം മാതൃഭവനിൽ വച്ച് 2019 ഒക്ടോബർ 7,8 തീയതികളിൽ നടന്നു.

**4. പാലാ**

മേഖലാ ക്യാമ്പ് ഒക്ടോബർ 6,7 തീയതികളിൽ ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടന്നു. മേഖലയിലെ ശാഖകളിലെ അൾത്താരബാലന്മാരുടെ ഒരു സംഗമം ഒക്ടോബർ 8-ാം തീയതി പാലായിൽ വച്ച് നടത്തി.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**1. യാത്രയയപ്പ് സമ്മേളനം**

ഒക്ടോബർ 7 തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ആറ് മാസക്കാലം കെ. സി. എസ്. എൽ ഓഫീസിൽ സ്തുത്യർഹ സേവനമനുഷ്ടിച്ച ബ്രദർ നെവിൻ നങ്ങാപറമ്പിലിന് യാത്രയയപ്പ് നൽകി. ഡയറക്ടർ ഫാ. ജോർജ് വരകുകാലാപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ടീച്ചേഴ്സ്, സ്റ്റുഡന്റ്സ് എക്സിക്യൂട്ടീവംഗങ്ങൾ എല്ലാവരും സന്നിഹിതരാവുകയും ബ്രദറിന് ആശംസകളർപ്പിച്ച് സംസാരിക്കുകയും ചെയ്തു. 5 മണിയോടുകൂടി മീറ്റിംഗ് സമാപിച്ചു.

**2. സ്റ്റേറ്റ് സാഹിത്യോത്സവം**

ഈ വർഷത്തെ സ്റ്റേറ്റ് സാഹിത്യോത്സവം ഒക്ടോബർ 12 ശനിയാഴ്ച ചങ്ങനാശ്ശേരി സെന്റ് ബർക്കുമാൻസ് ഹയർ സെക്കണ്ടറി സ്കൂളിൽ വച്ച് നടത്തപ്പെട്ടു. പാലാ രൂപതയിൽ നിന്നും 72 കുട്ടികൾ വിവിധ ഇനം മത്സരങ്ങളിലായി പങ്കെടുത്തു.

**3. സ്വാഗതം**

ഒക്ടോബർ 14 ന് കെ.സി.എസ്.എൽ ഓഫീസിൽ പുതിയ റീജന്റ് ആയി ചാർജെടുത്ത ബ്രദർ ജോസഫ് വല്ലൂത്തടത്തിലിന് ഡയറക്ടർ ഫാ. ജോർജ് വരകുകാലാപറമ്പിൽ ബൊക്കെ നൽകി സ്വീകരിച്ചു.

**4. എക്സിക്യൂട്ടീവ് മീറ്റിംഗ്**

നവംബർ 16-ന് നടക്കാനിരിക്കുന്ന കലോത്സവം, നവംബർ 30 നടക്കാനിരിക്കുന്ന വിജ്ഞാനോത്സവം (മെഗാക്വിസ്) എന്നിവയെ സംബന്ധിക്കുന്ന തീരുമാനങ്ങൾ എടുക്കുന്നതിനായി ഒക്ടോബർ 26 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. മീറ്റിംഗിൽ ഡയറക്ടർ ഫാ. ജോർജ് വരകുകാലാപറമ്പിൽ അദ്ധ്യക്ഷനായിരുന്നു. എക്സിക്യൂട്ടീവംഗങ്ങൾ എല്ലാവരും തന്നെ മീറ്റിംഗിൽ സംബന്ധിച്ചു. ഉച്ചകഴിഞ്ഞ് 3 മണിക്ക് ആരംഭിച്ച മീറ്റിംഗ് 4. 30 ന് സമാപിച്ചു.

**5. കളരി വിതരണം നടത്തി**

കെ.സി.എസ്.എൽ പ്രസിദ്ധീകരണമായ കളരി രണ്ടാം ലക്കം സ്കൂളുകളിൽ വിതരണം നടത്തി.

**ഫാ. ജോർജ് വരകുകാലാപറമ്പിൽ** (ഡയറക്ടർ)

# എസ്.എം.വൈ.എം.

**1. തീരദേശ പഠനക്യാമ്പ് 'സമുദ്ര 2K19'**

സെപ്തംബർ 27,28,29 തീയതികളിൽ ഫോർട്ട് കൊച്ചിയിൽ വച്ച് കെ. സി.വൈ.എം. കൊച്ചി രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തിയ തീരദേശപഠന ക്യാമ്പിൽ (സമുദ്ര 2K19) എസ്.എം.വൈ.എം. രൂപതാ പ്രസിഡന്റ് സെബാസ്റ്റ്യൻ തോട്ടത്തിൽ, സെക്രട്ടറി സെബാസ്റ്റ്യൻ ജോയി, കൗൺസിലർ അഞ്ജുമോൾ ജോണി എന്നിവർ പങ്കെടുത്തു.

**2. നെവ്ഹാ 2K19**

എസ്.എം.വൈ.എം. പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ മഹാത്മാ ഗാന്ധിയുടെ 150-ാം ജന്മദിനവാർഷികവും മുൻകാല കെ.സി.വൈ.എം. സമിതി കളിലെ നേതാക്കളുടെ സംഗമവും യൂത്ത് ആനിമേറ്റേഴ്സ് ട്രെയിനിംഗ് പ്രോഗ്രാ മിന്റെ ആദ്യത്തെയും അവസാനത്തെയും രണ്ട് ബാച്ചുകളുടെ സംഗവുമായ നെവ്ഹാ 2K19 പാലാ കിഴതടിയൂർ ഓഡിറ്റോറിയത്തിൽ വച്ച് ഒക്ടോബർ 2-ന് നടത്തപ്പെട്ടു. രൂപതാ പ്രസിഡന്റ് ശ്രീ. സെബാസ്റ്റ്യൻ തോട്ടത്തിലിന്റെ അദ്ധ്യക്ഷ തയിൽ ചേർന്നയോഗത്തിൽ പാലാ നിയോജകമണ്ഡലം നിയുക്ത എം.എൽ എ. മാണി സി. കാപ്പൻ ഗാന്ധിജിയെ അനുസ്മരിച്ച് സംസാരിച്ചു. യോഗത്തിൽ എസ്.എം.വൈ.എം. രൂപതാ ഡയറക്ടർ ഫാ. സിറിൽ തയ്യിൽ ആമുഖപ്രഭാഷ ണവും കെ.സി.വൈ.എം. മുൻ രൂപതാ ഡയറക്ടർ ഫാ. ജോസ് കോട്ടയിൽ മുഖ്യ പ്രഭാഷണവും നടത്തി.

**3. ന്യൂനപക്ഷ കമ്മീഷൻസിറ്റിംഗിൽ പങ്കെടുത്തു.**

കേരള ഗവൺമെന്റിന്റെ ന്യൂനപക്ഷ കമ്മീഷൻ ഇടുക്കി ജില്ലയിൽ തൊടു പുഴയിൽ നടത്തിയ സിറ്റിംഗ് പാലാ രൂപത എസ്.എം.വൈ.എം. ഡയറക്ടർ ഫാ. സിറിൽ തയ്യിൽ, പ്രസിഡന്റ് ശ്രീ. സെബാസ്റ്റ്യൻ തോട്ടത്തിൽ, ശ്രീ. അമൽ സിറി യക്, ജോസ് വേളാശ്ശേരിൽ കുടമാളൂർ, ബ്രദർ തോമസുകുട്ടി പടിഞ്ഞാറെമുറി യിൽ തുടങ്ങിയവർ റവ.ഫാ. സ്കറിയ വേകത്താനത്തോടൊപ്പം സംബന്ധിച്ച് ചർച്ചയിൽ പങ്കെടുക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

**4. എപ്പാർക്കിയൽ സീനിയർ യൂത്ത് കോൺക്ലേവ്**

2011 മുതൽ 2015 വരെ വർഷങ്ങളിൽ വിശ്വാസപരിശീലനം പൂർത്തിയാ ക്കിയ യുവജനങ്ങൾക്കായി (21 മുതൽ 25 വയസ്സുവരെയുള്ളവർക്കായി) എപ്പാർക്കിയൽ സീനിയർ യൂത്ത് കോൺക്ലേവ് എസ്.എം.വൈ.എം. മുളക്കുളം യൂണിറ്റിന്റെ ആതിഥേയത്വത്തിൽ ഒക്ടോബർ 6,7 തീയതികളിൽ മുളക്കുളം സെന്റ് മേരീസ് പള്ളിയിൽ വച്ച് നടത്തപ്പെട്ടു. ഇലഞ്ഞി മേഖല ഡയറക്ടർ റവ.ഫാ. സെബാസ്റ്റ്യൻ ചാമക്കാലായിൽ കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയും മുളക്കുളം എസ്.എം.വൈ.എം. യൂണിറ്റ് ഡയറക്ടർ റവ.ഫാ. ജോസഫ് കളപ്പുരയ്ക്കൽ നേതൃത്വം നല്കുകയും ചെയ്തു. രൂപതാ ഡയറക്ടർ ഫാ. സിറിൽ തയ്യിൽ ജോയിന്റ് ഡയറക്ടർ റവ. സി. ഷൈനി ഡി.എസ്.റ്റി, പ്രസിഡന്റ് സെബാസ്റ്റ്യൻ തോട്ടത്തിൽ എന്നിവർ പ്രസംഗിച്ചു.

**5. ദർശൻ 2K19– ഒക്ടോബർ 7–ന്**

എസ്.എം.വൈ.എം. മോനിപ്പള്ളി യൂണിറ്റ് ഒക്ടോബർ 7–ന് നടത്തിയ യുവജനസംഗമം ദർശൻ 2K19 ൽ രൂപതാ ഡയറക്ടർ ഫാ. സിറിൽ തയ്യിൽ, പ്രസിഡന്റ് സെബാസ്റ്റ്യൻ തോട്ടത്തിൽ, അഞ്ജുമോൾ ജോണി, സെൻട്രൽ കൗൺസിലർ റിബിൻ ജോസ്, സെക്രട്ടറി സെബാസ്റ്റ്യൻ ജോയി എന്നിവർ പങ്കെടുത്തു.

**6. കുഞ്ഞച്ചൻ തീർത്ഥാടനം**

എസ്.എം.വൈ.എം. രാമപുരം മേഖലയുടെയും യൂണിറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ വാ. കുഞ്ഞച്ചന്റെ കബറിടത്തിലേയ്ക്ക് കുഞ്ഞച്ചന്റെ തിരുനാളിനൊരുക്കമായി ഒക്ടോബർ 7–ന് യുവജന തീർത്ഥാടനം നടത്തി.

**7. വോളിബോൾ ഫൈനൽ – സ്മാഷ് 2K19**

എസ്.എം.വൈ.എം. പാലാ രൂപതയുടെയും എസ്.എം.വൈ.എം. കുറവിലങ്ങാട് മേഖലയുടെയും യൂണിറ്റിന്റേയും നേതൃത്വത്തിൽ ഒക്ടോബർ 8–ന് നടത്തിയ നിധീരിക്കൽ മണിക്കത്തനാർ മെമ്മോറിയൽ വോളീബോൾ ടൂർണമെന്റ് സ്മാഷ് 2K19 കുറവിലങ്ങാട് വച്ച് നടത്തപ്പെട്ടു. രാമപുരം യൂണിറ്റ് ഒന്നാംസ്ഥാനവും ഫാത്തിമാപുരം യൂണിറ്റ് രണ്ടാം സ്ഥാനവും കരസ്ഥമാക്കി. രാമപുരം യൂണിറ്റിലെ ജോസ്ബിൻ ടി. മികച്ച കളിക്കാരനായി തെരഞ്ഞെടുക്കപ്പെട്ടു. ആർച്ച് പ്രീസ്റ്റ് വെരി റവ.ഡോ. ജോസഫ് തടത്തിൽ മത്സരം ഉദ്ഘാടനം ചെയ്തു. രൂപതാ എസ്.എം.വൈ.എം. ഡയറക്ടർ ഫാ. സിറിൽ തയ്യിൽ, മേഖലാ ഡയറക്ടർ റവ.ഫാ. ജോർജ് നെല്ലിക്കൽ, പ്രസിഡന്റ് സെബാസ്റ്റ്യൻ തോട്ടത്തിൽ, ജനറൽ സെക്രട്ടറി ദേവസ്യാച്ചൻ പുളിക്കൽ, വൈസ് പ്രസിഡന്റ് റീതു ജോർജ്, മേഖലാ പ്രസിഡന്റ് ആൻസൺ, യൂണിറ്റ് പ്രസിഡന്റ് ഡിബിൻ തുടങ്ങിയവർ മത്സരത്തിന് നേതൃത്വം നൽകി.

**8. എപ്പാർക്കിയൽ സുപ്പർറ്റീൻ യൂത്ത് കോൺക്ലേവ്**

എസ്.എം.വൈ.എം. പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ 18,19,20 പ്രായത്തിലുള്ള യുവജനങ്ങൾക്കായി ഒക്ടോബർ 11,12 തീയതികളിൽ മുട്ടുചിറ റൂഹാദ്ഖുദ്ശാ ഫൊറോനാ പള്ളിയിൽ വച്ച് എപ്പാർക്കിയൽ സൂപ്പർ റ്റീൻ യൂത്ത് കോൺക്ലേവ് നടത്തപ്പെട്ടു. ഫൊറോന വികാരി വെരി റവ. ഫാ. ജോസഫ് ഇടത്തുംപറമ്പിൽ യൂത്ത് മീറ്റ് ഉദ്ഘാടനം ചെയ്തു. മേഖല ഡയറക്ടർ റവ. ഫാ. മാത്യു മുതുപ്ലാക്കൽ അധ്യക്ഷത വഹിച്ച യോഗത്തിൽ രൂപതാ ഡയറക്ടർ ഫാ. സിറിൽ തയ്യിൽ ആമുഖപ്രഭാഷണവും എസ്.എം.വൈ.എം. ഗ്ലോബൽ ഡയറക്ടർ റവ. ഫാ. ജോസഫ് ആലഞ്ചേരി, ഫാ. റോബർട്ട് ചവറനാനിക്കൽ വി.സി. എന്നിവർ ക്ലാസുകളും നയിച്ചു.

**9. റിജന്റ് ബ്രദറിന് യാത്രയയപ്പ്**

ആറുമാസക്കാലം എസ്.എം.വൈ.എം. ന്റെ റീജന്റ് ബ്രദറായിരുന്ന ബ്രദർ തോമസുകുട്ടി പടിഞ്ഞാറേമുറിയിലിന് ഒക്ടോബർ 12–ന് മുട്ടുചിറയിൽ കൂടിയ എപ്പാർക്കിയൽ സൂപ്പർടീൻ യോഗത്തിൽ യാത്രയയപ്പ് നൽകി.

## 10. Faith Formation Follow up Programme

എസ്.എം.വൈ.എം. പാലാ രൂപത നേതൃത്വം നൽകുന്ന Faith Formation Follow up Programme രണ്ടാംശനിയാഴ്ചകളിൽ ഉച്ചകഴിഞ്ഞ് 2.30 ന് സ്നേഹഗിരി മിഷനറി സിസ്റ്റേഴ്സിന്റെ ജനറലേറ്റിലും മൂന്നാം ശനിയാഴ്ചകളിൽ കുമ്മണ്ണൂർ സെന്റ് ജോസഫ്സ് ചിൽഡ്രൻസ് ഹോമിലും നടന്നുവരുന്നു. മുപ്പതിലധികം യുവജനങ്ങൾ ഈ പ്രോഗ്രാമിൽ പങ്കെടുക്കുന്നു.

### 11. സുറിയാനി പഠനക്ലാസ്

ഒക്ടോബർ 13-ന് എസ്.എം.വൈ.എം. പാലാ രൂപതയുടെയും എസ്.എം.വൈ.എം. രാമപുരം യൂണിറ്റിന്റെയും നേതൃത്വത്തിൽ രാമപുരത്തെ സൺഡേ സ്കൂൾ വിദ്യാർത്ഥികൾക്ക് സുറിയാനി പഠനക്ലാസ് സംഘടിപ്പിച്ചു. രൂപതാ ഡയറക്ടർ ഫാ. സിറിൽ തയ്യിൽ എസ്.എം.വൈ.എം. വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി.

### 12. പുതിയ റീജന്റ് ബ്രദറിന് സ്വീകരണം

എസ്.എം.വൈ.എം. ന്റെ പുതിയ റീജന്റ് ബ്രദറായി നിയമിതനായ ബ്രദർ മാത്യു പനങ്ങാട്ടിന് ഒക്ടോബർ 15-ന് എസ്.എം.വൈ.എം. ഓഫീസിൽ ഡയറക്ടർ ഫാ. സിറിൽ തയ്യിലിന്റെയും പ്രസിഡന്റ് സെബാസ്റ്റ്യൻ തോട്ടത്തിലിന്റെയും മറ്റ് സമിതി അംഗങ്ങളുടെയും നേതൃത്വത്തിൽ സ്വീകരണം നൽകി.

### 13. തളിർ 2K19

ഒക്ടോബർ 18,19,20 തീയതികളിൽ നിലയ്ക്കൽ വച്ച് കെ.സി.വൈ.എം. സംസ്ഥാന സമിതി നേതൃത്വം നൽകിയ പ്രകൃതി പഠനക്യാമ്പ് 'തളിർ 2K19' ൽ പാലാ രൂപതയെ പ്രതിനിധീകരിച്ച് പ്രസിഡന്റ് സെബാസ്റ്റ്യൻ തോട്ടത്തിൽ, സെക്രട്ടറി സെബാസ്റ്റ്യൻ ജോയി എന്നിവർ പങ്കെടുത്തു.

### 14 പി.ഒ.സി. യിൽ മീറ്റിംഗും കാക്കനാട് സഭാകാര്യാലയ സന്ദർശനവും

കാരിത്താസ് ഇന്ത്യയുമായി സഹകരിച്ച് വിവിധ കാരുണ്യ പ്രവൃത്തികളെക്കുറിച്ച് ചർച്ച ചെയ്യാൻ ഒക്ടോബർ 18-ന് പാലാരിവട്ടം പി.ഒ.സി.യിൽ നടന്ന യോഗത്തിൽ പാലാ രൂപത എസ്.എം.വൈ.എം. ഡയറക്ടർ ഫാ. സിറിൽ തയ്യിൽ, ജോയിന്റ് ഡയറക്ടർ റവ.സി. ഷൈനി ഡി.എസ്.റ്റി, ബ്രദർ റീജന്റ് മാത്യു പനങ്ങാട്ട് എന്നിവർ പങ്കെടുക്കുകയും തുടർന്ന് കാക്കനാട് മൗണ്ട് സെന്റ് തോമസ് സഭാകാര്യാലയത്തിലെ യുവജനവിഭാഗം ഓഫീസ് സന്ദർശിക്കുകയും ചെയ്തു.

### 15. കോർ എക്സിക്യൂട്ടീവ് മീറ്റിംഗ്

ഒക്ടോബർ 26 ശനിയാഴ്ച കോർ എക്സിക്യൂട്ടീവ് മീറ്റിംഗ് രാവിലെ 10-ന് എസ്.എം.വൈ.എം. രൂപതാ ഓഫീസിൽ കൂടി. വൂത്താആ പ്രാർത്ഥനയോടുകൂടിയാണ് യോഗം തുടങ്ങിയത്.

### 16. അസാധാരണമിഷൻ മാസാചരണം

ഒക്ടോബർ 29-ന് ചൂണ്ടച്ചേരി സെന്റ് ജോസഫ് എഞ്ചിനീയറിംഗ് കോളേജിൽ നടത്തപ്പെട്ട രൂപതാതല അസാധാരണ മിഷൻ മാസാചരണത്തിൽ എസ്.എം.വൈ.എം. പാലാ രൂപതാ സമിതി പങ്കെടുത്തു.

**17. യൂണിറ്റ് മീറ്റിംഗ്**

സെപ്തംബർ 29 ഞായറാഴ്ച വൈകിട്ട് 7 ന് രൂപതാ ഡയറക്ടർ ഫാ. സിറിൽ തയ്യിൽ, പ്രസിഡന്റ് ശ്രീ. സെബാസ്റ്റ്യൻ തോട്ടത്തിൽ എന്നിവർ കിഴതടിയൂർ യൂണിറ്റ് മീറ്റിംഗിൽ സംബന്ധിച്ചു.

## നടക്കാനിരിക്കുന്നവ

**1. എപ്പാർക്കിയൽ ബഞ്ചമിൻ യൂത്ത് കോൺക്ലേവ്**

നവംബർ 9-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകിട്ട് 4 മണി വരെ പാലാ രൂപതയിലെ 15,16,17,18 പ്രായമുള്ള യുവതീയുവാക്കൾക്കായി (പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികളും പ്ലസ്ടു പാസ്സായവരും) ബെഞ്ചമിൻ യൂത്ത് കോൺക്ലേവ് അരുവിത്തുറയിൽ വച്ച് നടത്തപ്പെടുന്നു. കുട്ടികളെ പറഞ്ഞുവിടാൻ ബഹു. അച്ചന്മാരും ഭാരവാഹികളും ശ്രദ്ധിക്കുമല്ലോ.

**2. എപ്പാർക്കിയൽ ഗോൾഡൻ യൂത്ത് കോൺക്ലേവ്**

നവംബർ 24 ഞായറാഴ്ച വൈകുന്നേരം 4 മണി മുതൽ 8 മണി വരെ കോതനല്ലൂരിൽ വച്ച് 25 മുതൽ 30 വയസ്സുവരെയുള്ള പാലാ രൂപതയിലെ യുവതീയുവാക്കൾക്കായി ഗോൾഡൻ യൂത്ത് കോൺക്ലേവ് നടത്തപ്പെടുന്നു. യുവതീയുവാക്കളെ പറഞ്ഞുവിടുവാൻ ബഹു. വൈദികർ ശ്രദ്ധിക്കുമല്ലോ.

**3. YATP സമാപനം**

വൈ.എ.റ്റി.പി. (യൂത്ത് ആനിമേറ്റർ ട്രേയിനിംഗ് പ്രോഗ്രാം) യുടെ സമാപനക്ലാസ് നവംബർ 29 വെള്ളി 6.30 pm മുതൽ ഡിസംബർ 1 ഞായർ രാവിലെ വരെ മോനിപ്പള്ളി - ചീങ്കല്ലേൽ പള്ളിയിൽ വച്ച് നടത്തപ്പെടുന്നു.

**4. Faith Formation Followup Programme - FFF Programme**

രണ്ടും മൂന്നും ശനിയാഴ്ചകളിൽ യഥാക്രമം പാലാ സ്നേഹഗിരി മിഷനറി സിസ്റ്റേഴ്സിന്റെ ജനറേറ്റിലും കുമ്മണ്ണൂർ സെന്റ് ജോസഫ് ചിൽഡ്രൻസ് ഹോമിലും നടന്നു വരുന്നു. 2.30 pm മുതൽ 5 pm വരെയാണ് സമയം. സുറിയാനി, സഭാചരിത്രം, സമുദായബോധം, കൂദാശകൾ, ബൈബിൾ എന്നിവയാണ് വിഷയങ്ങൾ.

## പ്രത്യേകം ശ്രദ്ധിക്കുക

1. 15 വയസുമുതൽ 30 വയസുവരെയുള്ള യുവതീയുവാക്കളുടെ സൺഡേ സ്കൂൾ പാസ്സായ വർഷം വച്ചുള്ള ബാച്ച്വൈസ് ലിസ്റ്റ് ശേഖരിക്കുന്നു. രണ്ട് മാസത്തിനുള്ളിൽ രൂപതാ ഓഫീസിൽ എത്തിക്കാൻ ഒർമ്മിക്കുമല്ലോ.

2. **എസ്.എം.വൈ.എം. അംഗത്വലിസ്റ്റ്, രജിസ്ട്രേഷൻ**

ഓരോ യൂണിറ്റിൽനിന്നും 2020 പ്രവർത്തനവർഷത്തിൽ പുതിയതായി അംഗത്വം സ്വീകരിക്കുന്നവരുടെയും അംഗത്വം പുതുക്കുന്നവരുടെയും നവംബറിൽ യൂണിറ്റ് ഇലക്ഷൻ നടത്തി ഭാരവാഹികളുടെയും ലിസ്റ്റ് ഡിസംബർ 4-ന് മുമ്പായി രൂപതാ ഓഫീസിൽ ഏല്പിക്കുക. ഒരംഗത്തിന്റെ രജിസ്ട്രേഷൻ ഫീസ്

10 രൂപയാണ്. യൂണിറ്റ് പുതുക്കുന്നതിന് 100 രൂപയായിരിക്കും. 50 അംഗങ്ങൾ കവിഞ്ഞാൽ ബാക്കിയുള്ളവർക്ക് രജിസ്ട്രേഷൻ ഫീസ് ആവശ്യമില്ല. അംഗത്വ രജിസ്ട്രേഷൻ ഫോം വെബ്സൈറ്റിൽനിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്. 2020 ലെ കർമ്മരേഖ എത്രയും വേഗം പ്രസിദ്ധീകരിക്കുന്നതിന് ഡേറ്റാകൾ താമസം കൂടാതെ രൂപതാ ഓഫീസിൽ എത്തിക്കുക.

**3. ഹോം പാലാ പ്രോജക്ട്**

നമ്മുടെ രൂപതയിൽ നടത്തിവരുന്ന ഭവനനിർമ്മാണപദ്ധതിയായ ഹോം പാലാ പ്രോജക്ടിന്റെ ഭാഗമായി എസ്.എം.വൈ.എം. യൂണിറ്റുകൾ വീട് പണി ഏറ്റെടുത്താൽ മുൻഗണനാക്രമത്തിൽ ആദ്യത്തെ 7 യൂണിറ്റുകൾക്ക് 5000 രൂപാ വീതം നൽകുന്നതാണ്.

**4. യുവശബ്ദം പത്രം**

യുവശബ്ദപത്രത്തിലേയ്ക്ക് രചനകളോ പരസ്യങ്ങളോ നൽകാൻ താല്പര്യമുള്ളവർ നവംബർ 30-ന് മുമ്പായി രൂപതാ ഓഫീസിൽ ഏൽപിക്കുക.

**5. ഫൊറോന (മേഖല) തിരഞ്ഞെടുപ്പ്**

രൂപതയുടെ കീഴിലുള്ള 17 മേഖലാകേന്ദ്രങ്ങളിലും അതാതു മേഖലയുടെ കീഴിൽ രൂപതയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ യൂണിറ്റുകളെയും ഉൾപ്പെടുത്തികൊണ്ട് ഫൊറോന അസംബ്ലി കൂടി ഡിസംബർ 25 ന് മുമ്പ് മേഖലാ ഇലക്ഷൻ പൂർത്തിയാക്കേണ്ടതാണ്. മേഖല തിരഞ്ഞെടുപ്പിന്റെ തീയതി മേഖലാ ഡയറക്ടർ രൂപതാകേന്ദ്രത്തിലും എല്ലാ യൂണിറ്റുകളിലും മുൻകൂട്ടി അറിയിക്കേണ്ടതാണ്. കേന്ദ്രനിയമാവലി അനുസരിച്ച് ഫൊറോനാ ഡയറക്ടറുടെ സാന്നിധ്യത്തിലും രൂപതാ കേന്ദ്രത്തിൽനിന്നുള്ള റിട്ടേണിംഗ് ഓഫീസറുടെ നിയന്ത്രണത്തിലുമാണ് ഇലക്ഷൻ നടക്കേണ്ടത്. രഹസ്യ ബാലറ്റ് സംവിധാനവും ഉപയോഗിക്കാം.

**മേഖലാ തിരഞ്ഞെടുപ്പ് നടത്തുന്ന തീയതികൾ**

| | | | |
|---|---|---|---|
| പാലാ | - ഡിസംബർ 15, 2 pm | അരുവിത്തുറ | - ഡിസംബർ 15, 2 pm |
| ഭരണങ്ങാനം | - ഡിസംബർ 22, 2 pm | ചേർപ്പുങ്കൽ | - ഡിസംബർ 1, 2 pm |
| ഇലഞ്ഞി | - ഡിസംബർ 22, 2 pm | കടനാട് | - |
| കടുത്തുരുത്തി | - ഡിസംബർ 8, 2 pm | കൂട്ടിക്കൽ | - ഡിസംബർ 8, 2 pm |
| കോതനല്ലൂർ | - ഡിസംബർ 8, 2 pm | കുറവിലങ്ങാട് | - ഡിസംബർ 15, 2 pm |
| മൂലമറ്റം | - | മുട്ടുചിറ | - ഡിസംബർ 22, 2 pm |
| പൂഞ്ഞാർ | - ഡിസംബർ 22, 1.30 pm | പ്രവിത്താനം | - |
| രാമപുരം | - ഡിസംബർ 1, 2 pm | തീക്കോയി | - |
| തുടങ്ങനാട് | - ഡിസംബർ 8, 2 pm | | |

**6. രൂപതാ തിരഞ്ഞെടുപ്പും വാർഷികവും**

രൂപത തിരഞ്ഞെടുപ്പ് 2020 ജനുവരി 2-ാം തീയതി വ്യാഴാഴ്ച രാവിലെ 10 മണിക്ക് പാലായിൽ വച്ച് നടക്കുന്നതാണ്. രൂപതാ സെനറ്റിനോടനുബന്ധിച്ചായിരിക്കും രൂപതാ ഇലക്ഷൻ നടത്തുന്നത്. രൂപതയിലെ 17 ഫൊറോനകളിലേയും

മേഖലാസമിതി അംഗങ്ങൾ എല്ലാവരും രൂപതാ സെനറ്റിന്റെ ഭാഗമായതിനാൽ നിർബന്ധമായും ഇലക്ഷനിൽ സംബന്ധിക്കേണ്ടതാണ്. രാവിലെ 9.30 ന് രജിസ്ട്രേഷൻ ആരംഭിക്കും. ഇലക്ഷൻ ക്യാമ്പ് രജിസ്ട്രേഷൻ ഫീസ് 50 രൂപ. ഉച്ചകഴിഞ്ഞ് രൂപതാ വാർഷികവും നടത്തപ്പെടുന്നതാണ്. മികച്ച യൂണിറ്റുകൾക്കും മേഖലകൾക്കുമുള്ള റിപ്പോർട്ട് യഥാവിധിപ്രകാരം സമർപ്പിക്കുക.

**ഫാ. സിറിൽ തയ്യിൽ** (ഡയറക്ടർ)

# ജീസസ് യൂത്ത്

**1. മിഷൻ ടീം സമ്മേളനം**

മിഷനറി മുന്നേറ്റമായ ജീസസ് യൂത്തിന്റെ മിഷൻ ദൗത്യത്തെക്കുറിച്ച് കൂടുതൽ അവബോധം സൃഷ്ടിക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായി ഒരു മിഷൻ ടടീം സമ്മേളനം സെപ്തംബർ 29-ന് ഷാലോമിൽ നടന്നു. ജീസസ് യൂത്ത് സംസ്ഥാന സമിതിയിൽ നിന്നുള്ള സോൾ സെബാസ്റ്റ്യൻ (ഇരിങ്ങാലക്കുട), ജിറ്റു (കോതമംഗലം) എന്നിവർ പ്രവർത്തനങ്ങളുടെ രൂപരേഖ അവതരിപ്പിച്ചു. ഫാ. കുര്യൻ മറ്റം, ക്ലിജോ കണിയാംപടി, വിവേക് ജോൺ റോയി, ജിതിൻ എന്നിവർ പ്രോഗ്രാമിനു നേതൃത്വം നൽകി.

**2. ജാഗരണ പ്രാർത്ഥന**

ജീസസ് യൂത്തിന്റെ പ്രധാനമദ്ധ്യസ്ഥ പ്രാർത്ഥനയായ രാത്രി ആരാധന ഒക്ടോബർ 4-ന് അരുണാപുരം ദൈവാലയത്തിൽ നടന്നു. ഫാ. കുര്യൻ മറ്റം, ആശിസ് ജോസ് എന്നിവർ വചനശുശ്രൂഷ നടത്തി. റോയി ജോസഫ്, ക്ലിജോ കണിയാംപടി, വിവേക് റോയി, അമല ട്രീസാ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം കൊടുത്തു.

**3. ക്യാമ്പസ് ലീഡേഴ്സ് ട്രെയിനിംഗ്**

പാലാ രൂപതയിലെ കോളേജുകളിലെ ജീസസ് യൂത്ത് ലീഡേഴ്സിനു വേണ്ടിയുള്ള ഒരു പരിശീലനപ്രോഗ്രാം ഒക്ടോബർ 4,5,6,7 തീയതികളിൽ പാലാ ചാവറ സ്കൂളിൽ വച്ചു നടന്നു. ഫാ. കുര്യൻ മറ്റം, ഫാ. മാത്യു പുതിയിടം, ചാക്കോച്ചൻ ഞാവള്ളിൽ, അഭിലാഷ് കെ., സുനിൽ ജോൺ എന്നിവർ പ്രോഗ്രാം നയിച്ചു.

**4. ജോയി കോൺഫ്രൻസ് - ചേർത്തല**

ഹയർ സെക്കണ്ടറി പതിനൊന്നാം ക്ലാസുകളിലെ വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള സംസ്ഥാനതല പരിശീലന ക്യാമ്പ് ചേർത്തല നൈപുണ്യ കോളേജിൽ ഒക്ടോബർ 5,6,7,8,9 തീയതികളിൽ നടന്നു. പാലാ രൂപതയിൽനിന്ന് 150-ഓളം വിദ്യാർത്ഥി പ്രതിനിധികൾ പ്രോഗ്രാമിൽ സംബന്ധിച്ചു.

**5. രണ്ടാം ശനിയാഴ്ച കൂട്ടായ്മയും മിഷൻ മാസാചരണവും**

മാർപാപ്പയുടെ അസാധാരണമായ മിഷൻ മാസപ്രഖ്യാപനത്തിന്റെ വെളിച്ചത്തിൽ ഒക്ടോബർ 12 മിഷൻദിനമായി ആചരിച്ചു. ഫാ. കുര്യൻമറ്റം, സജി

പന്നിയാർകുട്ടി എന്നിവർ ജീസസ് യൂത്തിന്റെ മിഷൻ ആഭിമുഖ്യത്തെക്കുറിച്ച് ക്ലാസുകൾ നയിച്ചു. പ്രാർത്ഥനാശുശ്രൂഷകൾ, വീഡിയോ അവതരണങ്ങൾ, ചർച്ച കൾ, വിചിന്തനങ്ങൾ എന്നിവയും നടത്തപ്പെട്ടു.

**6. യുവജനധ്യാനം – കടുത്തുരുത്തി**

മാസംതോറും നടത്താറുള്ള യുവജനധ്യാനം കടുത്തുരുത്തി എസ്.വി.ഡി. പ്രാർത്ഥനാ കേന്ദ്രത്തിൽ ഒക്ടോബർ 11,12,13 തീയതികളിൽ നടന്നു. ഫാ. കുര്യൻമറ്റം, ഫാ. ടൈറ്റസ് എസ്.വി.ഡി., സജി അറക്കുളം, അനിതാ ജോജി, ബിലാസ് ജോസഫ്, ജോബി എന്നിവർ ധ്യാനശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**7. ജീസസ് യൂത്ത് കൗൺസിൽ സമ്മേളനം – വാഗമൺ**

പാല രൂപത ജീസസ് യൂത്തിന്റെ നേതൃത്വസമിതിയുടെ ഒരു കൂട്ടായ്മ വാഗമൺ നെബോ ധ്യാനമന്ദിരത്തിൽ ഒക്ടോബർ 18,19 തീയതികളിൽ ചേർന്നു. ഫാ. കുര്യൻ മറ്റം, ക്ലിജോ കണിയാംപടി, വിവേക് ജോൺ റോയി, ബിലാസ് ജോസഫ് വിന്നി, അമല, ആശിസ് ജോസ് എന്നിവർ പ്രോഗ്രാമിനു നേതൃത്വം നൽകി.

**8. മംഗളവാർത്ത ഫൊറോനതല സെമിനാർ**

മഹാന്മാർക്കും വിശുദ്ധർക്കും ജന്മം കൊടുക്കാൻ യുവതികളെ പ്രചോദിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്ന മംഗളവാർത്ത ഫൊറോനാതല സെമിനാർ ഒക്ടോബർ 12-ന് ഭരണങ്ങാനം പള്ളിയുടെ മിനി ഓഡിറ്റോറിയത്തിൽ നടന്നു. ഫാ. അഗസ്റ്റിൻ കൊഴുപ്പൻകുറ്റി ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. ഫാ. ജോർജ് മുളങ്ങാട്ടിൽ, ജോസ് മാത്യു എന്നിവർ ക്ലാസുകൾ നയിച്ചു.

**9. വല്യച്ചൻമല– കുരിശിന്റെ വഴി**

ജീസസ് യൂത്തിന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയുടെ ഭാഗമായി നടത്തുന്ന അരുവിത്തുറ വല്യച്ചൻ മലയിലേയ്ക്കുള്ള കുരിശിന്റെ വഴിയും മദ്ധ്യസ്ഥപ്രാർത്ഥനകളും ഒക്ടോബർ 25-ന് നടന്നു. ഫാ. കുര്യൻമറ്റം, ക്ലിജോ കണിയാംപടി, വിവേക് ജോൺ റോയി, റെജി കുന്നേൽ എന്നിവർ നേതൃത്വം നൽകി.

**10. യുവജനകൺവെൻഷൻ – ആലോചനാസമ്മേളനം**

ഇലഞ്ഞിയിൽ വച്ച് ഏപ്രിൽ മാസത്തിൽ നടത്താൻ ഉദ്ദേശിക്കുന്ന യുവജനകൺവൻഷനെക്കുറിച്ചുള്ള പ്ലാനിംഗ് സമ്മേളനം ഒക്ടോബർ 28-ന് ഇലഞ്ഞി പള്ളിയിൽ നടന്നു. ഫാ. സെബാസ്റ്റ്യൻ ആലപ്പാട്ടുകുന്നേൽ, ഫാ. സെബാസ്റ്റ്യൻ ചാമക്കാല, ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ, റോജസ്, ടോമി, ക്ലിജോ കണിയാംപടി, വിവേക് റോയി എന്നിവർ സംബന്ധിച്ചു.

**11. കുടുംബസ്ഥരുടെ കൂട്ടായ്മ**

സീനിയർ ജീസസ് യൂത്ത് അംഗങ്ങളുടെയും അവരുടെ ജീവിതപങ്കാളികളുടെയും കുട്ടികളുടെയും കൂട്ടായ്മയും സെപ്റ്റംബർ 21-ന് അരുണാപുരം സെന്റ് തോമസ് ദൈവാലയത്തിൽ നടന്നു. ഫാ. കുര്യൻമറ്റം ആമുഖസന്ദേശം നൽകി. സജി ചെറുവള്ളാത്ത് മുഖ്യപ്രഭാഷണം നടത്തി. ദിവ്യകാരുണ്യ ആരാധനയോടെയും സ്നേഹവിരുന്നിനൊപ്പവും കൂട്ടായ്മ സമാപിച്ചു.

**12. കൃതജ്ഞതാപ്രകാശനം**

'വെരിത്താസ് 19' നെ അനുഗ്രഹിച്ച ദൈവത്തിനു നന്ദി പ്രകാശിപ്പിക്കാനായി വോളണ്ടിയേഴ്സ് പാലാ സെന്റ് തോമസ് കോളേജിൽ സെപ്റ്റംബർ 28 ന് സമ്മേളിച്ചു. വിലയിരുത്തലുകളും ചർച്ചകളും നടന്നു. സമ്മേളനത്തിനു മുന്നോടിയായി അരുണാപുരം എസ്.എച്ച്. ഹോസ്റ്റലിൽ ഫാ. കുര്യൻ മറ്റം കൃതജ്ഞതാബലി അർപ്പിച്ചു.

**13. മെഡിസിറ്റി സന്ദർശനം**

രൂപതയുടെ മാർ സ്ലീവാ മെഡിസിറ്റി സന്ദർശനത്തിന് യുവജനങ്ങൾക്കു വേണ്ടി നിശ്ചയിച്ചിരുന്ന സെപ്റ്റംബർ 22-ന് ഉച്ചകഴിഞ്ഞ് ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ എന്നിവരുടെ നേതൃത്വത്തിൽ ജീസസ് യൂത്ത് പ്രവർത്തകർ മെഡിസിറ്റി സന്ദർശിച്ചു. സ്വാഗതസമ്മേളനത്തിൽ മോൺ. അബ്രാഹം കൊല്ലിത്താനത്തുമലയിൽ, ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ എന്നിവർ പ്രസംഗിച്ചു. ജീസസ് യൂത്ത് അംഗങ്ങളുടെ ഗാനാലാപനവും ഡാൻസും സന്ദർശകരുടെ ശ്രദ്ധ ആകർഷിച്ചു.

**14. പ്രചോദനാത്മക കൂട്ടായ്മ - നേഴ്സിംഗ് കോളേജ് ചേർപ്പുങ്കൽ**

ചേർപ്പുങ്കൽ നേഴ്സിംഗ് കോളേജിലെ വിദ്യാർത്ഥികൾക്കു വേണ്ടി സെപ്റ്റംബർ 27-ന് സായാഹ്ന കൂട്ടായ്മ നടന്നു. ഫാ. കുര്യൻ മറ്റം, ഡോ. ആൻസി ജോർജ് എന്നിവർ പ്രചോദനാത്മകക്ലാസുകൾ നയിച്ചു. ഫാ. തോമസ് വെടിക്കുന്നേൽ, സി. ബീന എസ്.എം.സി. എന്നിവർ നേതൃത്വം നൽകി.

**ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ** (ഡയറക്ടേഴ്സ്)

# കുടുംബകൂട്ടായ്മ

1 2-10-2019 കുടുംബകൂട്ടായ്മ പുതിയ റിസോഴ്സ് ടീമിന്റെ തുടർപരിശീലനം ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ മൂങ്ങാമാക്കലച്ചന്റെ നേതൃത്വത്തിൽ നടന്നു.

2 30-10-2019 കുടുംബകൂട്ടായ്മ രൂപത കൗൺസിൽ ഷാലോം പാസ്റ്ററൽ സെന്ററിൽ ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ ............. ദിവ്യകാരുണ്യ സന്നിധിയിൽ ആരാധനയ്ക്കും ജപമാലയ്ക്കും ശേഷമാണ് സമ്മേളനം നടന്നത്. സെക്രട്ടറി റിപ്പോർട്ടു വായിച്ചു. 23-ാമത് വാർഷിക സമ്മേളനത്തിന്റെ വിലയിരുത്തിൽ നടത്തി.

3. 6-10-2019 ജോസ്ഗിരി പള്ളിയിൽ രാവിലെ 7 മണിക്ക് ഡയറക്ടർ വിൻസെന്റ് മൂങ്ങാമാക്കലച്ചൻ വി. കുർബാന അർപ്പിച്ചു. രണ്ടു കുർബാനമദ്ധ്യേയും കുടുംബകൂട്ടായ്മയെക്കുറിച്ച് പ്രസംഗിച്ചു.

4. 6-10-2019 വൈകുന്നേരം 4.30 ന് ജോസ്ഗിരി ഇടവകയിലെ പത്തു കുടുംബകൂട്ടായ്മകളിലും രൂപത റിസോഴ്സ് ടീമിന്റെ നേതൃത്വത്തിൽ ക്ലാസ് നടത്തി.

5 9-10-2019 കുടുംബകൂട്ടായ്മ റിസോഴ്സ് ടീമിന്റെ തുടർപരിശീലനം ഷാലോമിൽ വച്ച് രാവിലെ 9.30 മുതൽ 1 മണി വരെ തോമസ് വടക്കേൽ ഫ്ളവർ ജോസ്, സിജു അഗസ്റ്റിൻ തുടങ്ങിയവർ നേതൃത്വം നൽകി.

6. 11-10-2019 ഉച്ചകഴിഞ്ഞ് 3 മണിക്ക് രൂപത കൗൺസിലിന്റെ പ്രത്യേക യോഗത്തിൽ ഭാരതസർക്കാർ നടപ്പാക്കി വരുന്ന വിവിധ അപകട ഇൻഷുറൻസ് പരിപാടികളെക്കുറിച്ച് ഡാന്റീസ് കൂനാനിക്കൽ ക്ലാസ്സെടുത്തു.

7. 13-10-2019 ഞായറാഴ്ച രാവിലെ 7 മണിക്ക് പാലാക്കാട് പള്ളിയിൽ കുടുംബകൂട്ടായ്മ രൂപത ഡയറക്ടർ ബഹുമാനപ്പെട്ട മൂങ്ങാമാക്കലച്ചൻ വി. കുർബാന അർപ്പിക്കുകയും രണ്ടു കുർബാന മദ്ധ്യേയും കുടുംബകൂട്ടായ്മയെക്കുറിച്ച് പ്രസംഗിക്കുകയും ചെയ്തു. ഭാരവാഹികളുടെ സമ്മേളനത്തിലും അച്ചൻ സംബന്ധിച്ചു.

8. 13-10-2019 4.30 മുതൽ പാലാക്കാട് ഇടവകയിലെ 10 കുടുംബകൂട്ടായ്മകളിലും രൂപത റിസോഴ്സ് ടീമിന്റെ നേതൃത്വത്തിൽ ബോധവല്ക്കരണ ക്ലാസ് നടത്തി.

9. 23-10-2019 ബുധനാഴ്ച രാവിലെ 9.30 മുതൽ 4.30 വരെ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് പുതിയ റിസോഴ്സ് ടീമിന്റെ തുടർപരിശീലനം നടത്തി. ഡയറക്ടറച്ചനും കോർഡിനേറ്ററും നേതൃത്വം നൽകി.

10. 10-10-2019 കുടുംബകൂട്ടായ്മ പുതിയ റിസോഴ്സ് ടീമിന്റെ തുടർപരിശീലനം രാവിലെ 9.30 മുതൽ 4.30 വരെ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടന്നു. തോമസ് വടക്കേൽ, സിജു അഗസ്റ്റിൻ, സിന്ധു ഷാജി തുടങ്ങിയവർ നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

**A. കുടുംബസംഗമം - ഫാമിലി ഫോർ ജീസസ്**

ഒക്ടോബർ 25,26 (വെള്ളി,ശനി) തിയതികളിൽ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് കുടുംബങ്ങൾക്കായി 'ഫാമിലി ഫോർ ജീസസ് ' എന്ന കുടുംബസംഗമം നടത്തപ്പെട്ടു. അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെടുന്ന സംഗമം വെള്ളിയാഴ്ച വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് ശനിയാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിച്ചു.

**B. Counselling Course**

**1. നവംബർ മാസം കോഴ്സ് തീയതികൾ**

നവംബർ മാസം **ഡിപ്ലോമ കോഴ്സ് 2,3** തീയതികളിലും **സർട്ടിഫിക്കറ്റ് കോഴ്സ് 8,22** തീയതികളിലും നടത്തപ്പെടുന്നതാണ്.

**2. നവോമി ഗൈഡിങ് ടീം**

സെന്റ് ബർക്കുമാൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാമിലി സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ നവോമി ഗൈഡിങ് ടീമിനെ രീപികരിക്കുന്നതിന്റെ ഭാഗമായി ഒക്ടോ

ബർ 19 ശനിയാഴ്ച സിസ്റ്റേഴ്സിനെ വിളിച്ചുകൂട്ടി. 25 സിസ്റ്റേഴ്സിനെ നവോമി ഗൈഡിങ് ടീമിൽ ഉൾപ്പെടുത്തി.

**3. കുടുംബത്തെക്കുറിച്ചുള്ള സഭാപ്രബോധന ക്ലാസ്സുകൾ**

സെന്റ് ബർക്കുമാൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാമിലി സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ കുടുംബങ്ങളെ സംബന്ധിച്ച് അൽമായർക്കായി സഭാപ്രബോധനങ്ങളെ ആധാരമാക്കിയുള്ള ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നു. 13 വിഷയങ്ങളാണ് ക്ലാസ്സിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## C. വിവാഹ ഒരുക്ക കോഴ്സ്

**1. സർട്ടിഫിക്കറ്റ്**

**ഒക്ടോബർ 7–9, 21–23** തീയതികളിലെ വിവാഹ ഒരുക്ക കോഴ്സിൽ 337 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

**നവംബർ 4–6, 18–20** തീയതിയിലേക്കു നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു. **ഡിസംബർ 2–4, 16–18** തീയതിയിൽ നടക്കുന്ന കോഴ്സുകളുടെ രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു.

**3. പേരന്റ്സ് മീറ്റ്**

ഒക്ടോബർ മാസത്തെ പേരന്റ്സ് മീറ്റിംഗിൽ റവ. ഡോ. ജോസഫ് കടുപ്പിൽ ക്ലാസ്സെടുത്തു. 617 മാതാപിതാക്കൻമാർ സംബന്ധിച്ചു.

**4. യാത്രയയപ്പ് മംഗളങ്ങൾ – പാലാ**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിൽ ആറു മാസകാലം റീജന്റായി സേവനം ചെയ്ത ബ്രദർ ജോബിൻ മഠത്തിപ്പറമ്പിലിന് ഫാമിലി അപ്പോസ്തലേറ്റ് അംഗങ്ങൾ സ്നേഹനിർഭരമായ യാത്രാമംഗളങ്ങൾ നേർന്നു.

**5. ബ്രദർ ജിസ് ചെരുപ്പുറത്തിന് സ്വാഗതം**

പാലാ ഫാമിലി അപ്പോസ്തലേറ്റിൽ റീജൻസിക്കായി നിയമിതനായിരിക്കുന്ന ബ്രദർ ജിസ് ചെരുപ്പുറത്തിനെ സ്വാഗതം ചെയ്തു.

## D. മാതൃ–പിതൃവേദി സംയുക്തപരിപാടികൾ

**1. കുഞ്ഞച്ചൻ തീർത്ഥാടനം– രാമപുരം**

ഒക്ടോബർ 9 ചൊവ്വാഴ്ച മാതൃ–പിതൃവേദിയുടെ ആഭിമുഖ്യത്തിൽ വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ കബറിടത്തിങ്കലേയ്ക്ക് തീർത്ഥാടനം നടത്തപ്പെട്ടു. രാവിലെ 9.30 ന് രജിസ്ട്രേഷനോടുകൂടി ആരംഭിക്കുകയും തുടർന്ന് പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഡോ. ഷീൻ പാലയ്ക്കത്തടത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. തുടർന്ന് രാമപുരം ഫൊറോന വികാരി റവ. ഡോ. ജോർജ് ഞാറകുന്നേൽ, അസി. വികാരി റവ. ഫാ. ഇടത്തിനാൽ ഫ്രാൻസീസ്, റവ. ഫാ. ജോസഫ് ആലഞ്ചേരി, വൈസ് പോസ്റ്റുലേറ്റർ റവ. ഫാ. സെബാസ്റ്റ്യൻ നടുത്തടം എന്നിവരുടെ നേതൃത്വത്തിൽ ഭക്തിനിർഭരമായ ജപമാല പ്രദക്ഷിണം നടത്തപ്പെട്ടു. സ്നേഹവിരുന്നോടുകൂടി തീർത്ഥാടനം അവസാനിച്ചു. പാലാ രൂപതയിലെ എല്ലാ ഇടവകകളിൽ നിന്നുമായി ആയിരത്തോളം മാതൃ–പിതൃ അംഗങ്ങൾ തീർത്ഥാടനത്തിൽ പങ്കെടുത്തു. ശ്രീ. ജോസ് ജോൺ കീലത്ത്, ശ്രീമതി മേരിക്കുട്ടി ആഗസ്റ്റ്യൻ വട

ക്കുംകര, മാതൃ-പിതൃവേദികളുടെ രൂപതാഭാരവാഹികൾ, മേഖല പ്രസിഡന്റുമാർ തുടങ്ങിയവർ തീർത്ഥാടനത്തിന് നേതൃത്വം നല്കി.

**2. കുടുംബസംഗമം - ചേർപ്പുങ്കൽ**

ചേർപ്പുങ്കൽ മേഖല മാതൃ-പിതൃവേദികളുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 7 തിങ്കളാഴ്ച ചേർപ്പുങ്കൽ മാർ സ്ലീവാ പാരീഷ് ഹാളിൽ വച്ച് കുടുംബസംഗമം സംഘടിപ്പിച്ചു. ഫൊറോന വികാരി വെരി. റവ. ഫാ. ജോസ് അഞ്ചേരിൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനം രൂപത ഡയറക്ടർ റവ. ഡോ. ഷീൻ പാലയ്ക്കത്തടത്തിൽ ഉദ്ഘാടനം ചെയ്തു. ഡോ. ജാസ്മിൻ അലക്സ്, ശ്രീ. ജോർജ് ജോസഫ് എന്നിവർ ക്ലാസ്സ് നയിച്ചു.

## E. പിതൃവേദി

**1. പുതിയ യൂണിറ്റ് - കാഞ്ഞിരത്താനം**

കാഞ്ഞിരത്താനം ഇടവകയിൽ പിതൃവേദിയുടെ പുതിയ യൂണിറ്റ് ആരംഭിച്ചു.

**2. സെമിനാർ - പാലാ**

പാലാ രൂപത പിതൃവേദിയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 13-ാം തീയതി ഞായറാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ കേരള സംസ്ഥാന ന്യൂനപക്ഷക്ഷേമവകുപ്പുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കിവരുന്ന സ്കോൾഷിപ്പുകളെക്കുറിച്ച് കേന്ദ്ര ന്യൂനപക്ഷ അവകാശ കമ്മീഷൻ വൈസ് ചെയർമാൻ ശ്രീ. ജോർജ് കുര്യൻ ക്ലാസ്സ് നയിച്ചു. പ്രസ്തുത സെമിനാറിൽ പിതൃവേദി ഡയറക്ടർ റവ.ഡോ. ഷീൻ പാലയ്ക്കത്തടത്തിൽ സ്വാഗതവും പിതൃവേദി രൂപത പ്രസിഡന്റ് ശ്രീ. ജോസ് ജോൺ കീലത്ത് ആശംസ അർപ്പിക്കുകയും ചെയ്തു. പാലാ രൂപതയിലെ വിവിധ ഇടവകകളിൽ നിന്നുമായി 250തോളം പിതാക്കൻമാർ സെമിനാറിൽ പങ്കെടുത്തു. പരിപാടികൾക്ക് പിതൃവേദി രൂപതാഭാരവാഹികൾ നേതൃത്വം നല്കി.

**3. സംഭാവനകൂപ്പൺ**

പിതൃവേദിയുടെ പ്രവർത്തനഫണ്ട് രൂപീകരിക്കുന്നതിനായി സംഭാവനകൂപ്പൺ എല്ലാ യൂണിറ്റുകളിലും വിതരണം ചെയ്തു.

## F. മാതൃവേദി

**1. സെമിനാർ - തീക്കോയി**

തീക്കോയി മേഖലയിൽ മാതൃവേദിയുടെ ആഭിമുഖ്യത്തിൽ അമ്മമാരും പോസിറ്റീവ് ചിന്തകളും എന്ന വിഷയത്തെ ആസ്പദമാക്കി സി. ഫിലോമിൻ സി. എം.സി സെമിനാർ നയിച്ചു.

**2. സമ്മാന വിതരണം - പാലാ**

മാതൃവേദി രൂപതതല മത്സരങ്ങളിൽ വിജയികളായവർക്കുള്ള സമ്മാനങ്ങൾ ഡിസംബർ 13 ന് നടത്തപ്പെടുന്ന മാതൃവേദി രൂപതവാർഷികത്തിൽ വച്ച് നല്കപ്പെടുന്നതാണ്.

**3. നവോമിഫോറം - മുട്ടുചിറ, രാമപുരം**

ഒക്ടോബർ 9-ാം തീയതി മുട്ടുചിറ ഫൊറോനയുടെ കീഴിലുള്ള എല്ലാ യൂണിറ്റിലെയും വിധവകൾക്കായി ഒരു നവോമി ഫോറം രൂപീകരിച്ചു. ഡയറക്ടർ റവ.ഡോ. ഷീൻ പാലയ്ക്കത്തടത്തിൽ പരിപാടി ഉദ്ഘാടനം ചെയ്തു. എറ

ണാകുളം അങ്കമാലി മുൻ നവോമി ഗ്രൂപ്പിന്റെ കോർഡിനേറ്റർ ശ്രീമതി. ബീന ജോസഫ് ക്ലാസ്സെടുത്തു.

ഒക്ടോബർ 24-ാം തീയതി രാമപുരം ഫെറോനയുടെ കീഴിലുള്ള എല്ലാ യൂണിറ്റിലെയും വിധവകൾക്കായി നവോമിഫാറം രൂപീകരിച്ചു.

**4. തെരഞ്ഞെടുപ്പ് - പാലാ**

2020-2021 വർഷങ്ങളിലെ മാതൃവേദി രൂപത ഭാരവാഹികളെ 2019 ഡിസംബർ 6 വെള്ളിയാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് തെരഞ്ഞെടുക്കുന്നതാണ്. രൂപതഡയറക്ടർ, ജോയിന്റ് ഡയറക്ടർ എന്നിവരുടെ നേതൃത്വത്തിൽ മേഖല, യൂണിറ്റുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റുമാർ എന്നിവർ ചേർന്ന് ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതാണ്.

**G. ഹോംമിഷൻ**

**1. അമ്പാറനിരപ്പേൽ**

അമ്പാറനിരപ്പേൽ ഇടവകയിലെ ഹോംമിഷൻ പൂർത്തിയായി.

**2. അരുവിത്തുറ**

അരുവിത്തുറ ഇടവകയിൽ നവംബർ മാസത്തിൽ ഹോംമിഷൻ ആരംഭിക്കുന്നതാണ്.

**H. പ്രോലൈഫ്**

**1. എക്സിക്യൂട്ടീവ് മീറ്റിങ്**

ഒക്ടോബർ 27-ാം തീയതി 3 മുതൽ 5 വരെ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് പ്രോലൈഫ് എക്സിക്യൂട്ടീവ് യോഗം ഡയറക്ടർ റവ.ഡോ. ഷീൻ പാലയ്ക്കത്തടത്തിലിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

**I. സീറോ മലബാർ പാലാ മാട്രിമണി**

**1. ഡേറ്റ സ്വീകരണം**

ജീവിതപങ്കാളിയെ കണ്ടെത്താൻ സഹായിക്കുന്ന സീറോ മലബാർ മാട്രിമണി ഇടവകകളിലെ ഭക്തസംഘടനകളുടെ സഹകരണത്തോടെ ഡേറ്റ സ്വീകരണം നടത്തിക്കൊണ്ടിരിക്കുന്നു.

**2. മാഗസിൻ**

സീറോ മലബാർ മാട്രിമണിയുടെ ഒക്ടോബർ മാസത്തെ മാഗസിന്റെ വിതരണം ചെയ്തുവരുന്നു.

**J. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്**

**1. ക്ലാസ്സുകൾ**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് നടത്തുന്ന **മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച്** കുടുംബ വിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽ പരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ് , കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ്, ക്രോഷ്യ വർക്ക് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. ഈ കോഴ്സിൽ പങ്കെടുക്കാൻ ആഗ്ര

ഹിക്കുന്നവർ വിശദവിവരങ്ങൾക്ക് മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിളിക്കേണ്ട നമ്പർ - **9496571321**

**K. മംഗല്യനിധി**

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതി യായ മംഗല്യനിധി വഴിയായി കഴിഞ്ഞമാസം **കുറവിലങ്ങാട്, മുട്ടുചിറ, മുത്തോലപുരം, മല്ലികശ്ശേരി, കരൂർ, മണിയംകുളം** ഇടവകകളിൽ നിർദ്ധനരായ കത്തോലിക്കപെൺകുട്ടികൾക്ക്ക്ക് വിവാഹസഹായമായി **47,000** രൂപാ നൽകി.

**ഫാ. അബ്രാഹം പാലയ്ക്കത്തടത്തിൽ** (ഡയറക്ടർ)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**1. കാർഷിക സംരംഭങ്ങൾ സുസ്ഥിര വികസനത്തിന്**

## 6-ാമത് സംസ്ഥാന കാർഷികമേള

**നവംബർ 27 മുതൽ ഡിസംബർ 1 വരെ**

'കാർഷിക സംരംഭങ്ങൾ സുസ്ഥിര വികസനത്തിന്' എന്ന മുദ്രാവാക്യവുമായി 6-ാമത് സംസ്ഥാന കാർഷികമേള 2019 നവംബർ 27 മുതൽ ഡിസംബർ 1 വരെ പാലാ ടൗൺ പ്രൈവറ്റ് ബസ് സ്റ്റാന്റിന് സമീപമുള്ള പുഴക്കര പൊരുന്നോലിൽ ഗ്രൗണ്ടിൽ വച്ച് നടക്കും. സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങൾ ധനകാര്യ വികസന ഏജൻസികൾ, ഇൻഫാം, വിവിധ ഭക്തസംഘടനകൾ എന്നിവയുടെ സഹകരണത്തോടെ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി സ്വാശ്രയസംഘങ്ങളുടെയും കർഷകദളങ്ങളുടെയും കൂട്ടായ്മയിലാണ് 6-ാമത് കാർഷികമേള അണിയിച്ചൊരുക്കുന്നത്. ഡിസംബർ 2-ന് കാർഷിക മേളയിലെ മത്സര സ്റ്റാളുകളിലെ വിവിധ ഉല്പന്നങ്ങൾ മേളയിൽ ഉണ്ടായിരിക്കുന്നതാണ്.

**കാർഷികമേള വിളപ്രദർശന മത്സരങ്ങൾ**

തേങ്ങാ/കരിക്ക് കുല, പഴുക്കാകുല, കപ്പ, കാച്ചിൽ, ചേന, ഏത്തക്കുല, റോബസ്റ്റ, പാളയംകോടൻ, ഞാലിപൂവൻ, പൂവൻ, ചുവന്ന പൂവൻ, ചക്ക, നനകിഴങ്ങ്, പാവയ്ക്കാ, കുമ്പളങ്ങ, കപ്പളങ്ങ, മത്തങ്ങ, പൈനാപ്പിൾ, പൈനാപ്പിൾ ശീമ, വെള്ളരി, ഇഞ്ചി, മഞ്ഞൾ, മത്തൻ, ചേമ്പ് വിത്ത്, ഭീമൻ തേങ്ങാ, അടുതാപ്പ് തുടങ്ങിയ കാർഷികവിളപ്രദർശനമത്സരങ്ങൾ നടക്കും.

**സോൺ മത്സരങ്ങൾ**

കാർഷിക മേളയുടെ ഭാഗമായി സോൺ തലത്തിൽ നാല് ഇനങ്ങളിലായി മത്സരങ്ങൾ നടക്കുന്നു.

1. വിളപ്രദർശന സ്റ്റാൾ അലങ്കരിക്കൽ (7 ഫൊറോന)
2. ഹരിത സ്റ്റാൾ (ഗ്രോബാഗ്, കൂട് തുടങ്ങിയവയിൽ പച്ചക്കറി കൃഷി ചെയ്യുന്ന സ്റ്റാൾ (4 ഫൊറോന)
3. ഫ്ളവർ ഷോ (3 ഫൊറോന)
4. കര കൗശല സ്റ്റാൾ (3 ഫൊറോന)

**കാർഷികമേള സെമിനാറുകൾ**

തേനീച്ച വളർത്തൽ പരിശീലനം, പോത്തു വളർത്തൽ, മത്സ്യകൃഷി, സെമിനാർ, ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സർക്കാർ സഹായങ്ങൾ, പച്ചക്കറി കൃഷി തുടങ്ങിയ വിവിധ വിഷയങ്ങളെക്കുറിച്ച് പരിശീലനം കാർഷികമേളയുടെ 5 ദിവസങ്ങളിലായി നടക്കും.

**കാർഷിക കലാ മത്സരങ്ങൾ**

കാർഷിക മേളയുടെ ഭാഗമായി ചൂല് കുത്ത്, ഓലമേച്ചിൽ, തൊപ്പിപ്പാള കുത്ത്, മലയാളി മങ്ക, മലയാളി ശ്രീമാൻ, പുഞ്ചരി മത്സരം, കേശാലങ്കാര മത്സരം, നാടൻ പാട്ട്, സമൂഹഗാനം, മാർഗ്ഗംകളി, സിനിമാറ്റിക് ഡാൻസ്, കഷണ്ടി മത്സരം, പുഷ്അപ്പ്, പാചകം തുടങ്ങിയ വിവിധ മത്സരങ്ങൾ കാർഷികമേളയുടെ ഭാഗമായി നടക്കും.

**മന്നാ അവാർഡ് & അടുക്കളത്തോട്ടം**

കാർഷികമേളയുടെ ഭാഗമായി സോൺ തലത്തിൽ അടുക്കളത്തോട്ടമത്സരം നടത്തി നവംബർ 15-നകം ഫൊറോനാ തലത്തിൽ ലിസ്റ്റ് നൽകേണ്ടതാണ്.

**കാർഷിക വ്യവസായിക വിപണന സ്റ്റാളുകൾ**

പച്ചക്കറി വിത്തുകൾ, തൈകൾ, കാർഷിക ഉപകരണങ്ങൾ, വളങ്ങൾ, ഗൃഹോപകരണങ്ങൾ, നാടൻ പലഹാരങ്ങൾ, മൂല്യവർദ്ധിത ഉല്പന്നങ്ങൾ, പണി ആയുധങ്ങൾ, ഫർണീച്ചറുകൾ, തുടങ്ങിയ വിവിധ കാർഷിക വ്യവസായിക സ്റ്റാളുകൾ കൂടാതെ സർക്കാർ അർദ്ധ സർക്കാർ സ്റ്റാളുകൾ, സ്വാശ്രയസംഘം കർഷകദള ഫെഡറേഷനുകളുടെ വിവിധ ഉല്പന്ന സ്റ്റാളുകൾ, മാധ്യമങ്ങളുടെ സ്റ്റാളുകൾ. അപൂർവ്വ ഇനം വസ്തുക്കളുടെ സ്റ്റാളുകൾ എന്നിവ കാർഷിക മേളയോടനുബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്.

**ഫുഡ് ഫെസ്റ്റ്**

കാർഷിക മേളയ്ക്ക് വരുന്നവർക്ക് രുചികരമായ ഭക്ഷണം ആസ്വദിക്കുന്നതിനായ നാടൻ ഭക്ഷണം, ചൈനീസ് ഫുഡ് തുടങ്ങിയവയുടെ വിവിധ ഐറ്റങ്ങളുടെ ഫുഡ് ഫെസ്റ്റ് കാർഷികമേളയോടനുബന്ധിച്ച് ഉണ്ടായിരിക്കും.

**ഇതര പരിപാടികൾ**

സാംസ്കാരിക സമ്മേളനങ്ങൾ, സെമിനാറുകൾ, കലാസന്ധ്യ, കർഷക സംഗമം, മികച്ച കർഷകരെ ആദരിക്കൽ, ഡോഗ് ഷോ, കല അരങ്ങ്, ഗാനമേള തുടങ്ങിയ വിവിധ പരിപാടികൾ കാർഷിക മേളയുടെ ഭാഗമായി നൽകും.

**കാർഷികമേള സോൺ സംഗമങ്ങൾ**

കാർഷികമേളയുടെ കാര്യങ്ങൾ മനസ്സിലാക്കുന്നതിനായി മൂലമറ്റം, തുടങ്ങനാട്, തീക്കോയി, കൂട്ടിക്കൽ, പൂഞ്ഞാർ, ഇലഞ്ഞി, മുട്ടുചിറ, കടുത്തുരുത്തി, കടനാട്, കോതനല്ലൂർ, അരുവിത്തുറ, കുറവിലങ്ങാട്, ഭരണങ്ങാനം, പ്രവിത്താനം, ചേർപ്പുങ്കൽ, രാമപുരം, പാലാ എന്നീ സ്ഥലങ്ങളിൽ വച്ച് കാർഷിക മേള സോൺ സംഗമങ്ങൾ നടത്തി. ഫൊറോനായുടെ വികാരി മാർ സോൺ ഡയറക്ടർ മാർ, സോൺ കമ്മറ്റിയംഗങ്ങൾ തുടങ്ങിയവർ പ്രസംഗിച്ചു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായിൽ മുഖ്യപ്രഭാഷണം നടത്തി.

**സോൺ ഡയറക്ടേഴ്സ് മീറ്റ്**

കാർഷിക മേളയുടെ പരിപാടികൾ ആലോചിക്കുന്നതിനായി എല്ലാ ഫൊറോനാ ഡയറക്ടർമാരുടേയും സോൺ കമ്മറ്റി ഭാരവാഹികളുടേയും സംഗമം പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. ഷാലോം ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ ഉദ്ഘാടനം ചെയ്തു.

**ശീതകാല പച്ചക്കറി തൈ വിതരണമേള**

ശീതകാല പച്ചക്കറി തൈകൾ, നാടൻ പച്ചക്കറി തൈകൾ, ഹൈബ്രീഡ് പച്ചക്കറി തൈകൾ ഉൾപ്പെടെ 30-ൽപരം ഐറ്റം പച്ചക്കറിതൈകളുടെ വിപുലമായ വിപണന മേള, കാർഷിക മേള പന്തലിൽ വച്ച് നവംബർ 27 മുതൽ ഡിസംബർ 2 വരെ നടക്കും.

**ഹൈടെക് കോഴിക്കൂടുകൾ, ബി.വി. 380 മുട്ടക്കോഴികൾ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഹൈടെക് കോഴിക്കൂട് അത്യുല്പാദനശേഷി കൂടി. ബി.വി. 380 മുട്ടക്കോഴി കുഞ്ഞുങ്ങളെയും വിതരണം ചെയ്യുന്നു.

**കർഷക സുരക്ഷ നിധി**

കാർഷികമേളയോടനുബന്ധിച്ച് കർഷക സുരക്ഷയ്ക്കായി ഒരു നിധി രൂപീകരിക്കുന്നു. കാർഷിക മേളയോടനുബന്ധിച്ചുള്ള സമ്മാനകൂപ്പൺ വിറ്റ് കിട്ടുന്ന തുക മറ്റ് സംഭാവനകൾ എന്നിവ വഴി ശേഖരിച്ച് കിട്ടുന്ന തുകയിൽ മേളയുടെ ചെലവ് കഴിഞ്ഞ് ബാലൻസ് വരുന്ന തുക കർഷക സുരക്ഷാനിധിയായി രൂപീകരിക്കുന്നതാണ്. ഈ തുക കൃഷിനാശം സംഭവിക്കുന്നവർക്ക് കർഷക കടബാധ്യതയിൽനിന്ന് കരകയറാനായി നവസംരംഭങ്ങൾ തുടങ്ങുന്നതിന് പലിശരഹിതലോൺ, ധനസഹായം, കർഷകർക്ക് സൗജന്യ പരിശീലനം എന്നിവയ്ക്ക് ഉപയോഗിക്കുന്നതാണ്.

**മികച്ച കർഷകരെ ആദരിക്കുന്നു.**

കാർഷിക സംരംഭ മേഖലയിൽ വലിയ സംഭാവനകൾ ചെയ്തവരേയും, സംസ്ഥാന ജില്ലാതല കാർഷിക അവാർഡുകൾ കരസ്ഥമാക്കിയ നമ്മുടെ നാട്ടുകാരായ മികച്ച കർഷകരെയും കാർഷിക മേളയിൽ ആദരിക്കുന്നു.

**ഭിന്നശേഷി ക്ഷേമ പദ്ധതി ഫണ്ട് വിതരണം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി നടപ്പിലാക്കി വരുന്ന ഭിന്നശേഷി ക്ഷേമപദ്ധതി പ്രകാരം വിദ്യാഭ്യാസം, ചികിത്സ എന്നീ ആവശ്യങ്ങൾക്കായി നൽകുന്ന ധനസഹായവിതരണം ഡിസംബർ മാസത്തിൽ നടക്കും.

**അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റ് വാർഷികം നടത്തി.**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കീഴിൽ പാലാ സെന്റ് തോമസ് പ്രസ്സിനുസമീപം പ്രവർത്തിക്കുന്ന അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിന്റെ 3-ാമത് വാർഷികം പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തി. പാലാ രൂപതാ വികാരി ജനറാൾ മോൺ. അബ്രാഹം കൊല്ലിത്താനത്തുമലയിൽ ഉദ്ഘാടനം ചെയ്തു.

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാൻ പദ്ധതിപ്രകാരം ആഗസ്റ്റ് മാസം വിവിധ വരുമാന വർദ്ധനപദ്ധതി പ്രകാരം 473112 രൂപ ധനസഹായം വിതരണം ചെയ്തു.

**തൊഴിൽ പരിശീലന ശില്പശാല**

പി.എസ്.ഡബ്ല്യു.എസിന്റെ കുടുംബോദ്ധാരണപദ്ധതിയിലെ പുതിയ കുടുംബങ്ങൾക്കായി നവംബർ മാസം 21-ാം തീയതി തൊഴിൽ പരിശീലനം സംരംഭകത്വ ശില്പശാല എന്നിവ സംഘടിപ്പിക്കുന്നു.

**ഫാ. മാത്യു പുല്ലുകാലായിൽ** (ഡയറക്ടർ)

# ഡി.സി.എം.എസ്.

**1. രാമപുരത്ത് വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ കബറിടത്തിങ്കലേക്കു തീർത്ഥാടന പദയാത്ര നടത്തി.**

ഡി.സി.എം.എസ്. സംഘടന രൂപതാതലത്തിൽ സംഘടിപ്പിച്ച രാമപുരത്ത് വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ കബറിടത്തിങ്കലേക്കുള്ള തീർത്ഥാടനപദയാത്ര ഒക്ടോബർ 16-നു ഭക്തിയാദരപൂർവ്വം നടത്തപ്പെട്ടു. ചക്കാമ്പുഴ പള്ളി വികാരി റവ.ഫാ. ജെയിംസ് വയലിൽ ആശംസയർപ്പിച്ചു. അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവ് പദയാത്രയുടെ ഫ്ളാഗ് ഓഫ് നടത്തി സന്ദേശം നൽകി. രാമപുരം ഫൊറോനാ വികാരി റവ.ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേലിന്റെയും ഫാ. ഫ്രാൻസീസ് ഇടത്തിനാലിന്റെയും നേതൃത്വത്തിൽ പദയാത്രയ്ക്ക് സ്വീകരണം നൽകി. ദളിത് സഹോദരങ്ങൾക്കിടയിൽ തീഷ്ണതയോടെ പ്രവർത്തിച്ച കുഞ്ഞച്ചനെ നന്ദിപൂർവ്വം അനുസ്മരിച്ചു. തീർത്ഥാടന പദയാത്രയിൽ ധാരാളം ദലിത് ക്രൈസ്തവസഹോദരങ്ങൾ പങ്കെടുക്കുകയും കബറിടത്തിങ്കലെത്തി മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കുകയും അനുഗ്രഹങ്ങൾ നേടുകയും ചെയ്തു. പദയാത്രയ്ക്കുശേഷം ഡി.സി.എം.എസ്. പാലാ രൂപതാ ഡയറക്ടർ റവ.ഫാ. ജോസ് വടക്കേക്കുറ്റിന്റെ കാർമ്മികത്വത്തിൽ ബലിയർപ്പിക്കുകയും ഡി.സി.എം.എസ്. കുടുംബാംഗങ്ങളായിട്ടുള്ള സമർപ്പിതരെ ആദരിക്കുകയും ചെയ്തു. പദയാത്രയ്ക്ക് റവ.ഫാ. ജോസ് വടക്കേക്കുറ്റ്, ശ്രീ. ജസ്റ്റിൻ കുന്നുംപുറം, ശ്രീ. ജോണി പരമല, ശ്രീമതി സെലിൻ ജോസഫ്, ശ്രീമതി ബിജി അഗസ്റ്റിൻ, ശ്രീ. ടി. ഡി. കുര്യാക്കോസ് തുടങ്ങിയ ഭാരവാഹികൾ നേതൃത്വം നൽകി.

**TSDTP-Talent and Skill Development Training Programme for High School Students**

കെ.സി.ബി.സി SC/ST/BC കമ്മീഷൻ, ഡി.സി.എം.എസ്. സംസ്ഥാന കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ദളിത് കത്തോലിക്കാ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി Talent and Skill Development Training Programme 2020 ജനുവരി 1 മുതൽ ആരംഭിക്കുന്നതാണ്. ഇതിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ 2019 നവംബർ 30-നകം ഓൺലൈൻ ആയി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. വിശദവിവരങ്ങൾക്ക് ഡി.സി.എം.എസ്. പാലാ രൂപതാ ഓഫീസുമായി ബന്ധപ്പെടുക.

**2. പ്രതിഭാപുരസ്കാര സ്കോളർഷിപ്പ്**

കഴിഞ്ഞ വർഷം നാലാം ക്ലാസിലും ആറാം ക്ലാസിലും വാർഷിക പരീക്ഷയ്ക്ക് എല്ലാ വിഷയങ്ങൾക്കും എ ഗ്രേഡ് മാർക്ക് വാങ്ങിയ ഡി.സി.എം.എസ്.

അംഗങ്ങളുടെ കുട്ടികൾക്ക് പ്രതിഭാപുരസ്കാര സ്കോളർഷിപ്പ് നൽകുന്നതാണ്. നവംബർ 30 നകം അപേക്ഷാഫോറം പൂരിപ്പിച്ച് മാർക്ക് ലിസ്റ്റ് സഹിതം ഡി.സി. എം.എസ്. രൂപതാ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

**3. ദ്വിദിനനേതൃത്വ പഠനക്യാമ്പ് സംഘടിപ്പിക്കപ്പെട്ടു**

ദലിത് കത്തോലിക്കാ അംഗങ്ങളുടെ സമഗ്ര പുരോഗതിയെ ലക്ഷ്യമാക്കി സംസ്ഥാന വ്യാപകമായി പ്രവർത്തിക്കുന്ന ദലിത് കത്തോലിക്കാ മഹാജനസഭ (ഡി.സി.എം.എസ്.) സംസ്ഥാന കമ്മറ്റിയുടെ നേതൃത്വത്തിൽ രൂപതകളിൽ കൗൺസിൽ അംഗങ്ങൾ, സജീവ പ്രവർത്തകർ എന്നിവർക്കായി ദ്വിദിനനേതൃത്വ പഠനക്യാമ്പ് ഒക്ടോബർ 19,20 തീയതികളിൽ മുണ്ടുപാലം ബ്ലസ്സഡ് കുഞ്ഞച്ചൻ ട്രെയിനിംഗ് സെന്ററിൽ വച്ച് നടത്തപ്പെട്ടു. 19-ാം തീയതി ശനി വൈകുന്നേരം 6 മണിക്കു ചേർന്ന ഉദ്ഘാടനസമ്മേളനത്തിൽ കെ.സി.ബി.സി എസ്.സി/എസ്.റ്റി./ ബി.സി. കമ്മീഷൻ ചെയർമാൻ മാർ ജേക്കബ് മുരിക്കൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. അഡ്വ. ജോജി ചിറയിൽ, ഫാ. ജോസഫ് മാത്യു വട്ടോ ളിൽ സി.എം.ഐ., ശ്രീ. എൻ ദേവദാസ്, ശ്രീ. ജയിംസ് ഇലവുങ്കൽ, റവ.ഫാ. ഡി. ഷാജ്കുമാർ എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നയിച്ചു. ഡി.സി.എം. എസ്. പാലാ രൂപതാ ഡയറക്ടർ റവ.ഫാ. ജോസ് വടക്കേക്കുറ്റ്, ശ്രീ. ജസ്റ്റിൻ കുന്നുംപുറം, ശ്രീ. ജോണി പരമല, ശ്രീമതി സെലിൻ ജോസഫ്, ശ്രീമതി ബിജി അഗസ്റ്റിൻ, ശ്രീ. സദീപ് കെ.പി., ശ്രീ. സിബി, കുമാരി അഞ്ജലി ബേബി, കുമാരി മീനു, ശ്രീ. എബിൻ, ശ്രീ. മെൽവിൻ, ശ്രീ. ദീപു എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി. 20-ാം തീയതി വൈകുന്നേരം 3 മണിക്ക് ആരംഭിച്ച സമാപന സമ്മേള ത്തിൽ പാലാ രൂപത വികാരി ജനറാൾ വെരി. റവ.മോൺ ജോസഫ് മലേപ്പറ മ്പിൽ സമാപനസന്ദേശം നൽകി. വിവിധ യൂണിറ്റുകളിൽ നിന്നായി നൂറിൽപരം ഭാരവാഹികൾ പ്രസ്തുത ക്യാമ്പിൽ പങ്കെടുത്തു.

**4. ഡി.സി.എം.എസ്. അംഗങ്ങൾ മാർ സ്ലീവാ മെഡിസിറ്റി സന്ദർശിച്ചു**

ഡി.സി.എം.എസ്. രൂപതാ കമ്മിറ്റിയുടെ നേതൃത്വത്തിൽ വിവിധ യൂണിറ്റ് അംഗങ്ങൾ പുതിയതായി നിർമ്മാണം പൂർത്തിയായ മാർ സ്ലീവാ മെഡിസിറ്റി സന്ദർശിച്ചു.

**5. ഡി.സി.എം.എസ്. ഡയറക്ടർമാരുടെ മീറ്റിംഗ് കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ നടത്തപ്പെട്ടു.**

സീറോ മലബാർ ദളിത് വികാസ് സൊസൈറ്റി സ്കോളർഷിപ്പ് വിത രണം ചെയ്യുന്നതിനും രൂപത തലത്തിലുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുന്ന തിനുമായി ഡി.സി.എം.എസ്. ഡയറക്ടർമാരുടെ മീറ്റിംഗ് കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ വച്ച് സംഘടിപ്പിക്കപ്പെട്ടു. രൂപതയിൽനിന്നും ഡി.സി.എം.എ സ്. പാലാ രൂപതാ ഡയറക്ടർ റവ.ഫാ. ജോസ് വടക്കേക്കുറ്റ് മീറ്റിംഗിൽ പങ്കെടു ത്തു. രൂപതയിൽ പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന 60 ദളിത് കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിച്ചു. സീറോ മലബാർ സഭാ മേജർ ആർച്ച് ബിഷപ്പ് കർദ്ദി നാൾ മാർ ജോർജ് ആലഞ്ചേരിയിൽനിന്നും ഡയറക്ടർ ഫാ. ജോസ് വടക്കേ ക്കുറ്റ് സ്കോളർഷിപ്പ് ഏറ്റുവാങ്ങി.

**6. യൂത്ത് റിസോഴ്സ് ട്രെയിനിംഗ് ക്യാമ്പ്**

ഒക്ടോബർ മാസത്തെ യൂത്ത് റിസോഴ്സ് ടീം ട്രെയിനിംഗ് ക്യാമ്പ് 2019

ഒക്ടോബർ 11,12,13 തീയതികളിൽ മുണ്ടുപാലം ബ്ലസഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെട്ടു. വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നൽകുകയും പരിശീലനങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. മുപ്പതോളം യുവജനങ്ങൾ ക്യാമ്പിൽ പങ്കെടുത്തു. ഫാ. ജോസഫ് മാത്യു വട്ടോളിൽ സി.എം.ഐ., ശ്രീ. ജോണി പരമല, ശ്രീ. സിജു സെബാസ്റ്റ്യൻ കൈമനാൽ, ശ്രീ. സദീപ് കെ.പി. കോക്കപ്പുറത്തു കുന്നേൽ, ഫാ. ജോസ് വടക്കേക്കുറ്റ് എന്നിവർ ക്ലാസുകൾ നയിച്ചു. ശ്രീ. സിബി, കുമാരി അഞ്ജലി ബേബി, ശ്രീ. എബിൻ, ശ്രീ. മെൽവിൻ, ശ്രീ. ദീപു എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

**7. സിവിൽ സർവ്വീസ് കോച്ചിംഗ് ക്ലാസ്**

അഞ്ചു മുതൽ ഒമ്പതുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി നടത്തിവരുന്ന സിവിൽ സർവീസ് കോച്ചിംഗ് ക്ലാസിന്റെ ഈ വർഷത്തെ മൂന്നാമത്തെ ക്ലാസ് ഒക്ടോബർ രണ്ടാം തീയതി നടത്തപ്പെട്ടു. അടുത്ത ക്ലാസ് നവംബർ മാസം 16-ാം തീയതി പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ വച്ച് നടത്തപ്പെടുന്നതാണ്.

**8. ഫൊറോന തലത്തിൽ യൂണിറ്റ് സന്ദർശനം**

നവംബർ മാസം മുതൽ ഓരോ ഫൊറോനാ തലത്തിൽ രൂപതാ ഭാരവാഹികളുടെ നേതൃത്വത്തിൽ യൂണിറ്റുകൾ സന്ദർശിക്കുന്നതിനും തീരുമാനിച്ചു. യൂണിറ്റ് പ്രവർത്തനങ്ങളുടെ വിലയിരുത്തലും കുടുംബസംഗമങ്ങൾ നടത്തുന്നതിനായുള്ള പ്രാരംഭ ഒരുക്കങ്ങളും കുടുംബ സർവ്വെയും സന്ദർശന ഉദ്ദേശ്യങ്ങൾ ആയിരിക്കും.

**9. കലാനിധി**

കലാപരിശീലനം നടത്തുന്ന ദളിത് കത്തോലിക്കാ വിദ്യാർത്ഥികൾക്കു ഡി.സി.എം.എസ്. സംഘടനയിൽനിന്ന് പഠനസഹായങ്ങൾ നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക.

**10. ഡി.സി.എം.എസ്. ഡയറക്ടർമാരുടെ മീറ്റിംഗ് പി.ഒ.സി.യിൽ നടത്തപ്പെട്ടു.**

കെ.സി.ബി.സി കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ജേക്കബ് മുരിക്കൻ പിതാവിന്റെ അദ്ധ്യക്ഷതയിൽ ഡി.സി.എം.എസ്. ഡയറക്ടർമാരുടെയും സ്റ്റേറ്റ് ഭാരവാഹികളുടെയും സ്റ്റേറ്റ് ഡയറക്ടറുടെയും വിവിധ സന്യാസിനി സഭകളുടെ സുപ്പീരിയർമാരുടെയും മീറ്റിംഗ് സംഘടിക്കപ്പെട്ടു. ഡി.സി.എം.എസ്. പാലാ രൂപതാ ഡയറക്ടർ റവ.ഫാ. ജോസ് വടക്കേക്കുറ്റ് പ്രസ്തുത മീറ്റിംഗിൽ പങ്കെടുത്തു.

**11. ഡി.സി.എം.എസ്. രൂപതാ സ്കോളർഷിപ്പ് വിതരണം**

ഡിസിഎംഎസ്. രൂപതാ സ്കോളർഷിപ്പ്, SDVS, KCMS, KCBC SC/ST/BC കമ്മീഷൻ എന്നിവയുടെ സ്കോളർഷിപ്പ് 2019 നവംബർ 24-ാം തീയതി ഞായറാഴ്ച രാവിലെ 10-ന് പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് കൂടുന്ന ഡി.സി.എം.എസ്. കുടുംബസമ്മേളനത്തിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് വിതരണം ചെയ്യുന്നതാണ്. സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളും മാതാപിതാക്കളും അന്നേദിവസം കൃത്യസമയത്ത് എത്തിച്ചേരേണ്ടതാണ്.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**1. വയോജനദിനാചരണം**

പാലാ സെന്റ് വിൻസെന്റ് പ്രൊവിഡന്റ് ഹൗസിൽ വയോജനദിനം ആചരിച്ചു. മദർ കർമ്മലത എസ്.ഡി. അധ്യക്ഷത വഹിച്ച യോഗത്തിൽ ശ്രീമതി ബിജി ജോജോ കുടക്കച്ചിറ സമ്മേളനം ഉദ്ഘാടനം ചെയ്തു. സിസ്റ്റർ എലൈസാ എസ്.ഡി. വാർഷികറിപ്പോർട്ടവതരിപ്പിച്ചു. ഡോ. സിറിയക് തോമസ് മുഖ്യപ്രഭാഷണം നടത്തി. മോൺ. ജോസഫ് മലേപ്പറമ്പിൽ അനുഗ്രഹപ്രഭാഷണം നടത്തി. കിഴതടിയൂർ പള്ളി വികാരി ഫാ. തോമസ് പനയ്ക്കക്കുഴി ആദരിക്കൽ ചടങ്ങിന് നേതൃത്വം നൽകി. ഫാ. സക്കറിയാസ് കളപ്പുരക്കൽ സി.എം.ഐ., സ്വാമി അഭയാനന്ദ തീർത്ഥപാദർ, ശ്രീമതി റാണി റോമൽ പടിഞ്ഞാറെക്കര, ബിനോയി തോമസ് തുടങ്ങിയവർ പ്രസംഗിച്ചു.

**2. അഞ്ചാം തിരുക്കുടുംബസംഗമം – പാലാ കത്തീഡ്രലിൽ**

സെന്റ് വിൻസെന്റ് ഡി പോൾ പാലാ ഏരിയാ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ അഞ്ചാമത് തിരുകുടുംബസംഗമം പാലാ കത്തീഡ്രൽ പാരിഷ് ഹാളിൽ വച്ച് നടത്തി. ബ്രദർ തങ്കച്ചൻ കാപ്പിൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. മോൺ. ജോസഫ് മലേപ്പറമ്പിൽ അനുഗ്രഹപ്രഭാഷണം നടത്തി. ശ്രീ. മാണി സി. കാപ്പൻ എം.എൽ.എ. മുഖ്യപ്രഭാഷണം നടത്തി. പാലാ കത്തീഡ്രൽ പള്ളി വികാരി റവ.ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ, ളാലം പുത്തൻപള്ളി വികാരി റവ.ഫാ. ജേക്കബ് വടക്കേൽ, ഡോ. കെ.കെ. ജോസ്, ഫാ. സ്കറിയ വേകത്താനം, ബ്രദർ തോമസ് ടി പൊടിമറ്റം, ബ്രദർ ബോസ് നെടുംപാലക്കുന്നേൽ തുടങ്ങിയവർ പ്രസംഗിച്ചു. വൈസ് ചാൻസലർ റവ.ഫാ. ജോസഫ് വാട്ടപ്പള്ളിൽ വിശുദ്ധ കുർബാന അർപ്പിച്ചു. വിവിധ സ്ഥാപനങ്ങളിൽനിന്നുള്ളവർ കലാപരിപാടികൾ അവതരിപ്പിച്ചു. 400 ഓളം പേർ ചടങ്ങിൽ സംബന്ധിച്ചു.

**3. ന്യൂനപക്ഷ കമ്മീഷന്റെ മുമ്പാകെ വിഷയാവതരണം നടത്തി**

തൊടുപുഴ റോട്ടറി ക്ലബിൽ വച്ച് ന്യൂനപക്ഷ കമ്മീഷൻ നടത്തിയ സിറ്റിംഗിൽ ജീവകാരുണ്യ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധികളെക്കുറിച്ച് കെയർഹോംസ് ഡയറക്ടർ ഫാ. സ്കറിയ വേകത്താനം വിഷയാവതരണം നടത്തി. ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ പി.കെ. ഹനീഫ, കമ്മീഷൻ അംഗങ്ങളായ അഡ്വ. ബിന്ദു എം. തോമസ്, അഡ്വ. മുഹമ്മദ് ഫൈസൽ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

**4. ആനിക്കാട് സെന്റ് മേരീസ് ആശ്രമവാർഷികം**

ആനിക്കാട് സെന്റ് മേരീസ് ഓൾഡ് ഏജ് ഹോമിന്റെയും മനു സെബാസ്റ്റ്യൻ ഫൗണ്ടേഷന്റെയും സംയുക്തവാർഷികം ആശ്രമഹാളിൽ വച്ച് നടത്തി. മാത്തച്ചൻ താമരശ്ശേരി അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. കെയർഹോംസ് ഡയറക്ടർ ഫാ. സ്കറിയ വേകത്താനം മുഖ്യപ്രഭാഷണം നട

ത്തി. മിനി കളപ്പുരയ്ക്കൽ വാർഷികറിപ്പോർട്ടവതരിപ്പിച്ചു. റവ.ഫാ. ജേക്കബ് പൊട്ടക്കുളം, റവ.ഫാ. ജോർജ് കരിന്തോളിൽ, സിബി ചെരുവിൽ പുരയിടം, വിനീത് പടന്നമാക്കൽ എന്നിവർ പ്രസംഗിച്ചു. പഠനരംഗത്ത് മികവു തെളിയിച്ച കുമാരി അലിൻ അന്ന മാത്തുകുട്ടി ഞായറുകളുത്തിന് മനു സെബാസ്റ്റ്യൻ മെമ്മോറിയൽ അവാർഡ് നൽകി ആദരിച്ചു. സ്നേഹവിരുന്നോടെ പരിപാടികൾ സമാപിച്ചു.

**5. അവലോകനമീറ്റിംഗ്**

ജീവകാരുണ്യ സ്ഥാപനങ്ങൾ നേരിടുന്ന വിവിധ പ്രതിസന്ധികളെക്കുറിച്ച് കേരളാ ഗവൺമെന്റിന്റെ ന്യൂനപക്ഷകമ്മീഷന് ഒരു മെമ്മോറാണ്ടം സമർപ്പിക്കുന്നതിനെക്കുറിച്ച് ഒരു അവലോകനമീറ്റിംഗ് ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. ഡയറക്ടർ ഫാ. സ്കറിയ വേകത്താനം ചർച്ചയ്ക്ക് നേതൃത്വം നൽകി.

**6. കെയർ ഹോംസ് വയോജനദിനാഘോഷം**

കെയർ ഹോംസ് പാലാ രൂപതയുടെ നേതൃത്വത്തിൽ ചെത്തിമറ്റം ദൈവദാൻ സെന്ററിൽ വച്ച് വയോജനദിനാഘോഷം സംഘടിപ്പിച്ചു. മോൺ. ജോസഫ് മലേപ്പറമ്പിൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ശ്രീ. മാണി സി. കാപ്പൻ എം.എൽ.എ. വയോജനദിനാഘോഷം ഉദ്ഘാടനം ചെയ്തു. ഫാ. സ്കറിയ വേകത്താനം ആമുഖപ്രഭാഷണവും ജനമൈത്രി സി.ആർഒ. ബിനോയി തോമസ് മുഖ്യപ്രഭാഷണവും നടത്തി. സിസ്റ്റർ കാർമ്മൽ എസ്.എം.എസ്., ശ്രീ. ജോസഫ് എം.പി., ശ്രീ. പ്രസാദ് ചേരുംപള്ളിൽ, സിസ്റ്റർ വനജ ചുവപ്പുങ്കൽ, സി. ഫിൽഡി ജോസ്, സിബി ചെരുവിൽപുരയിടം തുടങ്ങിയവർ പ്രസംഗിച്ചു. വിവിധ വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്കായി കലാകായികമത്സരങ്ങൾ നടത്തി. മത്സരത്തിൽ വിജയികളായവർക്ക് ശ്രീ. മാണി സി. കാപ്പൻ എം.എൽ.എ. സമ്മാനങ്ങൾ വിതരണം ചെയ്തു. സമ്മേളനത്തിൽ ഏറ്റവും പ്രായംകൂടിയ ജോസഫ് ചാവേലിൽ, ദൈവദാൻസെന്റർ, മരിയ വിളക്കുമരുത് എന്നിവരെ ചടങ്ങിൽ ആദരിച്ചു.

**7. ആദരിച്ചു.**

2019 ൽ മലയാള മനോരമ്മ സംഘടിപ്പിച്ച പെണ്ണൊരുമ മത്സരത്തിൽ സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ അർച്ചന വുമൺ സെന്ററിന്റെ ടീം ക്യാപ്റ്റൻ ഷൈനി ജോഷിക്ക് കെയർഹോംസിന്റെ ആഭിമുഖ്യത്തിൽ അവാർഡ് നൽകി ആദരിച്ചു. ശ്രീ. മാണി സി. കാപ്പൻ എം.എൽ.എ അവാർഡ് വിതരണം ചെയ്തു.

**8. മെമ്മോറാണ്ടം നല്കി**

ജീവകാരുണ്യ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധികൾക്ക് പരിഹാരം വേണമെന്നാവശ്യപ്പെട്ടുള്ള ഒരു പഠനറിപ്പോർട്ട് തയ്യാറാക്കി കെയർഹോംസ് ഡയറക്ടർ ഫാ. സ്കറിയ വേകത്താനം ശ്രീ മാണി സി. കാപ്പൻ എം.എൽ.എയ്ക്ക് സമർപ്പിച്ചു.

**ഫാ. സ്കറിയ വേകത്താനം (ഡയറക്ടർ)**

# കെ.എൽ.എം.

**1. തൊഴിലാളി ക്ഷേമനിധി സെമിനാർ - മീനച്ചിൽ**

മീനച്ചിൽ ഇടവകയിൽ തൊഴിലാളി ക്ഷേമനിധിയെക്കുറിച്ചും വിവിധ ആനുകൂല്യങ്ങളെക്കുറിച്ചും ഡയറക്ടർ ഫാ. സ്കറിയ വേകത്താനം ക്ലാസ്സെടുത്തു. വികാരി റവ.ഫാ. തോമസ് തോട്ടുങ്കൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. കെ.എൽ.എം.ന്റെ യൂണിറ്റ് ആരംഭിച്ച് പുതിയ പുരുഷ-വനിതാ ഭാരവാഹികളെ തെരഞ്ഞെടുത്തു.

**2. കെ.എൽ.എം. പ്രതിനിധികളുടെ സമ്മേളനം -എറണാകുളത്ത്**

കെ. എൽ. എം. പ്രതിനിധികളുടെ ഒരു സമ്മേളനം എറണാകുളം പി.ഒ.സി.യിൽ വെച്ച് നടത്തി. സംസ്ഥാന ഡയറക്ടർ റവ.ഫാ. പ്രസാദ് കണ്ടത്തിപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. പാലാ രൂപതയുടെ പ്രവർത്തന റിപ്പോർട്ട് യോഗത്തിൽ അവതരിപ്പിച്ചു. പാലാ രൂപതയുടെ പ്രതിനിധികളായി സന്തോഷ് പുതിയാപറമ്പിൽ, മോനിപ്പള്ളി, ഷാജി മേലാളത്തേൽ മരങ്ങോലി എന്നിവർ മീറ്റിംഗിൽ പങ്കെടുത്തു.

**3. തൊഴിലാളി ക്ഷേമനിധി സെമിനാർ - കിഴപറയാർ**

കിഴപറയാർ ഇടവകയിൽ തൊഴിലാളി ക്ഷേമനിധി സെമിനാർ നടത്തി. വികാരി റവ. ഫാ. സെബാസ്റ്റ്യൻ പുത്തൂർ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഫാ. സ്കറിയ വേകത്താനം ക്ലാസ് നയിച്ചു. കെ.എൽ.എം. ന്റെ യൂണിറ്റ് രൂപീകരിക്കുകയും പുതിയ പുരുഷ-വനിതാ ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു.

**4. ക്രൈസ്തവ പിന്നോക്കാവസ്ഥ പഠിക്കാൻ കമ്മീഷൻ വേണം**

ന്യൂനപക്ഷ ക്രൈസ്തവരുടെ പിന്നോക്കാവസ്ഥയെക്കുറിച്ച് പഠിക്കാൻ ഒരു കമ്മീഷനെ നിയമിക്കണമെന്ന് കെ.എൽ.എം. ഡയറക്ടർ ഫാ. സ്കറിയ വേകത്താനം തൊടുപുഴയിൽ വച്ച് നടന്ന ന്യൂനപക്ഷ സിറ്റിംഗിൽ ബന്ധപ്പെട്ട അധികാരികളോട് ആവശ്യപ്പെട്ടു. സ്കോളർഷിപ്പുകൾ, സ്കൂൾ-കോളേജ് അഡ്മിഷൻ, തൊഴിലില്ലായ്മ, സ്വയംതൊഴിൽ വായ്പാ പദ്ധതികൾ എന്നിവ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തി.

**ഇടവകയിൽ അറിയിക്കേണ്ടവ**

**1. നേഴ്സുമാർക്ക് ഖത്തറിൽ അവസരം**

ഖത്തറിലെ നസിം അൽ റബീഹ് ആശുപത്രിയിൽ നോർക്ക .... മുഖേന നേഴ്സുമാരെ നിയമിക്കുന്നു. നേഴ്സിംഗിൽ ബിരുദമോ (ബിഎസ്സി) ഡിപ്ലോമയോ (ജി.എൽ.എം.) ഉള്ള വനിതകൾക്കും പുരുഷന്മാർ അപേക്ഷിക്കാം.

രണ്ടു വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയവും 30 വയസ്സിൽ താഴെ പ്രായമുള്ളവർക്കാണ് അവസരം. (ശമ്പളം ഏകദേശം 70000 രൂപ) ഖത്തർ പ്രോമെട്രിക്കും ഡിപ്ലോമയും ഉള്ളവർക്ക് മുൻഗണന. കൂടുതൽ വിവരങ്ങൾക്ക്

www.norkaroots.org ൽ അഥവാ 18004253939 എന്ന ട്രോൾഫ്രീ നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.

**2. വിദ്യാർത്ഥിനികൾക്ക് സ്കോളർഷിപ്പ്**

സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന സംസ്ഥാനത്തെ സ്ഥിര താമസക്കാരായ ക്രിസ്ത്യൻ, പരിവർത്തിത ക്രിസ്ത്യൻ മതവിഭാഗങ്ങളിലെ വിദ്യാർത്ഥിനികൾക്ക് 2019-20 അധ്യയന വർഷത്തേയ്ക്ക് സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ് / ഹോസ്റ്റൽ സ്റ്റൈപ്പന്റ് (റിന്യൂവൽ) നല്കുന്നതിന് സംസ്ഥാനത്തെ ന്യൂനപക്ഷക്ഷേമവകുപ്പ് അപേക്ഷ ക്ഷണിച്ചു. www.minoritywelfare.kerala.gov.in. യുടെ ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷ നവംബർ 10-നകം നൽകണം. ഫോൺ : 0471 -2302090, 2300524.

**3. ആസ്പയർ സ്കോളർഷിപ്പ്**

കേരള സംസ്ഥാനത്തിലെ എല്ലാ ഗവൺമെന്റ് എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലെയും വിവിധ യൂണിവേഴ്സിറ്റികളിലെയും രണ്ടാംവർഷ ബിരുദാനന്തര ബിരുദം, എംഫിൽ, പി.എച്ച്.ഡി വിദ്യാർത്ഥികളിൽ ഡിസംബർ 2019-20 അധ്യയനവർഷത്തേയ്ക്കുള്ള ആസ്പയർ സ്കോളർഷിപ്പിനുള്ള ഓൺലൈൻ വഴിയുള്ള അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് ഒരു മാസവും, എംഫിൽ വിദ്യാർത്ഥികൾക്ക് 2 മാസവും പി.എച്ചി.ഡി. വിദ്യാർത്ഥികൾക്ക് 4 മാസവുമാണ് ഇന്റേൺഷിപ്പിനുള്ള സമയപരിധി. വിദ്യാർത്ഥികൾക്ക് ഒന്നാം വർഷം 75% ഹാജർനില ഉണ്ടായിരിക്കണം. അടിസ്ഥാന കോഴ്സിന് 55 ശതമാനത്തിൽ കുറയാത്ത മാർക്ക് നേടിയിരിക്കണം. ഓൺലൈനായി നവംബർ 15-നുമുമ്പ് അപേക്ഷ സമർപ്പിക്കണം. വിശദവിവരങ്ങൾക്ക് www.dcecsholarshipkerala.gov.in. എന്ന വെബ്സൈറ്റിൽ apire scholarship (ASPR) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

**ഫാ. സ്കറിയ വേകത്താനം** (ഡയറക്ടർ)

# അഡാർട്ട്

**1. ബോധവൽക്കരണ ക്ലാസുകൾ**

സി.വൈ.എം.എൽ. പാലാ (ഒക്ടോബർ 2) ജീസസ് യൂത്ത്, പാലാ (ഒക്ടോബർ 5), വാക്കാട് (ഒക്ടോബർ 7), പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ട്, അരുണാപുരം (ഒക്ടോബർ 8), പള്ളിക്കത്തോട് (ഒക്ടോബർ 8), നിരങ്ങാനം (ഒക്ടോബർ 12), കടപ്ലാമറ്റം (ഒക്ടോബർ 13).

**2. ഗാന്ധിജയന്തി ദിനാചരണം**

രാഷ്ട്രപിതാവായ ഗാന്ധിജിയുടെ 150-ാമത് ജന്മദിനത്തോടനുബന്ധിച്ച് വിവിധ കലാലയങ്ങളിലെ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് ഗാന്ധിജയന്തിദിനാചരണം നടത്തി. പാലാ കുരിശുപള്ളി കവലയിൽ ഒത്തുചേർന്ന് വിദ്യാർത്ഥികൾ ഗന്ധിജിയുടെ ചിത്രത്തിൽ പുഷ്പാർച്ചന നടത്തി. 150-ാം ജന്മദിനത്തെ അനു

സ്മിരിച്ച് കുട്ടികൾ 150 ദിവസങ്ങൾ തെളിച്ച് കുരിശുപള്ളിക്കവലയിൽ നിന്നും അഡാർട്ടിലേയ്ക്ക് റാലിയായി എത്തിച്ചേരുന്നു. കുരിശുപള്ളിക്കവലയിൽ മുനിസിപ്പൽ ചെയർപേഴ്സൺ ശ്രീമതി ബിജി ജോജോ, പാലാ സർക്കിൾ ഇൻസ്പെക്ടർ ഷാജി, ഡയറക്ടർ ഫാ. മാത്യു പുതിയിടത്ത്, പ്രൊഫ. കെ.പി. ജോസഫ്, സർവ്വോദയ മണ്ഡലം കോട്ടയം ജില്ലാ ഭാരവാഹി ശ്രീ. കെ.ജെ. എബ്രാഹം എന്നിവർ ഗാന്ധി ചിത്രത്തിൽ പുഷ്പാർച്ചന നടത്തി.

11 മണിക്ക് അഡാർട്ടിൽ ഫാ. മാത്യു പുതിയിടത്തിന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ച പൊതുയോഗം പാലാ ലൂമെൻ സിവിൽ സർവ്വീസ് ബൻണറ്റിട്ട്യൂട്ട് പ്രിൻസിപ്പൽ ഡോ. ജോസഫ് വെട്ടിക്കൾ ഉദ്ഘാടനം ചെയ്തു. പാലാ സെന്റ് തോമസ് റ്റി.റ്റി.ഐ പ്രിൻസിപ്പൽ എത്സി ജോസഫ്, സെന്റ് തോമസ് കോളേജ് ഓഫ് റ്റീച്ചർ എഡ്യൂക്കേഷൻ റ്റി.റ്റി.ഐ. പ്രിൻസിപ്പൽ തോമസ് എം.ജെ. എന്നിവർ ഗാന്ധിജി അനുസ്മരണ പ്രഭാഷണങ്ങൾ നടത്തി. കൗൺസിലർ ഷാജി കച്ചിറമറ്റം സ്വാഗതവും ഡിജോ ദാസ് കൃതജ്ഞതയും പറഞ്ഞു. കുട്ടികൾ ഗാന്ധിയൻ ദർസനങ്ങളുമായി ബന്ധപ്പെട്ട വിവിധ കാലാപരിപാടികൾ അവതരിപ്പിച്ചു. പങ്കെടുത്തവരുടെ നൂറോളം കുട്ടികൾക്കും എന്റെ ജീവിതകഥ എന്ന ഗാന്ധിജിയുടെ പുസ്തകം സമ്മാനമായി കൊടുത്തു.

**3. സംസ്ഥാനതല പ്രസംഗമത്സരം**

പ്ലസ്ടു, ഹൈസ്കൂൾ, യു.പി. കുട്ടികൾക്കായി അഡാർട്ട് നടത്തുന്ന ബോബിപോൾ മെമ്മോറിയൽ പ്രസംഗമത്സരവും ഫിലിപ്പ് മേരി ഫിലിപ്പ് കോലടി മെമ്മോറിയൽ പ്രസംഗമത്സരവും ഒക്ടോബർ 12-ാം തീയതി അഡാർട്ടിൽ വച്ച് നടത്തി. വിവിധ സ്കൂളുകളിൽ നിന്നായി 100 ഓളം കുട്ടികൾ പങ്കെടുത്തു.

**4. ഗാന്ധിദർശൻ - സ്കൂൾ സന്ദർശനം**

കാഞ്ഞിരമറ്റം, മണലുങ്കൽ, മഞ്ഞാമറ്റം, ചേർപ്പുങ്കൽ എന്നീ സ്കൂളുകൾ ഫാ. മാത്യു പുതിയിടത്തിന്റെ നേതൃത്വത്തിൽ ഗാന്ധിദർശൻ ക്വിസ് മത്സരവുമായി ബന്ധപ്പെട്ട് ഒക്ടോബർ 9-ാം തീയതി സന്ദർശിക്കുകയുണ്ടായി.

**5. ലഹരി വിമോചന ചികിത്സാക്യാമ്പ്**

ഒക്ടോബർ 15 മുതൽ 25 വരെ തൃശ്ശൂർ ജില്ലയിലെ വട്ടിക്കാട് ആത്മജ്യോതി ധ്യാനകേന്ദ്രത്തിൽ വച്ച് ലഹരിക്ക് അടിമകളായവർക്കുവേണ്ടി ഫ്രാൻസിസ്കൻ സിസ്റ്റേഴ്സിന്റെയും എം.എസ്.എഫ്.എസ് വൈദികരുടെയും സഹകരണത്തോടെ ചികിത്സാക്യാമ്പ് നടത്തുകയുണ്ടായി. 10 ദിവസത്തെ ക്യാമ്പിൽ 12 പേർ പങ്കെടുത്തു.

**6. ജയിൽദിനാഘോഷം**

കേരള സംസ്ഥാന ഗവൺമെന്റിന്റെ ജയിൽദിനാഘോഷത്തിന്റെ ഭാഗമായി ഒക്ടോബർ 15,16,18 തീയതികളിൽ ഫാ. മാത്യു പുതിയിടത്ത്, ഷാജി കച്ചിറമറ്റം, എൻ.എം. സെബാസ്റ്റ്യൻ എന്നിവർ ജയിൽ അന്തേവാസികൾക്ക് ക്ലാസ്സെടുത്തു.

**7. അഡാർട്ട് ക്ലബ് പ്രവർത്തന ഉദ്ഘാടനം**

ഇൻഫന്റ് ജീസസ് സ്കൂൾ കൂത്താട്ടുകുളം, സെന്റ് പോൾസ് എച്ച്.എസ്. മുത്തോലപുരം, സെന്റ് പീറ്റേഴ്സ് എച്ച്.എസ്. ഇലഞ്ഞി എന്നീ സ്കൂളുക

ളിലെ അഡാർട്ട് ക്ലബ് പ്രവർത്തന ഉദ്ഘാടനം ഒക്ടോബർ 17-ാം തീയതി ഫാ. മാത്യു പുതിയിടത്ത് നിർവ്വഹിച്ചു.

**8. ഗാന്ധിദർശൻ ക്വിസ് മത്സരം**

സ്കൂൾ ഗാന്ധിദർശൻ ക്വിസ് മത്സരം നവംബർ ഏഴാംതീയതി അതാത് സ്കൂളുകളിൽ വച്ച് നടത്തുന്നതാണ്. സ്കൂളുകളിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്നവർക്ക് അഡാർട്ടിൽ വച്ച് നവംബർ 30-ാം തീയതി മത്സരം നടത്തുന്നതായിരിക്കും.

**9. ജയിൽ മിനിസ്ട്രി**

ഒക്ടോബർ 12-ാം തീയതി പാലാ സബ് ജയിലിൽ പ്രാർത്ഥന ശുശ്രൂഷകൾക്ക് ഫാ. മാത്യു പുതിയിടത്ത് നേതൃത്വം നൽകി ഫാ. ജോൺ കൂറ്റാരപ്പള്ളിൽ സന്ദേശം നൽകി. പൂഞ്ഞാർ സെന്റ് മേരീസ് പള്ളിയിലെ യുവജനങ്ങൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. ഒക്ടോബർ 6-ാം തീയതി പാലായിലും, 19-ാം തീയതി മുട്ടം സബ്ജയിലിലും പ്രാർത്ഥനാ മീറ്റിംഗുകൾ നടത്തി.

ഒക്ടോബർ 26-ന് ഇടുക്കി ജില്ലാ സബ് ജയിലിൽ (മുട്ടം) ഫാ. മാത്യു പുതിയിടത്ത് പ്രാർത്ഥനാശുശ്രൂഷ നടത്തി. ഫാ. ജോൺ കൂറ്റാരപ്പള്ളിൽ സന്ദേശം നൽകി. പൂഞ്ഞാർ സെന്റ് മേരീസ് എസ്.എം.വൈ.എം. അംഗങ്ങൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

**10. സാരഥി**

സെപ്തംബർ 28-ാം തീയതി ഏലപ്പാറ കാറ്റാടിക്കവല സാരഥി യൂണിറ്റിന്റെ ഉദ്ഘാടനം ഫാ. മാത്യു പുതിയിടത്ത് നിർവ്വഹിച്ചു. സെപ്തംബർ 30-ന് പാലാക്കാട് ചെറുപുഷ്പം യൂണിറ്റിന്റെ മീറ്റിംഗിൽ ഫാ. മാത്യു പുതിയിടത്ത് പങ്കെടുത്ത് സന്ദേശം നൽകി.

ഒക്ടോബർ 6-ന് എസ്.എച്ച്. പാലാ പ്രൊവിൻസ് സംഘടിപ്പിച്ച സാരഥി സംഗമത്തിൽ ഫാ. മാത്യു പുതിയിടത്ത് സന്ദേശം നൽകി. ഒക്ടോബർ 13-ന് നീലൂർ സെന്റ് ജോസഫ്സ് സാരഥി യൂണിറ്റ് ഫാ. മാത്യു പുതിയിടത്ത് ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. യൂണിറ്റ് മീങ്ങിംഗിൽ ബഹു. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു.

**ഫാ. മാത്യു പുതിയിടത്ത്** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**1. ലോഗോസ് ക്വിസ്** - 2019

ലോഗോസ് ക്വിസ് 2019 ന്റെ ഫലം പ്രഖ്യാപിച്ചു. ഭംഗിയാക്കുവാൻ സഹായിച്ച എല്ലാവർക്കും നന്ദി.

**2. രൂപതാതല വിജയികൾ**

എ. വിഭാഗം

1. ഫ്ളാവിയ മരിയ സതീശ് പുത്തുപള്ളിൽ, കുടക്കച്ചിറ
2. ലിസ് റിയറിൻസ് കളപ്പുരയ്ക്കപറമ്പിൽ, പെരിങ്ങുളം
3. തോമസ് ജോൺ മുപ്പാത്തിയിൽ, കുറിഞ്ഞി

ബി.വിഭാഗം

1. ഐറിൻ അന്ന റെജി കണ്ടത്തിൽ, ലാളം ഓൾഡ്
2. ഡോണ റോസ് പരീപ്പിക്കുന്നേൽ, പാലാ
3. സുബിൻ ഷാജി മഠത്തിൽ, ഉള്ളനാട്

സി. വിഭാഗം

1. നിമ്മി സിജോ ചൂണ്ടിയാനിപ്പുറത്ത്, ചെമ്മലമറ്റം
2. ഡയാന ജോസ് കപ്പിയാൻങ്കൽ, മൂന്നിലവ്
3. ഡോൺ സാബു കുരിശുമൂട്ടിൽ, ചക്കാമ്പുഴ

ഡി. വിഭാഗം

1. ഡെയ്സി ജോർജ് കല്ലൂർ, വെള്ളികുളം
2. നൈസി തോമസ് തുങ്കുഴിയിൽ, ചെമ്മലമറ്റം
3. ബിനു ജോസഫ് വാക്കാത്തിൽപുത്തൻപുര, വാക്കാട്

ഇ വിഭാഗം

1. ബാബുപോൾ പെരിയപ്പുറം, ഭരണങ്ങാനം
2. റോസമ്മ ടോംസൺ നെടുങ്ങനാൽ, പെരിങ്ങുളം
3. ബിജി ഡാർലി വല്യാറസത്ത്, മാന്നാർ

എഫ്. വിഭാഗം

1. മേരി പോൾ പൂവത്തിങ്കൽ, മുത്തോലപുരം
2. ആനിയമ്മ ജോർജ് പറയരുതോട്ടം, പൂഞ്ഞാർ
3. പോൾ വർഗീസ് പൂവത്തിങ്കൾ, മുത്തോലപുരം

**3. ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ച ഇടവകകൾക്ക്**

| | | |
|---|---|---|
| എ. ഗാഗുൽത്ത | കാക്കൊമ്പ് | മംഗളാരാം |
| ബി. ജയ്ഗിരി | മൂന്നിലവ് | മണിയംകുന്ന് |
| സി. കടനാട് | മാൻവെട്ടം | കുറിച്ചിത്താനം |
| ഡി. കുറവിലങ്ങാട് | പാലാ | രാമപുരം |

**4. ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ച സെന്ററുകൾ**

1. MSCON ചേർപ്പുങ്കൽ,
2. SMS ജനറലേറ്റ് പാലാ,
3. MMCഅരുണാപുരം

വിജയികൾക്ക് അഭിനന്ദനങ്ങൾ.. സമ്മാനങ്ങൾ വിതരണം ചെയ്യുന്ന തീയതി പിന്നീട് അറിയിക്കുന്നതാണ്.

**5. ലോഗോസ് ഫാമിലി**

ഫൊറോനാതലത്തിൽ മത്സരിക്കുന്നവരുടെ പേരും എണ്ണവും 2019 നവംബർ 1-ന് മുമ്പായി രൂപതാ ഓഫീസിൽ അറിയിക്കണം. മത്സരത്തിനു വരുമ്പോൾ നിർദ്ദിഷ്ട ഫോം (ഫോം വെബ്സൈറ്റിൽ ലഭ്യമാണ്). മുഴുവൻ പൂരിപ്പിച്ച് വികാരിയച്ചന്റെ ഒപ്പോടെ ഏല്പിക്കേണ്ടതാണ്.

NB :ഫോം പൂരിപ്പിച്ച് കൊണ്ടുവരാത്തവരെയും ഓൺലൈൻ രജിസ്ട്രേഷൻ നടത്താത്തവരെയും മത്സരത്തിൽ പങ്കെടുപ്പിക്കുന്നതല്ല.

**6. പരീക്ഷാകേന്ദ്രങ്ങളും അവ ഉൾപ്പെടുന്ന ഫൊറോനകളും**

1. അരുവിത്തുറ : അരുവിത്തുറ, പൂഞ്ഞാർ, തീക്കോയി, കൂട്ടിക്കൽ

2. കുറവിലങ്ങാട് : കടുത്തുരുത്തി, കോതനല്ലൂർ, കുറവിലങ്ങാട്, മുട്ടുചിറ
3. പാലാ : ഭരണങ്ങാനം, ചേർപ്പുങ്കൽ, പാലാ പ്രവിത്താനം
4. രാമപുരം : ഇലഞ്ഞി, കടനാട്, രാമപുരം
5. തുടങ്ങനാട് : മൂലമറ്റം, തുടങ്ങനാട്

ലോഗോസ് ഫാമിലി ഫൊറോനാതല മത്സരം 2019 നവംബർ 17-ാം തീയതി ഉച്ചകഴിഞ്ഞ് 2 മുതൽ 4 മണി വരെയാണ്.

ഫൊറോനാതല മത്സരങ്ങൾക്ക് വ്യക്തിപരമായി ഉത്തരമെഴുതാനുള്ളതും കുടുംബാംഗങ്ങൾ ഒന്നിച്ച് ആലോചിച്ച് ഉത്തരമെഴുതാനുള്ളതുമായ ചോദ്യങ്ങൾ ഉണ്ടായിരിക്കും.

**7. പുതിയ ബൈബിൾ കോഴ്സ് ആരംഭിക്കുന്നു.**

രൂപതാ ബൈബിൾ അപ്പസ്തോലേറ്റിന്റെ ആഭിമുഖ്യത്തിൽ ഏകവർഷ/ദ്വിവർഷ ബൈബിൾ കോഴ്സുകൾ 2020 ജനുവരി 11-ന് ആരംഭിക്കുന്നു.

ക്ലാസുകൾ : എല്ലാ രണ്ടാം ശനിയാഴ്ചകളിലും രാവിലെ 10 മുതൽ 3.30 വരെ

സ്ഥലം : അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ

ഏകവർഷം : 12 ക്ലാസുകൾ

അടിസ്ഥാന യോഗ്യത : ഏതെങ്കിലും ബൈബിൾ കോഴ്സ് പാസായിരിക്കണം.

വിഷയം : പഴയനിയമത്തിലെ ചരിത്ര പുസ്തകങ്ങൾ

ഫീസ് : രജിസ്ട്രേഷൻ 100 രൂപ
കോഴ്സ് ഫീസ് 900 രൂപ

കോഴ്സിന് പങ്കെടുക്കാൻ താല്പര്യമുള്ളവർ 2019 ഡിസംബർ 31-ന് മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. www.bibleapostalatepalai.org

**8. ബൈബിൾ കോഴ്സുകൾ**

പാലാ രൂപത ബൈബിൾ അപ്പസ്തോലേറ്റിന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്നു. ഏകവർഷ/ദ്വിവർഷ കോഴ്സുകൾ 2019 ഒക്ടോബർ 8,12 തീയതികളിൽ അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടന്നു. അടുത്ത ക്ലാസ് നവംബർ 9-ന് നടക്കും.

**9. ലോഗോസ് സംസ്ഥാന മത്സരം**

ലോഗോസ് സംസ്ഥാന മത്സരം 2019 നവംബർ 10-ാം തീയതി കോഴിക്കോട്, ആലുവ, കൊല്ലം എന്നീ സ്ഥലങ്ങളിൽ വച്ച് നടക്കും. ഉച്ചകഴിഞ്ഞ് രണ്ടു മുതൽ മൂന്നുവരെയാണ് മത്സരം. ഓരോ കാറ്റഗറിയിലുംപെട്ട ആദ്യ മൂന്ന് റാങ്കുകാരാണ് സംസ്ഥാന മത്സരത്തിൽ പങ്കെടുക്കുന്നത്.

**10. സംസ്ഥാനതലത്തിൽ ആദരം**

സംസ്ഥാന തലത്തിൽ ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ചതിന് നമ്മുടെ രൂപതയ്ക്ക് മൂന്നാംസ്ഥാനം ലഭിച്ചു. സഹകരിച്ച എല്ലാവർക്കും പ്രത്യേകം നന്ദി. ഇടവകകളുടെ വിഭാഗത്തിൽ സംസ്ഥാനത്ത് കുറവിലങ്ങാട് ഇടവകയ്ക്കാണ് ഒന്നാംസ്ഥാനം. പ്രത്യേകം അഭിനന്ദനങ്ങൾ.

**11. അഖണ്ഡ ബൈബിൾ പാരായണം**

ദൈവ വചന മാസാചരണ ഉദ്ഘാടനവും ബൈബിൾ എക്സിബിഷനും

2019 നവംബർ 30–ഡിസം 1, പാലാ കത്തീഡ്രൽ പള്ളിയിൽ നടത്തപ്പെടുന്നു. കെസിബിസി ബൈബിൾ കമ്മീഷന്റെയും ബൈബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിലുള്ള ബൈബിൾ പാരായണ മാസാചരണത്തിന്റെ സംസ്ഥാന തല ഔദ്യോഗിക ഉദ്ഘാടനം നവംബർ 30 മുതൽ ഡിസംബർ 1 തീയതികളിലായി പാലാ കത്തീഡ്രൽ പഴയ പള്ളിയിൽ നടത്തപ്പെടുന്നു. പാലാ രൂപത അധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവിന്റെ ആമുഖ സന്ദേശത്തിനു ശേഷം അഭിവന്ദ്യ പിതാവ് ദൈവവചനപരായണം ആരംഭിക്കുന്നു.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനി** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

**1. ഉപവാസമദ്ധ്യസ്ഥ പ്രാർത്ഥന കത്തീഡ്രലിൽ**

ഈ മാസം 4,11,18,25 തീയതികളിൽ പാലാ കത്തീഡ്രലിൽ വച്ച് രാവിലെ 9 മണി മുതൽ 3 വരെ ഉപവാസമധ്യസ്ഥപ്രാർത്ഥന നടത്തി. റവ.ഫാ. ജെയിംസ് പനച്ചിക്കൽകരോട്ട്, ഫാ. ജോമോൻ കൈപ്പുഴക്കുന്നേൽ വി.സി, ഫാ. റ്റിജോ കൊച്ചു തറയിൽ വി.സി., ബ്രദർ തങ്കച്ചൻ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഇവാഞ്ചലൈ സേഷൻ ടീമംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നൽകി.

**2. സെൽപ്രാർത്ഥന ഷാലോമിൽ**

ഈ മാസം 7,14,21,28 തീയതികളിൽ പാലാ ഷാലോമിൽവച്ച് വൈകുന്നേരം 4 മുതൽ 5.30 വരെ സെൽപ്രാർത്ഥന നടത്തി. രൂപത ഇവാഞ്ചലൈസേഷന്റെയും കരിസ്മാറ്റിക്സിന്റെയും വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥം വഹിച്ച് പ്രാർത്ഥിച്ചു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ജയിംസ് മാറാട്ടുകുളം, തങ്കച്ചൻ ശ്രാമ്പിക്കൽ, റ്റോമി മരുതോലി തുടങ്ങിയവർ നേതൃത്വം നൽകി.

**3. മദ്ധ്യസ്ഥപ്രാർത്ഥന ഷാലോമിൽ**

ഈ മാസം 1,2,3,7,6,9,10,14,15,16 തീയതികളിൽ ഷാലോമിൽ വച്ച് രാവിലെ 10 മണി മുതൽ 3 വരെ ഉപവാസമദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. രൂപതയുടെ വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടിയും സഭയ്ക്കുവേണ്ടിയും ഇവാഞ്ചലൈസേഷന്റെ വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടിയും പ്രത്യേകം മാദ്ധ്യസ്ഥം വഹിച്ചു പ്രാർത്ഥിച്ചു. മോനിക്കുട്ടി മാങ്കാലായിൽ, ചാക്കോ ചെട്ടമാട്ടേൽ, മേരിക്കുട്ടി പാറയിൽ, തോമസ് നിരപ്പിൽ തുടങ്ങിയവർ നേതൃത്വം നൽകി.

# 37–ാമത് ബൈബിൾ കൺവെൻഷൻ

**കൺവെൻഷൻ മാദ്ധ്യസ്ഥപ്രാർത്ഥന പാലാ ലീജിയൻ ഹോമിൽ**

ഈ വർഷത്തെ കൺവെൻഷന്റെ വിജയത്തിനായുള്ള മദ്ധ്യസ്ഥ പ്രാർത്ഥന 17–ാം തീയതി വ്യാഴാഴ്ച 10 മണി മുതൽ ആരംഭിച്ചു. കൺവെൻഷന്റെ വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥം വഹിച്ച് പ്രാർത്ഥിക്കുവാൻ ആരം

ഭിച്ചു. അന്നേദിവസം 45 പേർ സംബന്ധിച്ചു. ഒക്ടോബർ 17–ാം തീയതി മുതൽ ഡിസംബർ 17–ാം തീയതി വരെ 2 മാസത്തേയ്ക്കാണ് പ്രാർത്ഥന നടത്തുന്നത്. എല്ലാവരും കമ്പസരിച്ചു

**ഫുഡ് കമ്മിറ്റി**

ഒക്ടോബർ 8–ാം തീയതി ചൊവ്വാഴ്ച 3 മണി മുതൽ 4 വരെ ഷാലോമിൽ വച്ച് ഫുഡ് കമ്മിറ്റി കൂടി. ഡയറക്ടറച്ചൻ ഫാ. വിൻസെന്റ് മൂങ്ങാമാക്കലച്ചന്റെ അദ്ധ്യക്ഷതയിൽകൂടി ഈ വർഷത്തെ കൺവെൻഷന്റെ വോളന്റിയേഴ്സിന്റെ ഫുഡിന്റെ കാര്യം ചർച്ച ചെയ്തു തീരുമാനിച്ചു. കുട്ടിച്ചൻ ഇലവുങ്കൽ, തോമസ് നിരപ്പിൽ, സിബിച്ചൻ പുരയിടം, തങ്കച്ചൻ ശ്രാമ്പിക്കൽ തുടങ്ങിയവർ നേതൃത്വം വഹിച്ചു.

**വോളന്റിയേഴ്സ് കമ്മിറ്റി**

ഒക്ടോബർ 9–ാം തീയതി ബുധനാഴ്ച 3 മണി മുതൽ 4 വരെ ഫാ. കുര്യൻ മറ്റത്തിലച്ചന്റെ അദ്ധ്യക്ഷതയിൽ വോളന്റിയേഴ്സ് കമ്മിറ്റി കൂടി 37–ാമത് കൺവെൻഷന്റെ വോളന്റിയേഴ്സിന്റെ വിവിധ കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനിച്ചു. ഡയറക്ടർ ഫാ.വിൻസെന്റ്, സാബു കോഴിക്കോട്ട്, ബാബു തട്ടാംപറമ്പിൽ, സെബാസ്റ്റ്യൻ ഐക്കര, തങ്കച്ചൻ ശ്രാമ്പിക്കൽ തുടങ്ങിയവർ സംബന്ധിച്ചു.

**പബ്ലിസിറ്റി കമ്മിറ്റി**

ഒക്ടോബർ 10–ാം തീയതി വ്യാഴാഴ്ച 3 മണി മുതൽ 4 വരെ ഷാലോമിൽ വച്ച് 37–ാമത് കൺവെൻഷന്റെ പബ്ലിസിറ്റി കമ്മിറ്റി ഫാ. സ്കറിയ വേകത്താനത്തിന്റെ അദ്ധ്യക്ഷതയിൽ കൂടി 37–ാമത് കൺവെൻഷന്റെ പബ്ലിസിറ്റിയുടെ കാര്യം ചർച്ച ചെയ്ത് തീരുമാനിച്ചു. പുറത്തുനിന്ന് പരസ്യം സ്വീകരിച്ച് ദീപികയിൽ സപ്ലിമെന്റ് ഇറക്കുവാനും തീരുമാനമായി. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ. തോമസ് തയ്യിൽ, തോമസ് ആന്റണി കുന്നുംപുറം, ജോർജുകുട്ടി ഞാവള്ളിൽ, തങ്കച്ചൻ ശ്രാമ്പിക്കൽ തുടങ്ങിയവർ സംബന്ധിച്ചു.

**വാട്ടർ മിനിസ്ട്രി**

ഒക്ടോബർ 11–ാം തീയതി വെള്ളിയാഴ്ച 3 മണി മുതൽ 4 വരെ ഫാ. വിൻസെന്റ് മൂങ്ങാമാക്കലച്ചന്റെ അദ്ധ്യക്ഷതയിൽ വാട്ടർ മിനിസ്ട്രി കൂടുകയുണ്ടായി. 37–ാമത് കൺവെൻഷനിലും ത്യാഗം സഹിച്ച് വരുന്നവർക്കെല്ലാം ചൂടുവെള്ളം കൊടുക്കുവാനും തീരുമാനിച്ചു. ശ്രീ. ബേബിച്ചൻ വാഴചാരിക്കൽ, അപ്പച്ചൻ ആപ്പേശ്ശേരിൽ തങ്കച്ചൻ ശ്രാമ്പിക്കൽ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

**അക്കോമഡേഷൻ കമ്മിറ്റി**

ഒക്ടോബർ 14–ാം തീയതി തിങ്കളാഴ്ച 3 മണി മുതൽ 4 വരെ ഷാലോമിൽ വച്ച് ഫാ. വിൻസെന്റ് മൂങ്ങാമാക്കലച്ചന്റെ അദ്ധ്യക്ഷതയിൽ അക്കമഡേഷൻ കമ്മിറ്റി കൂടുകയുണ്ടായി. ഈ വർഷം വരുന്ന ടീമംഗങ്ങൾക്കു പുറത്തുനിന്നുവരുന്നവർക്കും താമസിക്കുവാൻ താമസസൗകര്യം ഏർപ്പെടുത്തുവാനും തീരുമാനിച്ചു. അതിനായി പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടും മാതൃഭവനും അസ്സീസി ധ്യാനകേന്ദ്രവും ബുക്കിംഗ് നടത്തുവാനും പ്ലാൻ ചെയ്തു. പി.പി. തോമസ്, രാജൻ തൈപ്പ

റമ്പിൽ, ജോണി കുറ്റിയാനി, തങ്കച്ചൻ ശ്രാമ്പിക്കൽ തുടങ്ങിയവർ സംബന്ധിച്ചു.

**വോളണ്ടിയേഴ്സ് - ഒരുക്കധ്യാനം**

37-ാമത് പാലാ രൂപത ബൈബിൾ കൺവെൻഷന്റെ വോളണ്ടിയേഴ്സിന്റെ ഒരുക്കധ്യാനം ഡിസംബർ 7-ാം തീയതി ശനിയാഴ്ച പാലാ കത്തീഡ്രൽ ദൈവാലയത്തിൽ രാവിലെ 9 മുതൽ ഉച്ചതിരിഞ്ഞ് 3 മണി വരെ നടക്കുന്നതാണ്.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. വചനദീപ്തിധ്യാനം**

പാലാക്കാട് ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ ഒക്ടോബർ 4-ാം തീയതി വ്യാഴാഴ്ചയും മീനച്ചിൽ സെന്റ് ആന്റണീസ് ദൈവാലയത്തിൽ ഒക്ടോബർ 11-ാം തീയതി വെള്ളിയാഴ്ചയും തുടർധ്യാനം നടത്തപ്പെട്ടു. പാലാക്കാട് ദൈവാലയത്തിൽ ബ്രദർ തൊമ്മച്ചൻ എളുപ്പത്തിനാലും മീനിച്ചിൽ ദൈവാലയത്തിൽ റവ.ഫാ. റെജി മുട്ടത്തിൽ ഒ.എസ്.എച്ച്. ഉം വചനശുശ്രൂഷയും ആരാധനയും നയിച്ചു.

**2. ഇടവക തലത്തിൽ വചനശുശ്രൂഷയും ആരാധനയും**

നമ്മുടെ രൂപതയിലെ വിവിധ ഇടവകകളിൽ ഇടവകവികാരിമാർ ആവശ്യപ്പെടുന്നതനുസരിച്ച് വചനശുശ്രൂഷയും ആരാധനയും കരിസ്മാറ്റിക് ടീം അംഗങ്ങളുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. ഒക്ടോബർ 11-ാം തീയതി വെള്ളിയാഴ്ച അന്ത്യാളം ഇടവകയിൽ ബ്രദർ ടോമി ആട്ടപ്പാട്ടും 13-ാം തീയതി ശനിയാഴ്ച ഇടപ്പാടി സെന്റ് സെബാസ്റ്റ്യൻ ദൈവാലയത്തിലും രാമപുരം സബ് സോൺ രണ്ടാം ശനിയാഴ്ച പ്രോഗ്രാമിലും ബ്രദർ സജി പാലായും വചനശുശ്രൂഷയ്ക്കും ആരാധനയ്ക്കും നേതൃത്വം നൽകി.

**3. കരിസ്മാറ്റിക് ദിനവും മിനിസ്ട്രി കൂട്ടായ്മയും**

എല്ലാ മാസാദ്യ ശനിയാഴ്ചകളിലും തുടർന്നുവരുന്ന കരിസ്മാറ്റിക് നേതൃത്വത്തിലുള്ളവരുടെ സംഗമവും മിനിസ്ട്രികളുടെ കൂട്ടായ്മയും ഒക്ടോബർ 5-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ 3 വരെ ഷാലോം പാസ്റ്ററൽ സെന്ററിൽ നടന്നു. ബ്രദർ പോൾസൺ അതിരംമ്പുഴ വചനശുശ്രൂഷ നയിച്ചു. സോണൽ ഡയറക്ടർ റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ സേവന സമിതിയംഗങ്ങളും അരുവിക്കര സബ് സോൺ സേവനസമിതി അംഗങ്ങളും ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**4. സേവനസമിതി സമ്മേളനം**

സോണൽ സേവനസമിതി സമ്മേളനം ഒക്ടോബർ 9-ാം തീയതി ബുധനാഴ്ച 10 മുതൽ 1 മണി വരെ ഷാലോം പാസ്റ്ററൾ സെന്ററിൽ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

**5. വരദാന മദ്ധ്യസ്ഥപ്രാർത്ഥന – ഫൊറോന തലത്തിൽ**

വരദാന മദ്ധ്യസ്ഥപ്രാർത്ഥനയുടെ ഫൊറോനാതല ശുശ്രൂഷകൾ സോണൽ സേവനസമിതിയുടെ നേതൃത്വത്തിൽ മുട്ടുചിറ, കുറവിലങ്ങാട്, ഇലഞ്ഞി, രാമപുരം, തീക്കോയി, പൂഞ്ഞാർ, കടനാട്, അരുവിക്കര, പ്രവിത്താനം, മൂലമറ്റം, കൂട്ടിക്കൽ എന്നീ ഫൊറോനകൾ കേന്ദ്രീകരിച്ച് നടത്തപ്പെട്ടു. സബ്സോൺ സേവന സമിതി അംഗങ്ങളും ഇടവകതല പ്രാർത്ഥനഗ്രൂപ്പ് അംഗങ്ങളും പങ്കെടുത്തു.

**6. ഹിന്ദി കൂട്ടായ്മ**

സോണൽ സേവന സമിതിയുടെ നേതൃത്വത്തിൽ നമ്മുടെയിടയിൽ അധിവസിക്കുന്ന അന്യഭാഷാ സംസാരിക്കുന്നവർ യേശുവിനെ കൂടുതൽ അറിയുവാനും മനസ്സിലാക്കുവാനുമായി ജൂലൈ മാസം ആരംഭം കുറിച്ച ഹിന്ദിയിലുള്ള വചനശുശ്രൂഷയും സൗഖ്യ പ്രാർത്ഥന ശുശ്രൂഷയും ഒക്ടോബർ മാസത്തിലെ എല്ലാ ഞായറാഴ്ചകളിലും പാലാ സെന്റ് തോമസ് എച്ച്.എസ്. ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. ഒക്ടോബർ 6-ാം തീയതി ശ്രീമതി റോസമ്മ പൊടിമറ്റവും 13-ാം തീയതി ഫാ. ലിജോ വടക്കെമുറി എം.എസ്.റ്റി.യും 20-ാം തീയതി ഫാ. ജോയി വള്ളിയാംതടത്തിൽ 27-ാം തീയതി ഫാ. ജിമ്മി വടക്കൻ ജഗദൽപുർമിഷൻ നയിച്ചു.

റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ റവ.ഫാ. കുര്യൻ മറ്റം എന്നിവർ ആത്മീയ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി നയിച്ചു. സണ്ണി പള്ളിവാതുക്കൽ ജോർജുകുട്ടി ഞാവള്ളിൽ, മാത്യുക്കുട്ടി താന്നിയ്ക്കൽ ബ്രദർ ജോർജ് കുറ്റനാൽ, തോമസ് മുള്ളമട എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. കുമ്പസാരിക്കുവാനുള്ള സൗകര്യം നൽകിവരുന്നു. നമ്മുടെ ഇടവകകളിൽ അധിവസിക്കുന്ന അന്യഭാഷ സംസാരിക്കുന്ന സ്ത്രീകളെയും പുരുഷന്മാരെയും ഈ സത്വാർത്ത അറിയിക്കുമല്ലോ.

**7. ജീസസ് ഏയ്ഞ്ചൽസ് ഹോളി അപ്പ് ഫോർമേഷൻ**

നമ്മുടെ രൂപതയിലെ വിവിധ ഇടവകകളിലെ കുട്ടികളെ ക്രൈസ്തവ വിശ്വാസത്തിൽ കൂടുതൽ ആഴപ്പെടുന്നതിനായി ഇടവകകൾ കേന്ദ്രീകരിച്ച് കുട്ടികൾക്കായി ഏകദിനവചനശുശ്രൂഷകൾ നടത്തിവരുന്നു. സെപ്തംബർ, ഒക്ടോബർ മാസത്തിൽ പാദുവാ, പൂഞ്ഞാർ, നരിയങ്ങാനം, തോടനാൽ, കുറിഞ്ഞി, രാമപുരം എന്നീ സ്ഥലങ്ങളിൽ നടത്തപ്പെട്ടു. റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, സി. സ്റ്റാർലറ്റ്, സുനി മരിയാമോൾ, ലിൻസി കുരിശുംമൂട്ടിൽ, ബയാജോ ജറ്റ് എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**8. അസാധാരണ മിഷൻ പ്രേഷിത മാസാചരണവും അഖണ്ഡജപമാലയും**

2019 ഒക്ടോബർ അസാധാരണ പ്രേഷിത മാസമായി പരി.ഫ്രാൻസിസ് മാർപ്പാപ്പയുടെ പ്രഖ്യാപനവും ജപമാല മാസാചരണവും പ്രമാണിച്ച് ആഗോള കത്തോലിക്കാസഭയ്ക്ക് വേണ്ടിയും ഭാരത ജനതയുടെ സഹോദര്യത്തിനു ക്ഷേമത്തിനും വേണ്ടിയും പ്രതിസന്ധികൾ നിറഞ്ഞ ലോകത്തിൽ സഭയ്ക്കും സമൂഹത്തിനും ആത്മീയ ശക്തിപകരാൻ ദൈവതിരുമുമ്പിൽ പരി. അമ്മയുടെ മാദ്ധ്യസ്ഥം തേടി രൂപതയിലെ 17 ഫൊറോനകൾ കേന്ദ്രീകരിച്ച് അഖണ്ഡജപ

മാല നടത്തപ്പെട്ടു. ഒക്ടോബർ 1-ാം തീയതി രാവിലെ 6.30 ന് പൂഞ്ഞാർ ഫൊറോനപള്ളിയിൽ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ വി. ബലി അർപ്പിച്ച് ഈ പ്രാർത്ഥന ശുശ്രൂഷകൾക്ക് തുടക്കം കുറിച്ചു. 23-ാം തീയതി ളാലം സെന്റ് മേരീസ് പള്ളിയിൽ സമാപനശുശ്രൂഷകളും നടത്തപ്പെട്ടു. റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, റവ.ഫാ. തോമസ് മണ്ണൂർ, ഫാ. ജോൺസൺ പുള്ളിറ്റ്, ഫാ. മൈക്കിൾ വടക്കേക്കര, ഫാ. ജോൺസൺ പാക്കരമ്പേൽ സോണൽ സേവനസമിതി അംഗങ്ങൾ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**9. രാത്രി ആരാധന**

രൂപതാ സേവനസമിതിയുടെ നേതൃത്വത്തിൽ മാസവസാന ശനിയാഴ്ചകളിൽ ഭരണങ്ങാനം വിശുദ്ധ അൽഫോൻസാ തീർത്ഥാടന ദൈവാലയത്തിൽ വച്ച് നടന്നുവരുന്ന രാത്രി ആരാധന ഒക്ടോബർ 26-ാം തീയതി ശനിയാഴ്ച 7 മണിക്ക് വി. കുർബാനയോടുകൂടി ആരംഭിച്ചു. 27-ാം തീയതി വെളുപ്പിന് 4 മണിക്ക് വി. കുർബാനയോടുകൂടി അവസാനിപ്പിച്ചു. റവ.ഫാ. റെജി മുട്ടത്തിൽ ഒ.എസ്.എച്ച്. വചനശുശ്രൂഷയും ആരാധനയും നയിച്ചു. റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, കരിസ്മാറ്റിക് ടീം അംഗങ്ങൾ എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**10. സബ്സോൺ പുനഃസംഘടന**

കേരള കാത്തലിക് കരിസ്മാറ്റിക് സർവ്വീസ് ടീം നിർദ്ദേശപ്രകാരം നമ്മുടെ രൂപതയിലെ ഫൊറോനാ കേന്ദ്രീകരിച്ചുള്ള 18 സബ്സോൺ പുനസംഘടന നടന്നുകഴിഞ്ഞു. 2020-22 വർഷങ്ങളിലെ സേവനസമിതി അംഗങ്ങളാണ് ഇവർ. 2 വർഷത്തെ എല്ലാവിധ നവീകരണപ്രവർത്തനവും പ്രാർത്ഥനയോടെ ഇവർ നേതൃത്വം നൽകും.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടർ)**

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

സെപ്റ്റംബർ ഇരുപത്തെട്ടാം തിയതി ശനിയാഴ്ച രാവിലെ 8.30 മുതൽ 2.30 വരെ ഡയറക്ടർ ഫാ. തോമസ് വാഴചാരിയ്ക്കൽ, അസി. ഡയറക്ടർ ഫാ. ജോർജ് തെരുവിൽ എന്നിവരുടെ നേതൃത്വത്തിൽ ഏകദിന ദൈവരാജ്യാനുഭവ ശുശ്രൂഷ നടത്തപ്പെട്ടു. ഒക്ടോബർ പതിമൂന്നാം തിയതി മുതൽ പത്തൊൻപതാം തിയതി വരെ നടത്തപ്പെട്ട ദൈവരാജ്യാനുഭവധ്യാനത്തിൽ ഡയറക്ടർ, അസി. ഡയറക്ടർ എന്നിവർക്കൊപ്പം, ഫാ. ജോർജ് വയലിൽകളപ്പുര CMI, ഫാ. സെബാസ്റ്റ്യൻ തോട്ടുങ്കൽ OFM Cap, ഫാ. ജസ്റ്റിൻ മേപ്പുറത്ത് HGN, ഫാ. ജോസഫ് തെരുവിൽ, ഫാ. ജോസ് പുരയിടത്തുമാട്ടേൽ, ഫാ. ചെറിയാൻ മൂലയിൽ, ഫാ. മാത്യു പിണക്കാട്ട്, ഫാ. മാത്യു കുരിശുംമൂട്ടിൽ, അഡ്വ. സെബി ചെറിയാൻ വിലങ്ങുപാറ, സി. റോസിലി കുറിച്ച്യാപറമ്പിൽ ASI, സണ്ണി മാന്നാത്ത്, ജോസ് ടോം കാടൻകാവിൽ, ബിനി കല്ലൂർ, മനോജ് വാഗമൺ എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. മൗണ്ട് നെബോയിൽ അടുത്ത ദൈവരാജ്യാനുഭവധ്യാ

നങ്ങൾ നവംബർ പത്ത് മുതൽ പതിനാറ് വരെയും, ഡിസംബർ പതിമൂന്ന് മുതൽ പത്തൊൻപത് വരെയും. ബുക്കിംഗിന്: 9847472522, 9747252227, 9447488624.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)
**ഫാ. ജോർജ് തെരുവിൽ** (അസി. ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായ സഭ

**ശതോത്തര സുവർണ്ണ ജൂബിലി ക്വിസ് മത്സരം**

ഫ്രാൻസിസ്കൻ അല്മായ സഭ ശതോത്തര സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് 2019 ഒക്ടോബർ 2-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് ഭരണങ്ങാനം അസ്സീസി ധ്യാനമന്ദിരത്തിൽ വച്ച് ക്വിസ് മത്സരം നടത്തപ്പെട്ടു. ക്വിസ് മത്സരത്തിൽ പെരിങ്ങുളം, മുട്ടുചിറ, മരങ്ങുപിള്ളി എന്നീ യൂണിറ്റുകൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് അർഹരായി.

**രൂപത വാർഷികവും തിരുനാളും**

ഫ്രാൻസിസ്കൻ അൽമായ സഭ രൂപത വാർഷികവും വി. ഫ്രാൻസിസ് അസ്സിസിയുടെ തിരുനാളും 2019 ഒക്ടോബർ 12-ാം തീയതി ശനിയാഴ്ച ഭരണങ്ങാനം അസ്സീസി ധ്യാനമന്ദിരത്തിൽവച്ച് സമുചിതമായി ആഘോഷിച്ചു. രൂപത പ്രസിഡന്റ് ബ്രദർ സോജൻ മാത്യു കോയിക്കൽ വാരപ്പറമ്പിലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ ബ്രദർ ഇ.കെ. ജോസഫ് എഴുത്തുപുരയ്ക്കൽ പയ്യന്നൂർ (Doctorate in SFO) മുഖ്യപ്രഭാഷണം നടത്തി. ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയവർക്ക് പി.എം. ചിന്നമ്മ ടീച്ചർ പുഴകംകണ്ടത്തിൽ (കടപ്ലാമറ്റം) മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും രണ്ടാം സ്ഥാനം നേടിയവർക്ക് ജോസഫ് കുര്യൻ കോരംകുഴയ്ക്കൽ (മരങ്ങാട്ടുപിള്ളി) മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും മൂന്നാംസ്ഥാനം നേടിയവർക്ക് ത്രേസ്യാമ്മ ജോസഫ് ഐക്കര (തിടനാട്) മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും സമ്മേളനത്തിൽ വച്ച് സമ്മാനിച്ചു. വിവിധ യൂണിറ്റുകളിൽനിന്നും സമർപ്പിച്ച അപേക്ഷകൾ പരിഗണിച്ച് അർഹരായവർക്ക് ജീവകാരുണ്യധനസഹായം വിവാഹധനസഹായം എന്നിവയുടെ വിതരണവും സമ്മേളനത്തിൽ വച്ച് നടത്തി. രൂപത സ്പിരിച്ചൽ അസിസ്റ്റന്റ് റവ.ഫാ. ആന്റണി വെച്ചൂർ OFM Cap, സി. റോസമ്മ ജോസ് വല്ലനാട്ട്, ബ്രദർ ടോമി മാത്യു കളപ്പുരയ്ക്കൽ, ബ്രദർ റോഷിൻ തോമസ് തോപ്പിൽ, സി. റ്റിസി രാജു കടലംകാട്ട് എന്നിവർ പ്രസംഗിച്ചു.

**മാഹി തീർത്ഥാടനം**

ഫ്രാൻസിസ്കൻ അൽമായ സഭ പാലാ രൂപത സമിതിയുടെ നേതൃത്വത്തിൽ ഈ മാസം ഒക്ടോബർ 14-ാം തീയതി ഭരണങ്ങാനം അസ്സീസി ആശ്രമത്തിൽനിന്നും പുറപ്പെടുന്നവിധത്തിൽ മാഹി വി. അമ്മത്രേസ്യായുടെ സവിധത്തിലേക്ക് തീർത്ഥാടനം സംഘടിപ്പിച്ചു.

**ഫാ. ആന്റണി വെച്ചൂർ** OFM Cap (ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. ഡിഎഫ്സി നേതൃസംഗമം കോട്ടയത്ത്**

ദീപിക ഫ്രണ്ട്സ് ക്ലബ് സംസ്ഥാനസമിതിയുടെ ആഭിമുഖ്യത്തിൽ കോട്ടയം ദീപിക ഓഫീസിൽ നേതൃസംഗമം നടത്തി. ദീപിക എം.ഡി റവ.ഫാ. മാത്യു ചന്ദ്രൻകുന്നേൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. റവ.ഫാ. റോയി കണ്ണഞ്ചിറ ആമുഖപ്രഭാഷണം നടത്തി. ദീപിക ചീഫ് എഡിറ്റർ റവ.ഫാ. ബോബി മണ്ണംപ്ലാക്കൽ, റവ.ഫാ. റെജി മനയ്ക്കലേട്ട്, റവ.ഫാ. ജിനോ പുനമറ്റത്തിൽ തുടങ്ങിയവർ പ്രസംഗിച്ചു. വിവിധ രൂപതകളിലെ ഡിഎഫ്സി പ്രതിനിധികൾ മീറ്റിംഗിൽ പങ്കെടുത്തു.

**2. സൗജന്യ മെഡിക്കൽ ക്യാമ്പ് ചൂണ്ടച്ചേരി**

ചുണ്ടച്ചേരി ഇടവകയിൽ ഡിഎഫ്സിയുടെ നേതൃത്വത്തിൽ വിവിധ സംഘടനകളുടെ സഹകരണത്തോടെ സൗജന്യ മെഡിക്കൽ ക്യാമ്പും രക്തഗ്രൂപ്പു നിർണ്ണയവും നടത്തി. ഉള്ളനാട് സാമൂഹ്യരോഗ്യ കേന്ദ്രത്തിന്റെയും ഐ.എച്ച് എം. ഹോസ്പിറ്റൽ ഭരണങ്ങാനത്തിന്റെയും സഹകരണത്തോടെ നടത്തിയ ക്യാമ്പിൽ വികാരി ഫാ. ജെയിംസ് പൊരുന്നോലിൽ, ടോമി തുരുത്തിക്കര, മാത്തുകുട്ടി വാളിപ്ലാക്കൽ, ഡിനോ ഏഴോലിൽ തുടങ്ങിയവർ ക്യാമ്പിന് നേതൃത്വം നൽകി.

**3. ചേർപ്പുങ്കൽ മെഡിസിറ്റി സന്ദർശിച്ചു.**

ദീപിക ഫ്രണ്ട്സ് ക്ലബ് പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ ചേർപ്പുങ്കൽ സെഡിസിറ്റി സന്ദർശിച്ചു. ആശുപത്രി എം.ഡി. മോൺ. അബ്രാഹം കൊല്ലിത്താനത്തുമലയിൽ മുഖ്യപ്രഭാഷണം നടത്തി. ആശുപത്രി ഡയറക്ടർ ഡോ. ലിസ്സി ആശുപത്രിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു. ഫാ. സ്കറിയ വേകത്താനം, ഡിഎഫ്സി ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നൽകി.

**4. ദീപിക നമ്മുടെ ഭാഷാപദ്ധതി – തിടനാട് ഗവ. സ്കൂൾ**

തിടനാട് ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ ദീപിക നമ്മുടെ ഭാഷാ പദ്ധതിയുടെ ഉദ്ഘാടനം ഹെഡ്മിസ്ട്രസ് ജയശ്രീക്ക് പത്രത്തിന്റെ കോപ്പി നൽകി. തിടനാട് സർവ്വീസ് സഹകരണബാങ്ക് പ്രസിഡന്റ് സെബാസ്റ്റ്യൻ വിളയാനി നിർവ്വഹിച്ചു. ബാങ്ക് സെക്രട്ടറി ലത സോജൻ ആലയ്ക്കാപ്പള്ളി, ആലീസ് പാറയടിയിൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**5. ദീപിക നമ്മുടെ ഭാഷാപദ്ധതി –കുര്യനാട്**

കുര്യനാട് പാവയ്ക്കൽ ഗവൺമെന്റ് എൽ.പി.സ്കൂളിൽ ദീപിക നമ്മുടെ ഭാഷാപദ്ധതിയുടെ ഉദ്ഘാടനം ഹെഡ്മിസ്ട്രസ് ഗീതാംബികയ്ക്കു പത്രത്തിന്റെ കോപ്പി നൽകി മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആൻസമ്മ സാബു നിർവ്വഹിച്ചു. പ്രൊഫ. കെ.വി. ജോസഫ്, മേരിക്കുട്ടി അഗസ്റ്റിൻ, ആൻസി ജോസ്, മോളമ്മ ജേക്കബ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**6. ദീപിക നമ്മുടെ ഭാഷാ പദ്ധതി – പ്ലാശനാൽ സെന്റ് ആന്റണീസ് സ്കൂളിൽ**

പ്ലാശനാൽ സെന്റ് ആന്റണീസ് ഹയർ സെക്കണ്ടറി സ്കൂളിൽ ദീപിക നമ്മുടെ ഭാഷാപദ്ധതി തലപ്പലം സർവ്വീസ് സഹകരണബാങ്ക് പ്രസിഡന്റ് അഡ്വ. സജി ജോസഫ് സ്കൂൾ മാനേജർ റവ.ഫാ. ജോസഫ് പാതാമ്പുഴയ്ക്ക് പത്രത്തിന്റെ കോപ്പി നൽകി ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് സെലീനാമ്മ തോമസ്, പ്രിൻസിപ്പൽ ഷിബി ജോസഫ്, കെ.ആർ. സുനിൽകുമാർ, സജി താളനാനി, പി.ടി.എ. പ്രസിഡന്റ് ജോണി തോമസ് തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**7. മാധ്യമസെമിനാർ – ഏഴാച്ചേരിയിൽ**

ഏഴാച്ചേരി ഇടവകയിൽ ഡിഎഫ്സിയുടെ നേതൃത്വത്തിൽ മാധ്യമസെമിനാർ സംഘടിപ്പിച്ചു. പ്രസിഡന്റ് തോമസ് സ്കറിയ ചെറുനിലം മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഫാ. സ്കറിയ വേകത്താനം സെമിനാർ നയിച്ചു. വികാരി റവ. ഫാ. ജോർജ് പാളിപ്പറമ്പിൽ, ടോമി തുരുത്തിക്കര, ബേബി തൈരംച്ചേരിൽ എന്നിവർ പ്രസംഗിച്ചു.

**8. ഡ്രീംലൈൻ വർക്ക് – ഏഴാച്ചേരിയിൽ**

ഇടവകയിൽ പത്രപ്രചാരണപരിപാടി നടത്തി. റവ.ഫാ. ജിനോ പുനമറ്റത്തിൽ മുഖ്യപ്രഭാഷണം നടത്തി. വികാരി റവ. ഫാ. ജോർജ് പള്ളിപ്പറമ്പിൽ, ഡിഎഫ്സി ഭാരവാഹികൾ പത്രപ്രചാരണപരിപാടികൾക്ക് നേതൃത്വം നൽകി.

**9. മാധ്യമ സെമിനാർ കുറിഞ്ഞിയിൽ**

ദീപിക ഫ്രണ്ട്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ ഇടവകയിൽ മാധ്യമസെമിനാർ നടത്തി. വികാരി റവ.ഫാ. സെബാസ്റ്റ്യൻ പുഴക്കര മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. റവ.ഫാ. ജിനോ പുനമറ്റത്തിൽ സെമിനാർ നയിച്ചു. ടോമി തുരുത്തിക്കര ആമുഖപ്രസംഗം നടത്തി.

**10. ഡ്രീംലൈൻ വർക്ക് – കുറിഞ്ഞിയിൽ**

കുറിഞ്ഞി ഇടവകയിൽ ഡ്രീംലൈൻ പ്രചാരണപരിപാടി നടത്തി. റവ. ഫാ. ജിനോ പുനമറ്റത്തിൽ മുഖ്യപ്രഭാഷണം നടത്തി.

**11. മാധ്യമ സെമിനാർ തുരുത്തിപ്പള്ളിയിൽ**

തുരുത്തിപ്പള്ളി ഇടവകയിൽ മാധ്യമസെമിനാർ നടത്തി. വികാരി റവ. ഫാ. ജോസ് കുന്നപ്പള്ളിൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഫാ. സ്കറിയ വേകത്താനം സെമിനാർ നയിച്ചു. ടോമി തുരുത്തിക്കര, സാലിമ്മ ജോളി അറയ്ക്കൽ എന്നിവർ പ്രസംഗിച്ചു. പുതിയ പുരുഷ-വനിതാ ഡിഎഫ്സി ഭാരവാഹികളെ തെരഞ്ഞെടുത്തു.

**12. ഡ്രീലൈൻ വർക്ക് തുരുത്തിപ്പള്ളിൽ**

ഇടവകയിൽ ദീപിക പത്രപ്രചാരണപരിപാടി നടത്തി. ഡിഎഫ്സി സംസ്ഥാന വൈസ് ഡയറക്ടർ റവ.ഫാ. ജിനോ പുന്നമറ്റത്തിൽ മുഖ്യപ്രഭാഷണം നടത്തി. ഡിഎഫ്സി ഭാരവാഹികൾ, പാരിഷ് കൗൺസിൽ അംഗങ്ങൾ എന്നിവ

രുടെ നേതൃത്വത്തിൽ ഭവനങ്ങൾ സന്ദർശിച്ച് പുതിയ ദീപിക വരിക്കാരെ ചേർത്തു.

**13. അനുശോചിച്ചു**

പിഴക് ഇടവകയിലെ ഡിഎഫ്സി പ്രസിഡന്റ് ജോയി മലയുടെ മാതാവ് ഏലിക്കുട്ടി ജോസഫിന്റെ നിര്യാണത്തിൽ ഡിഎഫ്സി രൂപതാനേതൃത്വം അനുശോചിച്ചു.

**ഫാ. സ്കറിയ വേകത്താനം** (കോർഡിനേറ്റർ)

# ഇൻഫാം

**1. എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഇൻഫാം പാലാ രൂപതാ എക്സിക്യൂട്ടീവ് കമ്മറ്റി ഷാലോം പാസ്റ്ററൽ സെന്ററിൽ ചേർന്നു. പുരയിടം, തോട്ടമായി വില്ലേജ് ഓഫീസിലെ റിക്കാർഡുകളിൽ രേഖപ്പെടുത്തിയ വിഷയത്തിൽ ഇൻഫാം, കർഷവേദി എന്നിവയുടെ ആഭിമുഖ്യത്തിൽ ഉാലം പാരിഷ് ഹാളിൽ നടത്തിയ യോഗത്തെപ്പറ്റി കമ്മറ്റി വിലയിരുത്തി. ഇതിന്റെ ബാക്കിപത്രമായി തുടർ യോഗങ്ങൾ നടത്തുന്നതിനും നിവേദനങ്ങൾ ഭരണാധികാരികൾക്ക് കൊടുക്കുന്നതിനും തീരുമാനിച്ചു. യോഗത്തിൽ ഇൻഫാം രൂപതാ ഡയറക്ടർ ഫാ. ജോസ് തറപ്പേൽ അദ്ധ്യക്ഷത വഹിച്ചു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. തോമസ് തയ്യിൽ, പ്രസിഡന്റ് മാത്യു മാമ്പറമ്പിൽ, സെക്രട്ടറി ബേബി പന്തപ്പിള്ളിൽ, ബെന്നി തുളുവനാനി, ജെയിംസ് താന്നിക്കൽ, സണ്ണി അരഞ്ഞാണി, ജോളി കുരിശുംമൂട്ടിൽ തുടങ്ങിയവർ പ്രസംഗിച്ചു.

**2. പി.എസ്.ഡബ്ല്യു.എസ്. - ഇൻഫാം സംയുക്തയോഗം**

ഇൻഫാം പി.എസ്.ഡബ്ല്യു.എസ്. സംയുക്തയോഗം ഷാലോം പാസ്റ്ററൽ സെന്ററിൽ ചേർന്നു. നവംബർ 27 മുതൽ പാലായിൽ നടക്കുന്ന കാർഷിക മേള വൻവിജയമാക്കി തീർക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് യോഗം വിശദമായി ചർച്ച ചെയ്തു. യോഗത്തിൽ ഇൻഫാം ഡയറക്ടർ ഫാ. ജോസ് തറപ്പേൽ അദ്ധ്യക്ഷത വഹിച്ചു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായിൽ മുഖ്യപ്രഭാഷണം നടത്തി. ഡാന്റീസ് കൂനാനിക്കൽ, ഇൻഫാം പ്രസിഡന്റ് മാത്യു മാമ്പറമ്പിൽ, സെക്രട്ടറി ബേബി പന്തപ്പിള്ളിൽ, പി.എസ്.ഡബ്ല്യു.എസ്. പ്രോഗ്രാം ഡയറക്ടർ പി.വി. വർഗീസ് തുടങ്ങിയവർ പ്രസംഗിച്ചു.

**3. തോട്ടം-പുരയിടം വിഷയം നിയമസഭയിൽ ഉന്നയിക്കും- എം.എൽ.എമാർ**

റിസർവേയിലെ അപാകതമൂലം കാഞ്ഞിരപ്പള്ളി, മീനച്ചിൽ താലൂക്കിലെ 13 വില്ലേജുകളിൽപ്പെട്ട നാല്പതിനായിരത്തിൽ അധികം വരുന്ന ചെറുതും വലുതുമായ ഭൂ ഉടമകൾ നേരിടുന്ന ഭൂപ്രശ്നങ്ങൾ നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കുമെന്ന് പ്രശ്നബാധിത മേഖലയിലെ എം.എൽ.എമാരായ മാണി സി. കാപ്പൻ, പി. സി. ജോർജ്, ഡോ. എൻ. ജയരാജ് എന്നിവർ ഇൻഫാമിന്റെയും കർഷവേദിയുടെയും നേതൃത്വത്തിൽ നടത്തിയ പൊതുചർച്ചയിലും കൂടിക്കാഴ്ചയിലും അറിയിച്ചു. പാറത്തോട് മലനാട് ഡവലപ്മെന്റ് സൊസൈറ്റിയിൽ നടന്ന പൊതുചർച്ചയിൽ ഇൻഫാം പാലാ കാർഷികജില്ലാ ഡയറക്ടർ ഫാ. ജോസ് തറപ്പേൽ അധ്യക്ഷത വഹിച്ചു.

കാർഷിക മേഖല നേരിടുന്ന വെല്ലുവിളികളെയും 'തോട്ടം-പുരയിടം' വിഷയത്തിലെ വിവിധ വൈഷമ്യങ്ങളെയും പറ്റി ഇൻഫാം സംസ്ഥാന ജോയിന്റെ ഡയറക്ടർ ഫാ. തോമസ് മറ്റമുണ്ടയിൽ ആമുഖപ്രഭാഷണം നടത്തി. മേഖലാ സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാർ (ആർസിഇപി) കേരളത്തിലെ കാർഷിക മേഖലയിൽ സൃഷ്ടിക്കുവാൻ പോകുന്ന പ്രത്യാഘാതങ്ങളെപ്പറ്റി ഇൻഫാം ദേശീയ സെക്രട്ടറി ജനറൽ വി.സി. സെബാസ്റ്റ്യൻ വിശദീകരിച്ചു. 'തോട്ടം-പുരയിടം' വിഷയത്തിൽ ജനങ്ങൾ നേരിടുന്ന വിവിധ പ്രതിസന്ധികളെയും പ്രശ്നങ്ങളേയും അതിന്  അധികാരികൾ സ്വീകരിക്കേണ്ട നടപടികളെയും പറ്റി തോട്ടം-പുരയിടം സംയുക്ത സമരസമിതിയുടെ ജനറൽ കൺവീനർ ജോജി വാളിപ്ലാക്കലും പുരയിടങ്ങൾ തോട്ടമായിമാറിയ സാഹചര്യത്തേയും നിലിവിലത്തെ റവന്യൂവകുപ്പിലെ രേഖ തിരുത്തുവാനുള്ള കാലതാമസത്തെയും തടസത്തെയും പറ്റി സമരസമിതി കൺവീനർ ടോമിച്ചൻ സ്കറിയ ഐക്കരയും വിഷയാവതരണം നടത്തി.

പുരയിടം തോട്ടമായി മാറിയ സാഹചര്യത്തിൽ ഭൂ ഉടമകൾ നേരിടുന്ന പ്രതിസന്ധിയുടെ വിവിധ വശങ്ങളും അത് പരിഹരിക്കുന്നതിനുവേണ്ടി സർക്കാരിന്റെ ഭാഗത്തുനിന്നു സ്വീകരിക്കേണ്ട നടപടികളും സംബന്ധിച്ച വിശദമായ നിവേദനം ഇൻഫാം കാഞ്ഞിരപ്പള്ളി, പാലാ കാർഷിക ജില്ലാ പ്രസിഡന്റുമാരായ എബ്രാഹം മാത്യു പന്തിരുവേലിൽ, മാത്യു മാമ്പറമ്പിൽ എന്നിവർ ചേർന്ന് എം.പിമാരായ ആന്റോ ആന്റണി, ജോസ് കെ.മാണി, തോമസ് ചാഴികാടൻ, എം.എൽ എ.മാരായ മാണി സി.കാപ്പൻ, പി.സി. ജോർജ്, ഡോ.എൻ. ജയരാജ് എന്നിവർക്ക് നൽകി. നിയമസഭാ സമ്മേളനത്തിൽ തോട്ടം-പുരയിടം പ്രശ്നം ചർച്ചയ്ക്കു വരുമ്പോൾ കർഷകർ അവകാശ സംരക്ഷണദിനമായി ആചരിക്കുമെന്നും തീരുമാനമായി.

ഭൂപരിഷ്കരണ നിയമത്തിലെ ഭേദഗതികൾ, വന്യമൃഗങ്ങളുടെ കടന്നാക്രമണം, കാർഷികോത്പന്നങ്ങളുടെ വിലയിടിവ്, കാലാവസ്ഥാവ്യതിയാനം തുടങ്ങി കർഷകരെ പ്രതികൂലമായി ബാധിക്കുന്ന കാര്യങ്ങൾ കർഷകപ്രതിനിധികളും ഇൻഫാമിന്റെയും കർഷകവേദിയുടെയും ഭാരവാഹികളും ജനപ്രതിനിധികളുടെ ശ്രദ്ധയിൽപ്പെടുത്തി. ഇൻഫാമിന്റെയും കർഷകവേദിയുടെയും കർഷക സമരങ്ങൾക്ക് ജനപ്രതിനിധികൾ പിന്തുണ അറിയിച്ചു.

ചർച്ചയിൽ ഇൻഫാം, കർഷകവേദി ഭാരവാഹികളായ ഫാ. ജിൻസ് കിഴക്കേൽ, ഫാ. പാപ്പച്ചൻ തുമ്പുങ്കൽ, ഫാ. തോമസ് മുണ്ടിയാനി, ഫാ സെബാസ്റ്റ്യൻ കിളിരൂപ്പറമ്പിൽ, സിബി നമ്പുടാകം, ഷാബോച്ചൻ മുളങ്ങാശേരി, ജോർജുകുട്ടി വെട്ടിക്കൽ, ജെയിസൺ ചെമ്പിളായിൽ, തോമസ് ഈറ്റത്തോട്ട് തുടങ്ങിയവർ പ്രസംഗിച്ചു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)
**ഫാ. സിറിൽ തയ്യിൽ** (അസി. ഡയറക്ടർ)



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## OCTOBER 2019

| | | |
|---|---|---|
| 1 -25 | | Ad-limina visit നടത്തി. 3-ാം തീയതി പരി. പിതാവിനെ കണ്ട് സംസാരിക്കുകയും തുടർന്ന് യൂറോപ്പിൽ ശുശ്രൂഷ ചെയ്യുന്ന പാലാ രൂപത വൈദികരെ സന്ദർശിക്കുകയും ചെയ്തു. |
| 25 | 2.30 pm | ജിയോവാലി ഇടവകയിൽ നിര്യാതനായ മാളിയേക്കൽ കുഞ്ഞേട്ടന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് ഭവനത്തിൽ നേതൃത്വം നൽകി. |
| 26 | 03.15 pm | അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് ഫാമിലി അപ്പസ്തലേറ്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച് ഫാമിലി ഫോർ ജീസസ് എന്ന പ്രോഗ്രാമിൽ സംബന്ധിച്ചു. |
| 27 | 10.00 am | കൂത്താട്ടുകുളം ഇടവക ദൈവാലയത്തിൽ സുറിയാനി കുർബാന അർപ്പിച്ചു. |
| 28 | 10.00 am | കിഴതടിയൂർ ഇടവക ദൈവാലയത്തിൽ സുറിയാനി കുർബാനയർപ്പിച്ചു. |
| 29 | 10.00 am | ചൂണ്ടച്ചേരിൽ വച്ച് നടന്ന പാലാ രൂപത പ്രേഷിത മാസാചരണ ഏകദിനസെമിനാറിൽ അദ്ധ്യക്ഷത വഹിച്ചു. |
| 30 | 05.00 pm | കത്തീഡ്രലിൽ ഹോം പാലാ പ്രോജക്ടുമായി ബന്ധപ്പെട്ട് പണിതീർത്ത 2 വീടുകൾ പ്രാർത്ഥിച്ച് ആശീർവദിച്ചു. |



# അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ ഡയറിയിൽനിന്ന്

## OCTOBER 2019

| | | |
|---|---|---|
| 1-8 | | റോമിൽ വച്ചു നടന്ന Ad Limina യിൽ സംബന്ധിച്ചു. |
| 9 | 06.15 am | മാര്യേജ് കോഴ്സിൽ വി. കുർബാനയർപ്പിച്ചു. |
| 10 | 07.00 pm | മാർ അപ്രേം സെമിനാരിയിൽ സായാഹ്ന പ്രാർത്ഥന യിൽ സംബന്ധിച്ചു. |
| 11 | 10-12.30 pm | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 07.00 pm | മൈനർ സെമിനാരിയിൽ സായാഹ്ന പ്രാർത്ഥനയിൽ സംബന്ധിച്ചു. |
| 12 | 10.00 am | കയ്യൂർ ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 11.00 am | പ്രവിത്താനം ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 02.30 pm | ഭരണങ്ങാനം പള്ളിയിൽ ഡി.എസ്.റ്റി. സ്ഥാപകപിതാ വിന്റെ ചരമദിനത്തിൽ പങ്കെടുത്ത് വി. കുർബാനയർപ്പി ച്ചു. |
| 13 | 02.30 pm | മോനിപ്പള്ളി ഇടവകയിൽ മേരി കുയിലമ്പാറയിലിന്റെ ഭവനത്തിൽ മൃതസംസ്കാരശുശ്രൂഷകർമ്മങ്ങൾ നട ത്തി. |
| | 04.00 pm | കടനാട് ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു. |
| | 06.30 pm | ളാലം പുത്തൻപള്ളി ഇടവകയിൽ കള്ളിക്കാട്ട് ഭവന ത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 15 | 04.00 pm | രാമപുരം ദൈവാലയത്തിൽ റാസ കുർബാനയർപ്പി ച്ചു. |
| | 07.00 pm | പ്രവിത്താനം ഇടവകയിൽ മഞ്ഞക്കുന്നേൽ തോമസ് മാണിയുടെ ഭവനത്തിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| 16 | 09.00 am | ചങ്ങനാശ്ശേരി കൂരാപ്പട മാർസ്ലീവാ ഇടവകയിൽ ജോസഫ് കൊച്ചുകരോട്ട് അച്ചന്റെ മൃതസംസ്കാരശു ശ്രൂഷയിൽ ഭവനത്തിൽ കാർമ്മികത്വം വഹിച്ചു. |

| | | |
|---|---|---|
| | 11.00 am | അരുവിത്തുറ ഇടവകയിൽ വിജയപുരം രൂപതയിൽ ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുന്ന പ്ലാത്തോട്ടത്തിലച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 03.00 pm | പൂവരണി ഇടവകയിൽ ഡോ. ഏലിക്കുട്ടിയുടെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 06.00 pm | സെന്റ് തോമസ് കോളേജിൽ മീറ്റിംഗിൽ പങ്കെടുത്തു. |
| 17 | 11.00 am | കരൂർ സി.എം.സി. സിസ്റ്റേഴ്സിന്റെ മഠത്തിൽ വി. കുർബാനയർപ്പിച്ചു. |
| 18 | 11.00 am | പി.ഒ.സി.യിൽ വച്ചു നടന്ന എസ്.സി./എസ്.റ്റി മീറ്റിംഗിൽ സംബന്ധിച്ചു. |
| 19 | 09.30 am | ചേർപ്പുങ്കലിൽ ഒരു സ്ഥാപനം വെഞ്ചരിച്ചു. |
| | 11.00 am | ഇലഞ്ഞി ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 04.00 pm | ചേറ്റുതോട് ഇടവകയിൽ ജോസഫ് കള്ളിവയലിന്റെ മൃതസംസ്കാരശുശ്രൂഷയിൽ ഭവനത്തിലെ കർമ്മങ്ങൾ നടത്തി. |
| | 06.00 pm | ഡി.സി.എം.എസ്. മീറ്റിംഗിൽ സംബന്ധിച്ചു. |
| 20 | 04.00 pm | സി. മേരി SABS ഓലപ്പുരയ്ക്കലിന്റെ വേർപാടിൽ കൂത്താട്ടുകുളം മഠം ചാപ്പലിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 06.00 pm | മൂഴൂർ വലിയകരോട്ട് മോളിക്കുട്ടിയുടെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 21 | 11.30 am | പ്രവിത്താനം ഔസേപ്പറമ്പിൽ മൈക്കിളച്ചന്റെ മാതാവിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 02.00 pm | ളാലം പഴയപള്ളി ഇടവക കയ്യാലയ്ക്കകത്ത് മറിയാമ്മയുടെ ഭവനത്തിൽ മൃതസംസ്കാരശുശ്രൂഷയ്ക്ക് മുഖ്യാകാർമ്മികത്വം വഹിച്ചു. |
| | 05.00 pm | വേഴങ്ങാനം ഇടവകയിൽ പുരയിടത്തിൽ ഔസേപ്പച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |

| | | |
|---|---|---|
| 22 | 10.00 am | കിഴതടിയൂർ ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| | 11.45 am | സെന്റ് തോമസ് സ്കൂളിൽ അഫീൽ ജോൺസനു വേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു. |
| 23 | 06.15 am | മ്യാരേജ് കോഴ്സിൽ വി. കുർബാനയർപ്പിച്ചു. |
| 24 | 07.00 pm | ഇലഞ്ഞി ഫൊറോനയിൽ അച്ചന്മാരുടെ മാസധ്യാനത്തിൽ പങ്കെടുത്തു. |
| 25 | 9-12.30 pm | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 26 | 06.15 am | അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് ഫാമിലി അപ്പസ്തോലേറ്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച കപ്പിൾസ് മീറ്റിംഗിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| | 11.00 am | കടനാട് ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 02.30 pm | പാലാ അൽഫോൻസ കോളേജ് പ്രിൻസിപ്പലിന്റെ ജൂബിലിയോടനുബന്ധിച്ച് ആനക്കല്ല് പള്ളിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| 27 | 10.30 am | മാന്നാനം സി.എം.ഐ ആശ്രമ സൺഡേസ്കൂളിന്റെ നവതിയാഘോഷത്തിൽ പങ്കെടുത്ത് സന്ദേശം നൽകി. |
| | 02.30 pm | ചെങ്ങനാശ്ശേരിയിൽ ഡി.സി.എം.എസിന്റെ മീറ്റിംഗിൽ പങ്കെടുത്തു. |
| | 04.30 pm | ചിറക്കടവ് പള്ളിയിൽ തിരുനാൾ കുർബാന അർപ്പിച്ച് സന്ദേശം നൽകി. |
| 28 | 10.30 am | കൂത്താട്ടുകുളം പള്ളിയിൽ വി. യൂദാശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| 29 | 10.00 am | ചൂണ്ടച്ചേരിയിൽ വച്ച് നടന്ന പാലാ രൂപതാ പ്രേഷിത മാസാചരണ ഏകദിന സെമിനാറിൽ പങ്കെടുത്ത് സന്ദേശം നൽകി. |



# Bishop's Engagements

## Mar Joseph Kallarangatt

### NOVEMBER 2019

| | | | |
|---|---|---|---|
| 1 | Fri | 10-12 noon | Visiting Time |
| 2 | Sat | 10.30 am | Teekoy : Holy Mass |
| 3 | Sun | 11.15 am | Moonnani : Parish Hall Blessing |
| 4 | Mon | | Engaged |
| 5 | Tue | 10-12 noon | Visiting Time |
| 6 | Wed | | Engaged |
| 7 | Thu | 03.00 pm | Bishop's House : Meeting |
| 8 | Fri | 10.00 am | Kakkanad : Meeting |
| 9 | Sat | 10.00 am | Bharananganam FCC : Vestition |
| 10 | Sun | | Engaged |
| 11 | Mon | 11.00 am | Aruvithura : Marriage |
| | | 06.00 pm | Bishop's Recollection |
| 12 | Tue | | Bishop's Recollection |
| | | | Thakkala : Mission Visit |
| 13-14 | | | Thakkala : Mission Visit |
| 15 | Fri | 09.30 am | Kakkanad : Meeting |
| 16 | Sat | 02.00 pm | Kuzhikkattussery : Canonization |
| 17 | Sun | 02.30 pm | Jaigiri Consecration |
| 18 | Mon | 03.00 pm | Muttuchira : Meeting |
| 19 | Tue | 10-12 noon | Visiting time |
| 20 | Wed | | Engaged |

| | | | |
|---|---|---|---|
| 21 | Thu | 02.30 pm | Moonnamthodu : Consecration |
| 22 | Fri | 10-12 noon | Visitiong Time |
| | | 03.00 pm | Bishop's House : ADCP Meeting |
| 23 | Sat | 10.00 am | Arunapuram  FCC Vestition |
| | | 03.30 pm | Cathedral : Meeting |
| 24 | Sun | 03.00 pm | Melukavumattom : Qurbana |
| 25 | Mon | | Engaged |
| 26 | Tue | 10.00 am | Changanassery : Inter Eparcial Meeting |
| 27 | Wed | 03.00 pm | PSWS Karshika mela : Inauguration |
| 28 | Thu | | Engaged |
| 29 | Fri | 10-12 noon | Visiting Time |
| 30 | Sat | | Engaged |



## Auxiliary Bishop's Engagements

# Mar Jacob Muricken

## NOVEMBER 2019

| | | | |
|---|---|---|---|
| 01 | Fri | 11.30 am | Janamithri Police : Meeting |
| 02 | Sat | 06.00 am | Minor Seminary : Rasa Qurbana |
| | | 11.00 am | Arunapuram : Marriage |
| 03 | Sun | | Arakulam New : Pastoral Visit |
| 04 | Mon | | Engaged |
| 05 | Tue | 12.00 noon | Kuravilangadu : Meeting |
| 06 | Wed | 06.15 am | Marriage Course : Qurbana |
| 07 | Thu | 09.30 am | Blessing |
| 08 | Fri | 05.30 pm | Mulakulam : Popular Mission |
| 09 | Sat | 11.00 am | Pravithanam : Marraige |
| | | 12.00 pm | Paika : Kudumbayogam Meeting |
| | | 03.00 pm | Trada : Meeting |
| | | 05.00 pm | Ramapuram : Mission League Meeting |
| 10 | Sun | | Elamthottam : Pastoral Visit |
| 11 | Mon | 09.15 am | Thellakam : Ordination |
| | | 06.30 pm | Muvattupuzha : Bishop's Retreat |
| 12-13 | | | Engaged |
| 14 | Thu | 04.30 pm | Monipally : House Blessing |
| 15 | Fri | | Engaged |
| 16 | Sat | 11.0 am | Kozhuvinal : Marriage |
| | | 02.0 pm | Kuzhikkattussery : Canonization |

| | | | |
|---|---|---|---|
| 17 | Sun | 12.00 pm | Lalam Old : Bethrothal |
| | | 02.30 pm | Jaigiri : Blessing |
| 18 | Mon | 11.00 am | Arunapuram : Marriage |
| | | 03.00 pm | Muttuchira Hospital : Meeting |
| 19 | Tue | | Engaged |
| 20 | Wed | 06.15 am | Marriage Course : Qurbana |
| 21 | Thu | | Engaged |
| 22 | Fri | 03.00 pm | Bishop's House : ADCP Meeting |
| 23 | Sat | 12.00 noon | Neeloor : Bethrothal |
| 24 | Sun | 07.00 am | Kavikunnu : Qurbana |
| | | 04.00 pm | Elanji : Qurbana |
| 25 | Mon | 11.00 am | Kanjirathanam : Marriage |
| 26 | Tue | | Changanassery : Inter Eparchial Meeting |
| 27 | Wed | 10.00 am | Kuravilangad : Meeting |
| 28 | Thu | | Engaged |
| 29 | Fri | 04.00 pm | Kottayam : Blessing |
| 30 | Sat | 09.30 am | ARS : Meeting |
| | | 11.15 am | Varianikad : Marriage |



ഫാമിലി അപ്പസ്തോലേറ്റിന്റെ നേതൃത്വത്തിൽ
അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചുനടന്ന ഫാമിലി ഫോർ ജീസസ് പ്രോഗ്രാമിൽ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് പങ്കെടുക്കുന്നു.




രാമപുരത്ത് വാ. കുഞ്ഞച്ചന്റെ തിരുനാളിനോടനുബന്ധിച്ച് ഡി.സി.എം.എസ്. സംഘടിപ്പിച്ച
പദയാത്ര അഭിവന്ദ്യ ജോസഫ് പള്ളിക്കാപ്പറമ്പിൽ പിതാവ് ഫ്ളാഗ്ഓഫ് ചെയ്യുന്നു.

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN



ആദ് ലിമീന സന്ദർശനത്തിന്റെ ഭാഗമായി അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവും
അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻപിതാവും പരിശുദ്ധ ഫ്രാൻസീസ് മാർപാപ്പയിൽനിന്നും
ആശീർവ്വാദം സ്വീകരിക്കുന്നു.



Printed at St. Thomas Press, Palai and Published by Fr. John Edettu